5. അന്ത്യപദത്തിന്നു മാററമില്ലെങ്കിൽ ബഹുവ്രീഹിൽ കപ്രത്യയം വികല്പമായ്വരും.

അദ്ധ്യയനം നിമിത്തമായ വാസം — അദ്ധ്യയനനിമിത്തകമായ വാസം.

6. ബഹുവ്രീഹിയുടെ അന്തത്തിലെ സ്ത്രീപ്രത്യയവും ഗോശബ്ദവും ഹ്രസ്വമാകും.

ചിത്രകളായ ഗോക്കളുള്ളവൻ — ചിത്രഗു; ലക്ഷ്മീ ആരുടെ ഭാൎയ്യയോ അവൻ ലക്ഷ്മീഭാൎയ്യൻ.

7. കപ്രത്യയം ചേരുമ്പോൾ സ്ത്രീപ്രത്യയമായ ആകാരം വികല്പമായി ഹ്രസ്വമാകും.

ലക്ഷ്മീഭാൎയ്യാകൻ — ലക്ഷ്മീഭാൎയ്യകൻ.

8. അവ്യയീഭാവത്തിൽ അന്ത്യമായ ദീൎഘം ഹ്രസ്വമാകും.

ഗംഗയുടെ സമീപം — ഉപഗംഗം.

9. പഥി (= പന്ഥാവു) സമാസാന്തത്തിൽ പഥം ആകും.

രാജപഥം, ധൎമ്മപഥം, 'സാഹിത്യപന്ഥാവു' തെററു തന്നെ.

10. പുരുഷാന്തരം, ദേശാന്തരം, ജന്മാന്തരം ഇത്യാദികളിൽ അന്തരശബ്ദത്തിന്നു് അന്യശബ്ദാൎത്ഥം. ഗ്രാമാന്തരം — അന്യമായ (മറെറാരു) ഗ്രാമം.

11. ബഹുവ്രീഹിയിലും കൎമ്മധാരയനിലും മഹൽ ശബ്ദം 'മഹാ' എന്നായിത്തീരും.

ബഹുവ്രീഹി — മഹത്തായ പരാക്രമമുള്ളവൻ — മഹാപരാക്രമൻ, മഹാബലൻ, മഹാധൈൎയ്യൻ.

കൎമ്മധാരയൻ — മഹാനായ . പുരുഷൻ = മഹാപുരുഷൻ, മഹതിയായ ദേവി = മഹാദേവീ, മഹത്തായ ബലം = മഹാബലം. മഹാലക്ഷ്മീ. മഹാബുദ്ധി.

12. മഹാന്റെ ശക്തി = മഹച്ഛക്തി; മഹാന്റെ ധനം — മഹദ്ധനം; എന്നിങ്ങിനെ തൽപുരുഷനിൽ 'മഹൽ'ശബ്ദത്തിന്നു സാമാനാധികരണ്യമില്ലാത്തതു കൊണ്ടു മഹാ എന്ന രൂപം വരികയില്ല.

13. ഭുജിപ്പാൻ കാമം (ഇച്ഛ) ഉള്ളവൻ — ഭോക്തുകാമൻ, ഭോക്തുമനാഃ (= ഭുജിപ്പാൻ മനസ്സുള്ളവൻ), വക്തുകാമൻ, ശ്രോതുകാമൻ, നേതുകാമൻ, വക്തുമനസ്സ്, ശ്രോതുമനസ്സ്, നേതുമനസ്സ്. തുമുനന്തത്തിന്റെ (സംസ്കൃതഭാവിക്രിയാന്യൂനത്തിന്റെ) മകാരം ലോപിച്ച ശേഷമുള്ള രൂപങ്ങളോടു കാമ, മനസ് എന്നീ പദങ്ങളെച്ചേൎത്തു ബഹുവ്രീഹിസമാസം ഉണ്ടാകും.

പരീക്ഷ 221—241.

I. 1. സമാസം, ഏകാൎത്ഥീഭാവം, ഐകപദ്യം, സാംബന്ധം ഇവയെ വിവരിച്ച് ഉദാഹരിക്കുക. 2. പൂൎവ്വപദം, ഉത്തരപദം, ഘടകപദം, സമസ്തപദം, വ്യസ്തപദം, വിഗ്രഹവാക്യം, ലുക്സമാസം, അലുക്സമാസം, ഇവയെ വിവരിച്ചുദാഹരിക്കുക. 3. പ്രാധാന്യപ്രകാരം സമാസങ്ങളെ വിഭാഗിക്കുക, ഓരോന്നിൽ പ്രാധാന്യം ഏതേതു പദങ്ങൾക്കെന്നു പറക. 4. ഷഷ്ഠീതൽപുരുഷൻ, തൃതീയാതൽപുരുഷൻ ഇവക്ക് ഓരോരോ ഉദാഹരണം പറക. 5. കൎമ്മധാരയൻ എന്തെന്നു വിവരിച്ചുദാഹരിക്കുക. 6. അതു തൽപുരുഷനിൽനിന്ന് എങ്ങിനെ ഭേദപ്പെടുന്നു എന്നു കാണിക്ക. 7. നിത്യസമാസമെന്നാൽ എന്തു? ഉദാഹരിക്കുക. 8. രൂപകസമാസം, ഉപമിതസമാസം ഇവയെ വിവരിച്ചുദാഹരിക്കുക. 9. സമാനാധികരണബഹുവ്രീഹി, വ്യധികരണബഹുവ്രീഹി ഇവയെ വിവരിച്ചുദാഹരിക്കുക. 10. മദ്ധ്യമപദലോപിസമാസം എന്തെന്നു വിവരിച്ചുദാഹരിക്കുക.

II. താഴെ ചേൎത്ത സമാസങ്ങളുടെ വിഗ്രഹവാക്യത്തെയും ജാതിയെയും പറക.

ബുദ്ധിസാമൎത്ഥ്യം, ഇത്ത്രിലോകത്തിങ്കൽ, ചാണക്യമഹീസുരൻ, കിളിമകൾ, ശുകകലമാലിക, ഗുരുനാഥൻ, തിങ്കൾതൻകലജാതനാകിയ നന്ദനൃപൻ, സജ്ജടഹീനം, മഹാവീരൻ, ശൂദ്രവംശം, തപോബലം, അൎഘ്യപാദ്യാദികൾ, കന്നൽനേർമിഴി, സുനന്ദാഖ്യതൻമേൽ, കമ്പിതശരീര, നാരിമാർകലരത്നം.

III. താഴെ ചേൎത്ത പദ്യങ്ങളിലെ സമാസങ്ങളെ എടുത്ത് അവയുടെ ജാതിയും ലക്ഷണവും പറഞ്ഞു വിഗ്രഹിക്കുക.

1. ശ്യാമളകോമളനായിടുന്ന നാരായണൻ—താമരസാക്ഷൻകഥ കേൾപ്പാനാഗ്രഹിച്ച ഞാൻ. 2. പൈദാഹാദികൾ തീൎത്തു വൈകാതെ പറയേണം കൈതവമൂൎത്തികൃഷ്ണൻതന്നുടെ കഥാമൃതം. 3. ഭാസ്കരരശ്മി പോലും പൂകാത്ത വനം പൂക്കാൻ. 4. വെണ്മതികലാഭരണനംബികഗണേശൻ നിൎമ്മലഗുണാകമല വിഷ്ണുഭഗവാനും നാന്മുഖനുമാദികവിമാതു ഗുരുഭൂതൻ നന്മകൾ വരുത്തുക നമുക്കു ഹരിരാമ. 5. നമസ്കരിച്ചീടിനാൻ സസോദരം. 6. പ്ലവഗകുലപതി വരുത്തും പെരുംപടജ്ജനത്തോടൊരുമിച്ചു രഘുനാഥൻ പടക്കു പുറപ്പെട്ടു സമുദ്രതടഭുവി വസിച്ചാനൊരു ദിനം ഹരിനമ്മോ. 7. ഭോജനശാലയും കാട്ടിക്കൊടുത്തഥ രാജപൌത്രൻ ഗൃഹത്തിനു പോയീടിനാൻ. 8. ശുകതരുണി സാദരം സുശീലഗുണഭാസുരം മഹിതനയദോഹനം സകലജനമോഹനം തവ മധുരഭാഷണം ഹൃദയസുഖപൂരണം സൎവ്വമോദാവഹം സൎവ്വശോകാപഹം.

൯. വൃഷ്ണിവംശമണിദീപമതാകും കൃഷ്ണനെത്തൊഴുതു ധൎമ്മതനൂജൻ ।
വിഷ്ണുഭക്തിപരമാദരവോടെ ധൃഷ്ണമേവമവദജ്ജയ ശൌരേ ॥

IV. താഴെ വരുന്ന വിഗ്രഹവാക്യങ്ങൾക്കു പകരം സമാസങ്ങളെപ്പറക.

മഹാന്റെ ധനം, മഹത്തായ ധനമുള്ള (പുരുഷൻ), മഹതിയായ ബുദ്ധിയുള്ള (രാജ്ഞി); വിശ്രുതമായ പരാക്രമമുള്ള (രാജാവു). ശക്തിക്കു ഒത്ത വണ്ണം; ദിവസന്തോറും; എല്ലാ വൎഷവും, ശങ്ക വെടിഞ്ഞു, ഭാൎയ്യയോടു കൂടിയ രാമൻ.

V. താഴെ വരുന്ന സമാസങ്ങളിലേ തെറ്റുകൾ കാണിക്ക.

ഭക്ഷണപാനങ്ങൾ, സൂൎയ്യതേജോപമൻ. മഹച്ഛക്തികൾ.

IV. സമാസാധികാരം.

B. ക്രിയാസമാസം.

1. ക്രിയാസമാസലക്ഷണം.

242. ഘടകപദങ്ങളെല്ലാം ക്രിയകളോ ചിലതു ക്രിയകളോ ആയി ഐകാൎത്ഥ്യവും ഐകപദ്യവും ഉള്ള പദപ്രയോഗമാകുന്നു ക്രിയാസമാസം.

ഘടകപദങ്ങളുടെ ജാതിയെ പ്രമാണമാക്കി ക്രിയാസമാസങ്ങളെ ആറായി വിഭജിക്കാം.

1. നാമവും ക്രിയയും ചേൎന്നു ക്രിയാപദമാവുക.

അടിവണങ്ങുക, കൈക്കൊൾക, കൈവിടുക, തുണനില്ക്ക, തൃക്കൺപാൎക്ക, അകപ്പെടുക, ഭയപ്പെടുക, ഗുണമാവുക, വട്ടംതിരിക്ക, വഴിതെറ്റുക, യാത്രയയക്ക, പട്ടിണികിടക്ക, വേളികഴിക്ക, കാലംവൈകുക. ദേവനെ അടിവണങ്ങും എന്ന വാക്യത്തിൽ ദേവനെ എന്ന ദ്വിതീയ വണങ്ങുന്നു എന്ന ക്രിയയുടെ കൎമ്മമാകയാൽ അടി എന്നതിന്റെ അന്വയം പറവാൻ ആവശ്യമായ ഇൽ എന്ന സപ്തമീപ്രത്യയം ലോപിച്ചിരിക്കയാലും അടിവണങ്ങും എന്ന പദയോഗം പിരിക്കാൻ പാടില്ലായ്കയാലും അതിനെ സമാസമായിട്ടു എടുക്കുന്നു.

2. നാമവും ശബ്ദന്യൂനവും ചേൎന്നു ബഹുവ്രീഹിയുടെയോ കൎമ്മധാരയന്റെയോ പൂൎവ്വപദമാകുക.

കൎമ്മധാരയൻ — തേനൊലുംവാണി, പാലൊത്തമൊഴി, മാലെത്തുംമനം, മട്ടോലുംമൊഴി.

ബഹുവ്രീഹി — പന്തൊത്തമുലയാൾ, വാളേലുംമിഴിയാൾ, കാർത്തൊഴ വേണിമാർ.

3. a. **ശബ്ദന്യൂനവും നാമവും ചേൎന്നു കൎമ്മധാരയസമാസം ഉണ്ടാകുക.**

പെററമ്മ, നടക്കുന്നവൻ, നടക്കുന്നവൾ, നടക്കുന്നതു, നടക്കുന്നവർ.

b. **ശബ്ദന്യൂനങ്ങളോട് ആറു (വഴി) ചേൎന്നുണ്ടാകുന്ന സമാസങ്ങൾ പ്രകാരം, കാലം, അഭിപ്രായം എന്നീ അൎത്ഥങ്ങളെ ക്രമത്തിൽ കാണിക്കും.**

വൎത്തമാനം — ചെയ്യുന്നവാറു. (പ്രകാരം).

ഭൂതം — ചെയ്യുവാറെ — ചെയ്യാറെ, കണ്ടാറെ, കേട്ടാറെ. (കാലം).

ഭാവി — തോന്നുമാറു, നടക്കുമാറു. (അഭിപ്രായം).

c. ഭൂതവൎത്തമാനങ്ങൾക്കു പ്രയോഗം കുറഞ്ഞുപോയിരിക്കുന്നു.

4. **ക്രിയാന്യൂനം ക്രിയയോടു ചേൎന്നു ക്രിയാപദമാകുക.**

രക്ഷിച്ചുകൊൾക, പറഞ്ഞുതുടങ്ങി, കഴിഞ്ഞുപോയി, കൊണ്ടാടുക, മുക്കിക്കളിപ്പിക്ക, തൊട്ടുകളിക്ക, വെട്ടിക്കൊല്ലുക, കാണിച്ചുകൊടുക്ക, വിളിച്ചുവരുത്തുക, ആക്കിത്തീൎക്ക.

5. **ക്രിയാനാമത്തോടു ക്രിയകൾ ചേൎന്നു ക്രിയകൾ ഉണ്ടാകുക.**

പറയാവുന്നു, കേൾക്കേണം, ചെയ്യപ്പെടുന്നു, സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

6. **ക്രിയാന്യൂനം നാമത്തോടു ചേൎന്നു നാമം ഉണ്ടാകുക.**

അടിച്ചുതളി, തീണ്ടിക്കുളി, തേച്ചുകുളി, പിടിച്ചുപറി, കേട്ടുകേൾവി, കെട്ടിയാട്ടം, വെട്ടിയടക്കം, കൂടിക്കാഴ്ച, തൊട്ടുകളിക്കാർ. തിരിച്ചറിവു, വറുത്തുപ്പേരി, പൊളിച്ചെഴുത്തു, നിരത്തുവഴി, പൊത്തിപ്പിടി, കെട്ടുകഥ, കെട്ടിവെപ്പു.

ഈവിധസമാസങ്ങൾ അനാദിസിദ്ധങ്ങളാകയാൽ ഇഷ്ടം പോലെ അവയെ നവീനമായി സൃഷ്ടിച്ചു കൂടാ. ഇവ ഭാഷാശൈലിയാകുന്നു (idiom).

2. പ്രയോഗപ്രകരണം.

243. വാക്യത്തിൽ ആദ്യയായിരിക്കുന്ന പ്രഥമെക്കു പ്രാധാന്യം ഉണ്ടു. ആദ്യ കൎത്താവായാൽ ക്രിയ കൎത്തരിപ്രയോഗത്തിലും അതു കൎമ്മമായാൽ ക്രിയ കൎമ്മണിപ്രയോഗ

ത്തിലും വരും. അതു കൊണ്ടു കൎത്താവിന്റെയോ കൎമ്മത്തിന്റെയോ പ്രാധാന്യം കാണിക്കുന്ന ക്രിയാരൂപമാകുന്ന പ്രയോഗം (ബാ 204).

244. 1. ഒന്നാം ക്രിയാനാമത്തോടു പെടുധാതുവിന്റെ രൂപങ്ങളെ ചേൎത്തു കൎമ്മണിപ്രയോഗം ഉണ്ടാക്കാം. കൎമ്മം, വ്യാപാരം എന്നിവയിൽ ഒന്നിന്നു പ്രാധാന്യം വിവക്ഷിക്കുമ്പോൾ കൎമ്മണിപ്രയോഗത്തെ ഉപയോഗിക്കാം. കൎത്താവു നിശ്ചയമില്ലെന്നു കാണിപ്പാൻ അതിനെ പ്രയോഗിച്ചാൽ വ്യാപാരത്തിന്നു പ്രാധാന്യം സിദ്ധിക്കും. ഈ പ്രയോഗം സകൎമ്മകക്രിയകൾക്കു മാത്രമേയുണ്ടാകയുള്ളൂ. (224. 4).

കൎത്തരിപ്രയോഗം.	കൎമ്മണിപ്രയോഗം.
ഈശ്വരനെ നാം ഭജിക്കുന്നു.	ഈശ്വരൻ നമ്മാൽ ഭജിക്കപ്പെടുന്നു.
കുട്ടികൾ സത്യം പറയുന്നു.	കുട്ടികളാൽ സത്യം പറയപ്പെടുന്നു.

2. കൎത്തരിപ്രയോഗത്തിൽ കൎത്താവു പ്രഥമയിലും കൎമ്മണിപ്രയോഗത്തിൽ തൃതീയയിലും വരും. കൎത്തരിപ്രയോഗത്തിലേ കൎമ്മം കൎമ്മണിപ്രയോഗത്തിൽ പ്രഥമയിൽ വരും.

3. കൎമ്മണിപ്രയോഗം ദ്രാവിഡഭാഷകളിലില്ലാത്തതും സംസ്കൃതഭാഷാരീതിയെ അനുകരിച്ചുണ്ടാക്കിയതും ആകയാൽ നിത്യവ്യവഹാരത്തിൽ ജനങ്ങൾ അതിനെ സാധാരണമായി ആശ്രയിക്കാതെ കൎത്തരിപ്രയോഗം തന്നെ അധികമായും ഉപയോഗിക്കും. മലയാളപദ്യത്തിലും ഈ പ്രയോഗത്തെ വളരെ ദുൎല്ലഭമായിട്ടേ ഉപയോഗിക്കാറുള്ളൂ. കൎമ്മണിപ്രയോഗത്തിന്റെ അൎത്ഥം അറിയിപ്പാൻ ഭാഷയിൽ പല മാൎഗ്ഗങ്ങളുമുണ്ടു.

4. പാത്രം പൊളിഞ്ഞുകിടക്കുന്നതു കണ്ടപ്പോൾ അതിനെ ഉടച്ചതാരെന്നു നിശ്ചയമില്ലെങ്കിൽ 'പാത്രം ഉടഞ്ഞു'വെന്നും ഉടച്ചതു രാമൻ എന്നു നിശ്ചയമുണ്ടെങ്കിൽ 'രാമൻ പാത്രം ഉടച്ചു'വെന്നും പറയുവാൻ കഴിയുന്നതു കൊണ്ടു 'പാത്രം ഉടക്കപ്പെട്ടു'വെന്നോ 'രാമനാൽ പാത്രം ഉടക്കപ്പെട്ടു'വെന്നോ പറയേണ്ടി വരാത്തതു കൊണ്ടു കൎമ്മണിപ്രയോഗം ഭാഷയിൽ ആവശ്യമായ്വരുന്നില്ല.

5. അടയുക, ഇടിയുക, തടിയുക, പൊടിയുക, പൊളിയുക മുതലായവ കൎമ്മകൎത്തൃക്രിയകൾ ആകുന്നു (145. 3). ഇവയിൽ നിന്നുണ്ടായ സകൎമ്മക്രിയകളെ കൎത്താവിന്നു പ്രാധാന്യമുണ്ടെന്നു കാണിപ്പാൻ ഇഷ്ടമുള്ള

ളിക്കിൽ ഉപയോഗിക്കും. ഈ സകർമ്മകക്രിയകളോടു പെട്ടു ചേൎത്തുണ്ടാക്കിയ കൎമ്മണിപ്രയോഗത്തെക്കാൾ കൎമ്മകൎത്തൃക്രിയകളെ ഉപയോഗിക്കുന്നതു നല്ലതു.

245. കൎമ്മണിപ്രയോഗത്തിന്റെ അൎത്ഥം കാണിപ്പാൻ ഭാഷയിലുള്ള മാൎഗ്ഗങ്ങൾ:—

1. സകൎമ്മകക്രിയകളുടെ ഭൂതക്രിയാന്യൂനത്തോടു പോക, ഇരിക്ക, നില്ക്ക, കിടക്ക മുതലായ അകൎമ്മകക്രിയകളെച്ചേൎത്തുണ്ടാക്കിയ ക്രിയാസമാസങ്ങളെ കൎമ്മണിപ്രയോഗത്തിന്റെ അൎത്ഥത്തിൽ ഉപയോഗിക്കാം.

അവൻ ഇടിവെട്ടിപ്പോയി. വസ്ത്രം കളഞ്ഞുപോയി. അവന്റെ മുതൽ കട്ടുപോയി. കളം തീണ്ടിപ്പോയി. താലവൃക്ഷം പൎവ്വതാഗ്രത്തിൽ സ്ഥാപിച്ചിരിക്കുന്നു. ഈ കഥ പുരാണങ്ങളിൽ എഴുതിക്കിടക്കുന്നു. വീടു പൂട്ടിക്കിടക്കുന്നു. താലവും നാട്ടി നിൽക്കുന്നു.

2. കൊള്ളുക, ചേരുക, തട്ടുക, പററുക, വരിക മുതലായ ക്രിയകൾ നാമങ്ങളോടു ചേൎന്നുണ്ടായ സമാസങ്ങൾ കൎമ്മണിപ്രയോഗത്തിന്റെ അൎത്ഥം കാണിക്കും.

നീ അടികൊള്ളും. ഏറിയ ആൾ ചേതം വന്നു. കച്ചവടത്തിൽ അനാവധി ധനം നഷ്ടം വന്നു.

3. തപ്രത്യയാന്തനിഷ്ഠകൾ സംസ്കൃതത്തിൽ കൎമ്മണിപ്രയോഗത്തിൽ ഉപയോഗിക്കുന്നതു കൊണ്ടു ഭാഷയിലും അതേ അൎത്ഥത്തിൽ ഉപയോഗിക്കാം. കൎമ്മത്തിന്നും നിഷ്ഠകൾക്കും ലിംഗവചനങ്ങളിൽ പൊരുത്തം ഉണ്ടാകും.

അധൎമ്മഭീരുക്കളാൽ സംപൂൎണ്ണമായ രാജ്യം. (കൎമ്മമായ രാജ്യം നപുംസകമാകയാൽ സംപൂൎണ്ണം എന്ന നിഷ്ഠയും നപുംസകം). കൃഷ്ണനാലവളിനം പാലിതരിവരെല്ലാം. വില്ലാളിയാൽ മുക്തമാമസ്ത്രം. പുരുഷനാൽ സഞ്ചിതം യശസ്സ്, ഇന്ദ്രനാൽ നിക്ഷിപ്തമായ ശസ്ത്രം. ഇരാവതി നിപുണികയാൽ അനുഗതയായി. ഭാരേണ സംതപ്തയായ ഭൂമിദേവി. പട്ടതരമമരരാൽ ഭരിതൻ. നന്നിതു മാൎഗ്ഗം നയശാലികളാൽ നിന്ദിതമല്ലിതു നന്ദിതമത്രേ.

4. സംസ്കൃതകൎമ്മണിപ്രയോഗത്തിലേ യമാനപ്രത്യയത്തിൽ അവസാനിക്കുന്ന വൎത്തമാനശബ്ദന്യൂനത്തേയും സ്യമാനപ്രത്യയത്തിൽ അവസാനിക്കുന്ന ഭാവിശബ്ദന്യൂന

ത്തേയും ഭാഷയിൽ പ്രയോഗിക്കും. കർമ്മത്തിന്നും ശബ്ദന്യൂനത്തിന്നും ലിംഗവചനങ്ങളിൽ പൊരുത്തം വേണം. (202. 4)

1. വേദപാരഗന്മാരാം ബഹ്വൃചമുഖ്യന്മാരാൽ പ്രേര്യമാണങ്ങളാകും സംഹിതാപദങ്ങൾ. 2. നിത്യം സംപൂജ്യമാനനാസ്സ്വനവാസികളാൽ. 3. നിന്നാൽ ഭോക്ഷ്യമാണയായ (ഭുജിക്കപ്പെടുവാൻ പോകുന്ന) മായ. 4. നീ കൌസല്യയാൽ പ്രാർത്ഥ്യമാനനായിട്ടു വസിക്കുന്നു. 5. പൌലോമിയാലും പൂജ്യമാനനായി. 6. പാല്യമാനോപി മാതാപിതാക്കന്മാരാൽ. ഇവയെ ഭാഷാരീതിയിൽ മാറ്റുക.

5. കൃത്യങ്ങൾ (204) കർമ്മണിക്രിയകളാകയാൽ അവയുടെ കർത്താവു ഭാഷയിൽ തൃതീയ, ചതുർത്ഥീ, ഷഷ്ഠി എന്നിവയിലും കർമ്മം പ്രഥമയിലും വരും. കർമ്മത്തിന്നും കൃത്യത്തിന്നും ലിംഗവചനത്തിൽ പൊരുത്തം ഉണ്ടാകും.

1. വേദ്യനല്ലാരാലുമെന്നാലും വേദാന്തവേദ്യൻ. 2. ദിവ്യന്മാരാലനുധ്യേയം (വസ്തു). 3. കർത്തവ്യം പലതുണ്ടു ഭവതാ ഭൂപതേ. 4. കർമ്മേന്ദ്രിയങ്ങളാൽ കർത്തവ്യമൊക്കവേ കർമ്മങ്ങൾ. 5. നിന്നാലസാദ്ധ്യമായില്ലൊരു കാര്യവും. 6. ജനങ്ങളാൽ പൂജ്യനായൊരു നീ. 7. അന്ത്യകാലത്തിങ്കൽ ഏതു മനുഷ്യനാൽ ചിന്ത്യമായൊന്നതു കർത്തവ്യമായതും. 8. സർവ്വലോകങ്ങളാലും നിന്ദ്യയായുള്ളവളും. 9. വാതപോതങ്ങളാലും സേവ്യമാശ്രമദേശം. 10. ശല്യകണ്ടാദികളാൽ സാദ്ധ്യമല്ല. 11. സർവ്വജന്തുക്കളാലുമവദ്ധ്യന്മാരായി. 12. നാലുണ്ടു രാജാവിനാൽ വർജ്ജ്യങ്ങൾ. 13. വൃദ്ധന്മാരവമന്തവ്യന്മാരല്ലൊരിക്കലും. ഇവയിലെ സംസ്കൃതകൃദന്തങ്ങൾ നീക്കി ഭാഷാരൂപങ്ങളെ പ്രയോഗിച്ചു മാറ്റുക.

6. കൃത്യങ്ങളുടെ അർത്ഥമുള്ള ഭാഷാപദങ്ങളേയും കർമ്മണിപ്രയോഗത്തിന്റെ അർത്ഥം കാണിപ്പാൻ ഉപയോഗിക്കാം.

1. ദോഷങ്ങളുപേക്ഷിക്കേണ്ടുന്നവ (= ഉപേക്ഷ്യങ്ങൾ) രാജാവിനാൽ. 2. ദൈവകല്പിതം തടുക്കാവതല്ലൊരുവനും (അനിവാര്യം). (204.)

7. സുകരം, ദുഷ്കരം, സുശകം, ദുസ്സാധം ഇത്യാദി ഖല്പ്രത്യയത്താൽ ജനിച്ച പദങ്ങളും കൃത്യങ്ങളെപ്പോലെ കർമ്മണിപ്രയോഗത്തിന്റെ കാര്യം നിർവ്വഹിക്കും. (208.) ഇതു് എനിക്കു ദുർഗ്രഹമാണു്. (ഖല് = അ).

3. പ്രകാരപ്രകരണം.

246. വ്യാപാരം കർത്താവിൻെറ ഇഷ്ടം പോലെ ഏതു വിധത്തിലും ചെയ്യാവുന്നതാകയാൽ അതിനെ നിവ്വഹിച്ച വിധം കാണിപ്പാൻ ക്രിയാവിശേഷണങ്ങളെ പ്രയോഗിക്കും (ബാ. 160). മെല്ലെ; പതുക്കെ, മുതലായവ പ്രകാരവാചകങ്ങളായ ക്രിയാവിശേഷണങ്ങളാകുന്നു. ഭാഷ പൂണ്ണാപൂണ്ണക്രിയകളുടെ രൂപങ്ങൾ കൊണ്ടു വ്യാപാരം നടന്ന വിധം ഗ്രഹിപ്പിക്കുന്നതാകുന്നു പ്രകാരം. ഇതു സംസ്കൃതവ്യാകരണത്തിൽ ഇല്ലാത്തതും ഇംഗ്ലീഷുവ്യാകരണത്തെ അനുകരിച്ചു ഭാഷയിൽ സ്വീകരിച്ചതുമായ ഒരു വിഷയമാകുന്നു. പ്രകാരം വിശേഷണങ്ങൾ ഒന്നും കൂടാതെ വ്യാപരം നടക്കുന്ന വിധം കാണിക്കുന്ന ക്രിയാരൂപമാകുന്നു.

1. ക്രിയക്കു നിർദ്ദേശകം, നിയോജകം, വിധായകം, അനുജ്ഞായകം എന്നു നാലു **പ്രകാരങ്ങൾ** ഉണ്ടു.

2. ദിക്കാലകാരണങ്ങളോടുള്ള സംബന്ധത്തെക്കാണിക്കുന്ന ക്രിയാരൂപങ്ങൾ **നിർദ്ദേശകപ്രകാരത്തിൽ** ചേരും. വസ്തുഗതമായ ജ്ഞാനം അറിവാനും അറിയിപ്പാനും ഉപയോഗിക്കുന്ന ചൊല്ലു, പ്രശ്നം എന്നീ വാക്യരൂപങ്ങളിലേ ക്രിയകളുടെ രൂപങ്ങൾ ഈ പ്രകാരത്തിൽ ചേരും. (ബാ. 15. 18).

'ഈശ്വരൻ ലോകങ്ങളെ സൃഷ്ടിച്ചു; മനുഷ്യരെ സംരക്ഷിക്കുന്നു; സജ്ജനങ്ങളെ അനുഗ്രഹിക്കും.' ഇവിടെയുള്ള ക്രിയകൾ വ്യാപാരം നടന്ന കാലത്തെ സൂചിപ്പിക്കുന്നതു കൊണ്ട് അവ നിർദ്ദേശകപ്രകാരത്തിലേ രൂപങ്ങൾ ആകുന്നു. ഇതു വരെ വിവരിച്ച ക്രിയാരൂപങ്ങൾ ഈ പ്രകാരത്തിൽ ചേന്നവയാകുന്നു.

247. 1. അപേക്ഷ, കല്പന, അനുവാദം മുതലായ അൎത്ഥങ്ങളെക്കാണിക്കുന്ന ക്രിയാരൂപത്തെ **നിയോജകപ്രകാരം** എന്നു പറയും.

2. നിയോജകപ്രകാരത്തിൽ ഉത്തമപുരുഷൻേറയും പ്രഥമപുരുഷൻേറയും രൂപങ്ങൾ ഉണ്ടാക്കുവാനായിട്ട് ഒന്നാം ക്രിയാനാമത്തോട് 'അട്ടെ'പ്രത്യയം ചേക്കും. ഈ വക വചനം നിമിത്തം രൂപഭേദമില്ല.

പറയട്ടെ, കേൾക്കട്ടെ, നില്ക്കട്ടെ, ആകട്ടെ, ഇരിക്കട്ടെ, പോകട്ടെ, വരട്ടെ.

3. മദ്ധ്യമപുരുഷൻെറ ഏകവചനത്തിൽ ക്രിയാപ്രകൃതിയോ വെറും ധാതുവോ നിയോജകപ്രകാരത്തിൽ വരും. വ്യഞ്ജനാന്തധാതുക്കളിൽ ഉച്ചാരണാൎത്ഥം സംവൃതം ചേരും.

പ്രകൃതി — ചെയ്യു, വിളിക്കു, നില്ക്കു, കൊല്ലുക, വരിക, ഇരിക്ക.
ധാതു. — ചെയ്യ്, വിളി, നില്ല്, കൊല്ല്, വാ, ഇരി.
ചെന്നറി, വന്നറി, കണ്ടറി, കേട്ടറി.

4. മദ്ധ്യമപുരുഷൻെറ ബഹുവചനത്തിൽ പ്രകൃതിയോടും ചിലപ്പോൾ ധാതുവിനോടും ഇൻപ്രത്യയം ചേരും.

വിളിക്കു + ഇൻ (വകാരാഗമത്താൽ) വിളിക്കുവിൻ; (സംവൃതലോപത്താൽ) വിളിക്കിൻ, ചെയ്യുവിൻ, ചെയ്യിൻ, ചെയ്യിൻ; ഇരിക്കിൻ, നില്ക്കിൻ.

നിയോജകപ്രകാരത്തിലെ മദ്ധ്യമപുരുഷൻെറ രൂപങ്ങൾക്കു വിധിയെന്നും ശേഷം രൂപങ്ങൾക്കു നിമന്ത്രണമെന്നും വ്യാകരണാന്തരത്തിൽ പേരുണ്ടു. (ബാ. 116.)

നമ്മെ ധൎമ്മാചരിക്കുന്നതിൽ പ്രോത്സാഹിപ്പിക്കുന്ന നിയോഗം (ആജ്ഞ) ആകുന്നു വിധി എന്നു ചില മീമാംസകർ പറയും. 'നീ പാഠം പഠിക്ക' എന്ന ഗുൎവ്വാജ്ഞ അനുസരിച്ചു ശിഷ്യൻ പ്രവൃത്തിക്കുന്നതു കൊണ്ടു ഗുരുനിയോഗം പ്രവൎത്തനയാകുന്നു. ഹേതുക്രിയയും പ്രവൎത്തനയെക്കാണിക്കുന്നതു കൊണ്ട് ഇവ തമ്മിലുള്ള ഭേദം അറിഞ്ഞിരിക്കേണം. നിയോജകപ്രകാരം കൎത്താവിൻെറ ഇഷ്ടമറിയിക്കുന്നതിൽ പൎയ്യവസാനിക്കുന്നു. പ്രയോജ്യപ്രയോജകർ എന്ന രണ്ടു കൎത്താക്കളുള്ള ഹേതുക്രിയ പ്രയോജ്യൻെറ വ്യാപാരത്തിന്ന് അനുകൂലമായി പ്രയോജകൻ പ്രവൃത്തിക്കുന്നു എന്നും സൂചിപ്പിക്കുന്നതു കൊണ്ടു ഹേതുക്രിയ നിയോജകപ്രകാരത്തിൽ നിന്നു വ്യത്യാസപ്പെടുന്നു. (149.)

സംസ്കൃതത്തിൽ ലോട്ടിന്നും വിധിലിങ്ങിന്നും വിധി, നിമന്ത്രണം, ആമന്ത്രണം, അധീഷ്ടം, സംപ്രശ്നം, പ്രാൎത്ഥന എന്നീ ആറൎത്ഥങ്ങൾ ഉണ്ടു. (a) ഭൃത്യാദിനികൃഷ്ടരെ പ്രവൃത്തിപ്പിക്കുന്ന പ്രേരണ വിധി. ബാലവൃക്ഷങ്ങളെ നനക്ക. (b) ചെയ്യാതെയിരിപ്പാൻ നിവൃത്തിയില്ലാത്തതു നിമന്ത്രണം. പുത്രനെ എട്ടാം വയസ്സിൽ ഉപനയിക്ക. പത്തിന്നു മുമ്പായി കന്യാദാനം ചെയ്ക. (c) ഇഷ്ടം പോലെ ചെയ്യാവുന്ന കാമാചാരാനുജ്ഞ തന്നെ ആമന്ത്രണം. രാത്രിഭോജനത്തിന്നു വരു. പിത്തശമനത്തിന്ന് ഈന്തും സേവിക്ക. (d) ആദരവോടു കൂടിയ വ്യവഹാരം (ഭാഷണം) ആകുന്നു അധീഷ്ടം. അങ്ങുന്ന് ഈ ആസനം അലങ്കരിച്ചാലും. (e) ഒരു കാൎയ്യം

ചെയ്യാമോ ചെയ്യു കൂടയോ എന്നു പ്രശ്നം ചെയ്യുന്നതു സംപ്രശ്നം. ഞാൻ ഇംഗ്ലീഷു പഠിക്കട്ടെ. (f.) പ്രാൎത്ഥന തന്നെ യാചന. എന്നെ ആപത്തിൽ നിന്നു രക്ഷ (149. 3).

5. ബലക്രിയകളിലേ ക്ക വികല്പമായി പ്പവാകം.

കൊട്ടുക്കിൻ — കൊട്ടുപ്പിൻ, ഇരിക്കിൻ — ഇരിപ്പിൻ, നടക്കിൻ — നടപ്പിൻ.

6. അനുനാസികാന്തധാതുക്കളിൽ ഇൻപ്രത്യയത്തിനു മുമ്പു മകാരം ആഗമമായ്വരും.

തിൻ + ഇൻ = തിൻ + മ് + ഇൻ = തിന്മിൻ, ഉണ്മിൻ, കാണ്മിൻ, (തിന്നുവിൻ, ഉണ്ണുവിൻ, കാണുവിൻ). സവൎണ്ണാഗമത്താൽ തിന്നിൻ, ഉണ്ണിൻ എന്നും ഉണ്ടു.

248. 1. നിയോജകപ്രകാരത്തിൽ ആദരാൎത്ഥം കാണിപ്പാൻ മദ്ധ്യമപുരുഷനിൽ ഒന്നാമനുവാദകം വരും.

സൎവ്വഥാ ചക്രവൎത്തിയായ പുത്രനെ ലഭിച്ചാലും. അവിടെ ചെന്നു അതിഥിസൽക്കാരത്തെ സ്വീകരിച്ചാലും. തറയിൽ ഇരുന്നു് ആൎയ്യൻ വിശ്രമിച്ചാലും.

2. പ്രാൎത്ഥനാൎത്ഥത്തിൽ രണ്ടാം ഭാവിയും ആശീൎവ്വാദാൎത്ഥത്തിൽ ഊതുപ്രത്യയാന്തഭാവിയും വരും.

രണ്ടാം ഭാവി. എൻ പിഴ നീ പൊറുപ്പൂ. ഊതുപ്രത്യയാന്തഭാവി — ജയിപ്പൂതാക രാമൻ.

249. 1. കല്പന, ചെയ്യേണ്ടിയ കാൎയ്യം, ശീലം, ബാദ്ധ്യത എന്നീ അൎത്ഥങ്ങളെക്കാണിക്കുന്ന ക്രിയാരൂപം **വിധായകപ്രകാരം** ആകുന്നു. വൎത്തമാനത്തിന്നു് ഏണ്ടുന്നു (ഏണ്ടുന്ന) ഭൂതക്രിയാന്യൂനത്തിന്നു് ഏണ്ടി, ഭാവിക്കു് ഏണം, ഭാവിശബ്ദന്യൂനത്തിന്നു് ഏണ്ടും എന്ന വേൺധാതുവിന്റെ രൂപങ്ങളെ പ്രകൃതിയോടു ചേൎക്കും.

a. വൎത്തമാനം — നടക്കേണ്ടുന്നു, പറയേണ്ടുന്നു, പോകേണ്ടുന്നു.

b. ഭൂതക്രിയാന്യൂനം — നടക്കേണ്ടി, പറയേണ്ടി, പോകേണ്ടി.

c. ഭാവികാലം — നടക്കേണം, പറയേണം, പോകേണം.
ഉച്ചാരണലോപത്താൽ ഏണം എന്നതു് എണം എന്നും അണം എന്നും ആകും.

d. ഭാവിശബ്ദന്യൂനം. നടക്കേണ്ടും, പറയേണ്ടും, പോകേണ്ടും.

e. തരേണമേ, നടക്കേണമേ, പറയേണമേ മുതലായ രൂപങ്ങൾ ആദരത്തെയും പ്രാൎത്ഥനയേയും കാണിക്കും.

മനക്കാതൽമദ്ധ്യേ വസിക്കേണമേ നീ. ആനന്ദം പൂരിച്ചു വാണീടവേണമേ ദൈവമേ ഞാൻ.

2. ഭാവികാലത്തിന്നും ഭാവിശബ്ദന്യൂനത്തിന്നും ഉള്ളേടത്തോളം വൎത്തമാനത്തിന്നു പ്രയോഗമില്ല.

250. ആകധാതുവിന്റെ രൂപങ്ങളായ ആം, ആവൂ, ആവുന്നു എന്നിവയെ പ്രകൃതിയോടു ചേൎത്ത് അനുജ്ഞായകപ്രകാരം ഉണ്ടാക്കും.

a. **ആം.**— പോകാം, നടക്കാം, പറയാം, വരാം, തരാം.

b. **ആവൂ.**— പോകാവൂ, നടക്കാവൂ, പറയാവൂ, വരാവൂ.

c. **ആവുന്നു.**— പോകാവുന്നു, നടക്കാവുന്നു, പറയാവുന്നു.

i. ഈ രൂപങ്ങൾ ക്രിയ കാണിക്കുന്ന വ്യാപാരം ചെയ്വാൻ കൎത്താവിന്നു സമ്മതം ഉണ്ടെന്നു തോന്നിക്കും. ആം, ആവൂ ഭാവിയുടെ അൎത്ഥത്തേയും ആവുന്നു വൎത്തമാനത്തിന്റെ അൎത്ഥത്തേയും കാണിക്കും. കഴിഞ്ഞ കാലത്തു നടന്ന കാൎയ്യം ചെയ്യുന്നതിന്ന് അനുവാദം കിട്ടീട്ടും അതിനെച്ചെയ്വാൻ കഴിയായ്കയാൽ അനുജ്ഞായകത്തിൽ ഭൂതമില്ല.

മണിനാദം കേൾക്കായി. സിംഹവും മൃഗത്തെ ഭുജിക്കായി. ഋഷിമാരെ കാണായ്വന്നു.

ii. അനുജ്ഞായകം പ്രഥമയോടും ദ്വിതീയയോടും അന്വയിക്കും.

തവ കഥാശ്രവണം ചെയ്യാകേണം. തവ രൂപം കാണാകേണം.

iii. ഈ നാലു പ്രകാരങ്ങളിൽ നിൎദ്ദേശകവും നിയോജകവും ക്രിയാസമാസങ്ങൾ അല്ല; എന്നാൽ വിധായകവും അനുജ്ഞായകവും ക്രിയാസമാസങ്ങൾ തന്നെ. നിയോജകത്തിൽ നിന്ന് അപൂൎണ്ണക്രിയകൾ ഉണ്ടാകാറില്ല. മററു മൂന്നു പ്രകാരങ്ങളിൽ നിന്ന് അപൂൎണ്ണക്രിയകൾ ഉണ്ടാകും.

iv. ക്രിയാനാമത്തിന്നു പകരം അൽപ്രത്യയാന്തനാമത്തോട് ആം മുതലായവയെ പണ്ടു ചേൎത്തിരുന്നു.

പോകലാം, വരലാം, ഇരിക്കലാം.

4. നിഷേധപ്രകരണം.

251. ആഖ്യാഖ്യാതങ്ങളുടെ അഭേദത്തെക്കാണിക്കുന്ന വാക്യം അന്വയമെന്നും ഭേദത്തെക്കാണിക്കുന്നതു വ്യതിരേകം എന്നും പറയും. ഇതു വരെ വിവ

ർത്ഥ ക്രിയാരൂപങ്ങൾ അനന്വയവാചികൾ ആകുന്നു. ഇനി വ്യതിരേകത്തെ കാണിക്കുന്ന നിഷേധക്രിയകളുടെ രൂപനിഷ്പത്തിയെപ്പറ്റിയും. (160).

1. ആ, അൽ, ഇൽ, അരു, ഒൽ, വഹി എന്ന ധാതുക്കളുടെ രൂപങ്ങളെ ക്രിയകളോടു ചേൎത്തു **നിഷേധക്രിയകൾ** ഉണ്ടാക്കാം. നിഷേധരൂപം വ്യാപാരത്തിന്റെ അഭാവമാകുന്ന ഇല്ലായ്മയെക്കാണിക്കും. (ബാ. 137-138).

2. ആ എന്ന ധാതുവിന്റെ രൂപങ്ങളെ അൽ, ഇൽ എന്ന ഊനക്രിയകളോടു ചേൎക്കാം.

അല് ധാതു — അല്ലാ, അല്ലാഞ്ഞു, അല്ലാത്ത, അല്ലാതെ, അല്ലായ്ക, അല്ലായ്കിൽ.

ഇല് ധാതു — ഇല്ലാ, ഇല്ലാഞ്ഞു, ഇല്ലാത്ത, ഇല്ലാതെ, ഇല്ലായ്ക, ഇല്ലായ്കിൽ.

(a) ഈ രൂപങ്ങളിൽ അല്ല മുതലായവ നാമാഖ്യാതത്തോടും ഇല്ല മുതലായവ നിൎദ്ദേശകക്രിയകളോടും ചേരുന്നതു കൊണ്ടു നിഷേധക്രിയകളുടെ രൂപങ്ങൾക്കു പ്രയോഗം ചുരുങ്ങിയിരിക്കുന്നു.

(b) പററലർ (പററില്ലാത്തവർ), മാററലർ (= മാററം — ഭേദം — ഇല്ലാത്തവർ) മുതലായ പദങ്ങളിൽ നിന്നു പ്രാചീനഭാഷയിൽ നിഷേധധാതു അകാരമായിരുന്നു എന്നു അനുമാനിക്കാം. കൎണ്ണാടകത്തിലും അ ആകുന്നു നിഷേധാൎത്ഥകധാതു. അതു് അൎത്ഥവിവേചനത്തിന്നു വേണ്ടി ഇപ്പോൾ ലുപ്തമായ്ത്തീൎന്നു.

3. ഒല്ലാ, അരുതു, വേണ്ടാ എന്നീ ധാതുക്കളെ വിധായകം മുതലായ പ്രകാരങ്ങളുടെ നിഷേധരൂപങ്ങളെ ഉണ്ടാക്കാൻ ഉപയോഗിക്കാം.

വിധായകം.	പറയേണം.	പറയേണ്ടാ.
അനുജ്ഞായകം.	പറയാം.	പറയൊല്ല.
നിയോജകം.	പറയട്ടെ.	പറയരുതു.
പ്രാൎത്ഥനയിൽ.	പറയേണമേ.	പറയരുതേ.

4. വിധായകം, നിയോജകം, അനുജ്ഞായകം ഇവയുടെ നിഷേധത്തിന്നു **പ്രതിഷേധമെന്നു** പേർ.

5. വഹിയാ (വയ്യാ), വഹിയാഞ്ഞു, വഹിയാതെ മുതലായ വഹിധാതുവിന്റെ രൂപങ്ങളെ ക്രിയാനാമത്തോടും ഭാവിക്രിയാന്യൂനത്തോടും ചേൎക്കാം.

നടക്ക വഹിയാ, നടക്കാൻ വഹിയാ, എഴുതുവാൻ വയ്യാഞ്ഞു, നടക്കാൻ വഹിയായ്കയാൽ പുറത്തിറങ്ങിയില്ല.

ജ്ഞാപകം. നാമങ്ങളുടെ വിപരീതാർത്ഥം കാണിപ്പാൻ ഉപയോഗിക്കുന്ന മാതിരികളെ 275ൽ പറഞ്ഞിട്ടുണ്ടു. നഞ് സമാസവും നോക്കുക.

252. അനന്വയവാചിക്രിയകൾക്കു എല്ലാരൂപങ്ങളും നിഷേധക്രിയക്കും ഉണ്ടു. അതിന്നു ധാതുജകൃത്തും പ്രത്യയാന്തകൃത്തും ഉണ്ടു. (198).

പൂർണ്ണക്രിയ — വർത്തമാനം. പോകായിന്നു. ഭൂതം — പോകാഞ്ഞു. ഭാവി — പോകാ.

അപൂർണ്ണക്രിയ — ഭൂതക്രിയാന്യൂനം, പഠിക്കാതെ, പഠിക്കാഞ്ഞു. സംഭാവന — പഠിക്കാഞ്ഞാൽ, പഠിക്കായ്കിൽ.

ധാതുജകൃത്തു — സമാസപൂർവ്വപദം — അഞ്ജില്ലാപൊങ്ങ്, അടാവഴി, ആടാചാക്കിയാർ ആട്ടതിന്നാപാല, ആട്ടതോടാപാല, കീറാമുട്ടി, തൊട്ടാതൊട്ടങ്ങ, തീണ്ടാപ്പാട്ട, നേടാപൊൻ, മിണ്ടാപ്രാണികൾ, മിന്നാമിനുങ്ങ, പാഴാനിലം, കട്ടാക്കട്ടി ഇവയുടെ അർത്ഥം പറക. സംജ്ഞകളായ നിത്യസമാസങ്ങളെ കാണിക്ക. പ്രത്യയാന്തകൃത്തു, — ചെയ്യാത്ത, ചെയ്യായ്മ, ഇല്ലായ്മ.

5. ഉപപദങ്ങൾ.

253. 'അവൻ പാഠം വായിച്ചു കഴിഞ്ഞു.' ഈ വാക്യത്തിൽ അവൻ വായിക്കുക എന്ന ക്രിയയുടെ കർത്താവാണെങ്കിലും കഴിഞ്ഞു എന്നതിന്റേയും കർത്താവല്ല. സാധാരണമായി സമാനകർത്തൃകങ്ങളായ ക്രിയാന്യൂനങ്ങളെ വാക്യസമുച്ചയത്തിങ്കൽ പ്രയോഗിക്കും. കഴിഞ്ഞു എന്നതിന്റെ കർത്താവിനെ വ്യക്തമായിപ്പറയാതെ അടുത്തു നില്ക്കുന്ന ക്രിയയോടു ചേർത്തു രണ്ടും ഒരു സമാസമാക്കി അവൻ പാഠം പഠിച്ചു തീർത്തു എന്ന അർത്ഥം കാണിക്കും. അവൻ പാഠം പഠിച്ചു എന്ന വാക്യാർത്ഥം തന്നെ കഴിഞ്ഞു എന്ന ക്രിയയുടെ കർത്താവു· അവന്റെ പാഠപഠനം അവസാനിച്ചു എന്നർത്ഥം.

അർത്ഥത്തിൽ ഭേദം കാണിപ്പാൻ അടുത്തടുത്തു വരുന്ന ക്രിയകളിൽ ഒന്നു മറേറതിനെ വിശേഷിക്കും. ഈ ക്രിയാസമാസത്തിലേ പൂർവ്വപദത്തിന്നു പ്രാക്പദം എന്നും ഉത്തരപദത്തിന്ന് ഉപപദം എന്നും പേർ.

(a) ഭേദകോപപദങ്ങൾ.

254. 1. ധാതുവിന്റെ അൎത്ഥത്തിലില്ലാത്ത ചില വിശേഷങ്ങളെക്കാണിക്കുന്ന ഉപപദങ്ങളാകുന്നു ഭേദകോപപദങ്ങൾ.

പോയ്ക്കളയുന്നു — പ്രയാസം കൂടാതെ പോകുന്നു; അറിയിച്ചുകൊള്ളുന്നു — വിനയത്തോടെ അറിയിക്കുന്നു; പോയ്പോകുന്നു — അറിയാതെ പോകുന്നു. പ്രാക്പദത്തിന്റെ അൎത്ഥത്തിൽ ഇല്ലാത്തതായ അൎത്ഥം ഉപപദങ്ങളുടെ സഹായത്താൽ കിട്ടുന്നു.

2. അയക്ക, അരുളുക, ഇടുക, ഈടുക, ഇരിക്ക, കളക, കൂടുക, കൊടുക്ക, ചെയ്ക, തരിക, തീരുക, പോക, വരിക, വിടുക, വെക്കുക മുതലായവയെ ഉപപദങ്ങളായി ഉപയോഗിക്കും. ഇവ ക്രിയാന്യൂനങ്ങളോടോ ക്രിയാനാമങ്ങളോടോ ചേൎന്നു വരും.

കൊടുത്തയക്ക, പറഞ്ഞയക്ക, പോയിട്ടു, വന്നിട്ടു, പോയിരുന്നു, വന്നു കൂടുന്നു, ചെയ്തുകൊടുക്ക, അരുളിച്ചെയ്ക.

പ്രാക്പദങ്ങളുടെ അൎത്ഥത്തെ ഭേദപ്പെടുത്തുന്ന ഉപപദങ്ങൾക്കു സ്വന്തമായ അൎത്ഥം പോയ്പോയിട്ടു ഒരു പുതിയ അൎത്ഥം ഉണ്ടാകും. ഈ അൎത്ഥം എന്തെന്നും എങ്ങിനെ ഉത്ഭവിക്കുന്നു എന്നും ഗ്രന്ഥവിസ്തരഭയത്താൽ ഇവിടെ ഉപപാദിക്കുന്നില്ല.

(b) പൂരണോപപദങ്ങൾ.

255. അരു, അൽ, ഇൽ, ഉൾ, ഉറു, എൻ, ഒൽ, തകു, പകു, മികു, പോൽ, വേൺ മുതലായ ധാതുക്കൾക്കു ആവശ്യമായ രൂപങ്ങളെല്ലാം ഇല്ലായ്കയാൽ അവയെ ഊനക്രിയകൾ എന്നു പറയും. അവയുടെ ന്യൂനത പരിഹരിക്കുന്ന ക്രിയകൾ പൂരണോപപദങ്ങൾ ആകുന്നു. (159.)

അരുതായിരുന്നു, അല്ലയായിരുന്നു, ഇല്ലയായിരുന്നു, ഉണ്ടാകും, ഉണ്ടാക്കും, ഉണ്ടായിരിക്കും, ഉണ്ടാകേണം, വേണ്ടിയിരുന്നു, വേണ്ടിവന്നു, വേണ്ടിവരും.

(c) കാലോപപദങ്ങൾ.

256. 1. നിൎദ്ദേശകപ്രകാരത്തിലേ ക്രിയാരൂപങ്ങൾ വെറും കാലത്തേയും വ്യാപാരത്തേയും കാണിക്കുന്ന കാരണം അവ **അനിൎദ്ദിഷ്ടരൂപങ്ങൾ** ആകുന്നു. വ്യാപാരത്തിന്റെ പൂൎണ്ണാപൂൎണ്ണതയേയും കാലഭേദങ്ങളേയും ബോധിപ്പിക്കാനായി അനിൎദ്ദിഷ്ടരൂപങ്ങളോടു ചേരുന്ന ക്രിയകളാകുന്നു **കാലോപപദങ്ങൾ.**

2. അനിൎദ്ദിഷ്ടരൂപങ്ങളിൽ വൎത്തമാനത്തോട് ഉണ്ടു, ഭൂതത്തോട് ഇട്ടുണ്ടു എന്നിവയെ ചേൎത്തുണ്ടാകുന്ന സമാസത്തിൽ പ്രാക്പദം കാണിക്കുന്ന വ്യാപാരത്തെ ഉപപദം ഉറപ്പിക്കുന്നതു കൊണ്ടു് ഈ വിധം സമാസങ്ങളെ ദാൎഢ്യവാചികളെന്നു പറയും.

അനിൎദ്ദിഷ്ടവൎത്തമാനം	വരുന്നു,	പഠിക്കുന്നു,	പാടുന്നു.
വൎത്തമാനദാൎഢ്യവാചി	വരുന്നുണ്ടു,	പഠിക്കുന്നുണ്ടു,	പാടുന്നുണ്ടു.
അനിൎദ്ദിഷ്ടഭൂതം	വന്നു,	പഠിച്ചു,	പാടി.
ഭൂതദാൎഢ്യവാചി	വന്നിട്ടുണ്ടു,	പഠിച്ചിട്ടുണ്ടു,	പാടിട്ടുണ്ടു.

ഈ രണ്ടു രൂപങ്ങളും വൎത്തമാനകാലം കാണിക്കുന്നുവെങ്കിലും 'വരുന്നുണ്ടു' എന്നതു് ആഗമനക്രിയ ഇപ്പോഴും അവസാനിക്കാതെ തുടൎന്നു കൊണ്ടിരിക്കുന്നുവെന്നും, 'വന്നിട്ടുണ്ടു' എന്നതു മുൻ തുടങ്ങിയ ആഗമനക്രിയ കുറച്ചു മുമ്പ് അവസാനിച്ചിരിക്കുന്നുവെന്നും കാണിക്കുന്നു.

സകൎമ്മകക്രിയകളോട് 'ഇട്ടുണ്ടു' ചേൎത്താൽ പ്രാക്പദം കാണിക്കുന്ന വ്യാപാരം മുമ്പു തുടങ്ങിയതു കുറച്ചു മുമ്പ് അവസാനിച്ചുവെങ്കിലും അതിന്റെ ഫലം ഇപ്പോഴും ഉണ്ടെന്നു കാണിക്കും.

"രാമശാസ്ത്രി തൎക്കം പഠിച്ചിട്ടുണ്ടു." ശാസ്ത്രി തൎക്കം പഠിപ്പാൻ വളരെ മുമ്പു തുടങ്ങിയിരുന്നു, കുറേ മുമ്പു പാഠം അവസാനിച്ചു്, ഇപ്പോൾ അതിൽ നല്ല ഉപസ്ഥിതി പ്രാപിച്ചിട്ടുണ്ട് എന്ന അൎത്ഥം ബോധിപ്പിക്കുന്നു.

ദാൎഢ്യം കാണിക്കുന്ന ഈ രണ്ടു രൂപങ്ങളുടെ മററു രൂപങ്ങളെ ഉണ്ടാക്കുവാനായിട്ടു് ഇവയോടു് 'ആയിരിക്ക' എന്നതിന്റെ രൂപങ്ങളെ ചേൎക്കും.

വൎത്തമാനം	ഭൂതം	ഭാവി	സംഭാവന
പഠിക്കുന്നുണ്ടു	പഠിക്കുന്നുണ്ടായിരുന്നു	പഠിക്കുന്നുണ്ടായിരിക്കും	പഠിക്കുന്നുണ്ടായിരുന്നാൽ
പഠിച്ചിട്ടുണ്ടു	പഠിച്ചിട്ടുണ്ടായിരുന്നു	പഠിച്ചിട്ടുണ്ടായിരിക്കും	പഠിച്ചിട്ടുണ്ടായിരുന്നാൽ

'വരുന്നുണ്ടായിരുന്നു' എന്നതു് ആഗമനക്രിയ മുമ്പു പതിവായിട്ടുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ അവസാനിച്ചിരിക്കുന്നുവെന്നും, 'വന്നിട്ടുണ്ടായിരുന്നു' എന്നതു് ഒരു വ്യാപാരത്തിന്നു മുമ്പായി വരവുണ്ടായിരുന്നുവെന്നും ഇപ്പോൾ ഇല്ലെന്നും കാണിക്കും.

ഭാവിരൂപത്തിൽ വരുന്നുണ്ടായിരിക്കും എന്നതു വരവു പതിവായി ഉണ്ടാകുമെന്നും വന്നിട്ടുണ്ടായിരിക്കും എന്നതു വരവു സംസാരിക്കുന്ന കാലത്തു് ഉണ്ടാവാൻ മതി എന്നുമുള്ള ഊഹം കാണിക്കും.

257. 1. അനിൎദ്ദിഷ്ടഭൂതത്തോടു 'കൊണ്ടിരിക്ക' എന്നതിന്റെ രൂപങ്ങളെച്ചേൎത്തുണ്ടാക്കുന്ന ക്രിയാസമാസങ്ങളിലേ പ്രാക്പദം കാണിക്കുന്ന വ്യാപാരത്തിന്റെ തുടൎച്ചയെ ഉപപദം അറിയിക്കുന്നതു കൊണ്ടു വ്യാപാരം അപൂൎണ്ണമാകുന്നു.

വന്നുകൊണ്ടിരിക്കുന്നു. എഴുതിക്കൊണ്ടിരുന്നു. വായിച്ചുകൊണ്ടിരിക്കും.

2. 'ആയിരിക്ക' എന്ന ഉപപദത്തെ ക്രിയാരൂപങ്ങളോടു ചേൎത്താൽ അതു് ഊഹം കാണിക്കും.

പറയുന്നായിരിക്കും, പറഞ്ഞായിരിക്കും, പറയുമായിരിക്കും, പറയേണമായിരിക്കാം, പറയാമായിരിക്കും.

258. അനിൎദ്ദിഷ്ടഭാവിയിലും അനുജ്ഞായകപ്രകാരത്തിലും വിധായകപ്രകാരത്തിലും 'ആയിരിക്ക' എന്ന ഉപപദത്തിന്റെ രൂപങ്ങളെ ഉപയോഗിച്ചാൽ പ്രാക്പദം കാണിക്കുന്ന വ്യാപാരം നടന്നില്ലെന്ന അൎത്ഥം ജനിപ്പിക്കും.

1. നിങ്ങളുടെ കത്തു് ഒരു ദിവസം മുമ്പു കിട്ടിരുന്നുവെങ്കിൽ ഞാൻ പോകയില്ലായിരുന്നു (കത്തു കിട്ടിയില്ല; അതു നിമിത്തം പോയി). 2. മഴ പെയ്തിരുന്നുവെങ്കിൽ വിതക്കാമായിരുന്നു (മഴ പെയ്തില്ല; വിത്തു വിതച്ചില്ല). 3. വിത്തു വിതക്കേണമായിരുന്നു (ഇപ്പോൾ മഴ പെയ്തുപോയി; അതിന്നു മുമ്പായി വിതക്കേണ്ടിയിരുന്നു; പക്ഷേ വിതച്ചില്ല). 4. അവനു പഠിക്കാമായിരുന്നു.

259. 1. **ഭേദകോപപദങ്ങളും പൂരണോപപദങ്ങളും കാലോപപദങ്ങളും പ്രാക്പദങ്ങളെ വിശേഷിക്കുന്നു. ഉപപദങ്ങൾ തമ്മിൽ ചേർന്നു സമാസങ്ങൾ ഉണ്ടാകും.**

വായിച്ചുതീർന്നിട്ടുണ്ടായിരുന്നു. അറിയിച്ചുകൊള്ളുമായിരുന്നു.

2. **ഈ സമാസങ്ങളിൽ ഘടകപദങ്ങളുടെ ഇടയിൽ വേറെ പദം സാധാരണമായി ഗദ്യത്തിൽ വരികയില്ലെങ്കിലും പദ്യത്തിൽ വരും.**

1. വാനോർപുരം പുക്കു പീയൂഷവും കൊണ്ടു മാനമോടെ വരികെന്നാൻ ജനകനും (കൊണ്ടുവരിക). 2. ആകയാൽ ഞാനുണ്ടൊന്നു നിന്തിരുവടി തന്നോടാകാംക്ഷാപരവശചേതസാ ചോദിക്കുന്നു (ചോദിക്കുന്നുണ്ടു). 3. താതൻ ഭവാനെയുണ്ടല്ലോ വിളിക്കുന്നു. 4. അമ്പു വേധിച്ചു പോയ മൃഗത്തെയുണ്ടോ കണ്ടു? (കണ്ടിട്ടുണ്ടോ?) 5. ഉത്തമേ, നിന്നോടിന്നൊന്നുണ്ടു പറയുന്നു (പറയുന്നുണ്ടു).

260. അന്യപദങ്ങളാൽ വ്യവധാനം വന്നവയോ, സമാസയോഗം വിട്ടു പോയവയോ ആയ പദക്കൂട്ടത്തിന്നു വ്യവഹിതസമാസം എന്നു പേർ.

1. എന്നുടെ കന്നിനെക്കണ്ടതില്ലെൻതോഴി നിൻവീട്ടിലെങ്ങാനുമുണ്ടോ കണ്ടു? (കണ്ടിട്ടുണ്ടോ?) 2. ചേർത്തുള്ളിൽ കൊള്ളാതെ നിന്നു പൊറുപ്പതു (ചേർത്തു കൊള്ളാതെ). 3. നിശാചരനുണ്ടു നമ്മുടെ നേരെ വരുന്നു.

ഘടകപദങ്ങളുടെ ഇടയിൽ അന്യപദം വന്നാൽ അതു ഘടകപദങ്ങൾക്കു മറവു് അല്ലെങ്കിൽ വ്യവധാനമാകുന്നു. വ്യവധാനമുള്ളതു വ്യവഹിതം. വ്യവഹിതസമാസത്തെ **ശിഥിലസമാസ**മെന്നും പറയും. (300.)

261. സമാസം ഏകപദമാകയാൽ അതിന്റെ ഇടയിൽ അന്യപദങ്ങൾക്കു ചേരാൻ പാടില്ല. വിശേഷണങ്ങൾ വിശേഷിക്കുന്നതും സർവ്വനാമങ്ങൾ പരാമർശിക്കുന്നതും സമാസാർത്ഥത്തെ ആയിരിക്കേണം; സമാസത്തിലെ ഘടകപദത്തെ വിശേഷിക്കയോ പരാമർശിക്കയോ പാടുള്ളതല്ല.

(a) മദസലിലമൊഴുകിന്നൊരു കരിമുതുകിലേറിനാൻ (കരിയുടെ മുതുകിൽ എന്നു വേണം. മദജലം മുതുകിലല്ലല്ലോ). (b) മാനിനിയായൊരംബാനിയോഗത്താൽ (അംബയുടെ എന്നു വേണം). (c) കൃഷ്ണസാരഥിയായ ജിഷ്ണുഭീമാദിയോടും (ജിഷ്ണുവിനോടും ഭീമാദികളോടും എന്നു വേണം).

പരീക്ഷ. 242—261.

1. ക്രിയാസമാസങ്ങളെ വിവരിച്ചു വിഭജിച്ച് ഉദാഹരിക്കുക. 2. പ്രയോഗം, പ്രകാരം ഇവയെ വിവരിച്ചുദാഹരിക്കുക. 3. കർമ്മണിപ്രയോഗത്തിനു സംഭാഷണത്തിൽ പ്രയോഗം ചുരുങ്ങുവാൻ കാരണമെന്തു? 4. സാഹിത്യത്തിൽ കർമ്മണിപ്രയോഗത്തിന്റെ താൽപര്യം എങ്ങനെയെല്ലാം കാണിക്കും? ഉദാഹരിക്കുക. 5. അന്വയവും വ്യതിരേകവും ക്രിയയിൽ എങ്ങിനെ പ്രവൃത്തിക്കുന്നു എന്നു വിവരിച്ചുദാഹരിക്കുക. 6. ഇല്ല, അല്ല, അരുതു, വേണ്ടാ, വയ്യാ ഇവയെ ഉപയോഗിച്ചു ചെറിയ വാക്യങ്ങൾ രചിച്ച് ഇവ തമ്മിൽ ഉള്ള ഭേദം പറക. 7. ഉപപദങ്ങളെ വിവരിച്ചു വിഭജിച്ച് ഉദാഹരിക്കുക. 8. വ്യവധാനം, വ്യവഹിതസമാസം ഇവയെ ഉപപാദിച്ചുദാഹരിക്കുക.

V. ഭേദകാധികാരം.

1. ഭേദകസ്വഭാവം.

262. 1. സജാതീയഭേദമാകുന്നു വിശേഷം. വസ്തുക്കൾ തമ്മിലുള്ള ഭേദത്തെ (വിശേഷത്തെ) കാണിക്കുന്ന പദം **ഭേദകം** അല്ലെങ്കിൽ **വിശേഷണം**. (20). വ്യാപകശബ്ദത്തിൽ അടങ്ങിയ വ്യക്തികളിൽ ഇഷ്ടമുള്ളതിനെത്തിരിച്ചറിവാൻ ഉപയോഗിക്കുന്ന വിശേഷണം **വ്യാവർത്തകം**ആകുന്നു. ഭേദകം, വിശേഷണം, വ്യാവർത്തകം എന്നീ പര്യായങ്ങൾ ഏതു നാമത്തെ ഭേദിപ്പിക്കുന്നുവോ വിശേഷിപ്പിക്കുന്നുവോ, വ്യാവർത്തിപ്പിക്കുന്നുവോ ആയതു **ഭേദ്യം**, **വിശേഷ്യം**, **വ്യാവർത്ത്യം** ആകുന്നു.

2. വസ്തുക്കളെ തിരിച്ചറിവാൻ ആവശ്യമായ ലക്ഷണങ്ങളെപ്പറയുന്നതിനു വിശേഷണങ്ങൾ വളരെ ഉപയുക്തങ്ങളാകയാൽ അവയെ നിർവ്വചനത്തിൽ ഉപയോഗപ്പെടുത്തും.

263. 1. ഗുണം, സംഖ്യ, പ്രമാണം, പരിമാണം ഇത്യാദി വിശേഷങ്ങളെപ്പറയുന്ന പദങ്ങൾ ആകുന്നു ഗുണവചനങ്ങൾ. ലിംഗവചനങ്ങളെക്കാണിപ്പാൻ രൂപഭേദമുള്ള ഗുണവചനങ്ങൾ വിശേഷ്യനിഘ്നങ്ങളും രൂപഭേദമില്ലാത്ത അലിംഗകവിശേഷണങ്ങളുമാകുന്നു. (117).

ദ്രവ്യത്തിനുള്ള ബഹുഗുണങ്ങളിൽ ഏതിനെയാണു വിവക്ഷിക്കുന്നതു് എന്നതിനെക്കാണിപ്പാനായി ഒരു പുരുഷനെ നാം ബുദ്ധിമാൻ എന്നു പറയും.

ബുദ്ധിമാൻ എന്ന ഗുണവചനത്തിൽ നിന്നു മനുഷ്യനുള്ള ബുദ്ധി, ധൈൎയ്യം, ബലം, സാമൎത്ഥ്യം, ഔദാൎയ്യം, സന്തോഷം, സ്നേഹം, കോപം, ക്രൌൎയ്യം, ശൌൎയ്യം, പക, മുതലായവയിൽ ബുദ്ധിയെ മാത്രമേ വിവക്ഷിച്ചിട്ടുള്ളൂ എന്നു അറിയാം. മനുഷ്യഗുണങ്ങൾ ഇല്ലാത്ത കല്ലു മുതലായവയോടു ഈ വിധം വിശേഷണങ്ങളെ ചേൎത്തു കൂടാ. ബുദ്ധിമാനായ കല്ലു, ദയാലുവായ മരം, ഔദാൎയ്യമുള്ള പൎവ്വതം എന്നു പറകയില്ല. **ഗുണിയുടെ ഗുണം പറയുന്നതു ഗുണവചനം.**

2. സംഖ്യ അനേകവസ്തുക്കളിലുള്ള ഗുണമാകയാൽ അതു സജാതീയവ്യക്തികളുടെ എണ്ണം കാണിക്കും.

രണ്ടു കുട്ടികൾ, നാലു വേദങ്ങൾ, പഞ്ചഭൂതങ്ങൾ. രണ്ടു കുട്ടികളും മൂന്നു കല്ലും കൂടിയാൽ എത്ര എന്ന ചോദ്യത്തിനു ബാധയുണ്ടു. കാരണം പറയൂ.

ഒരു വസ്തുവിനെ ഭാഗിപ്പാൻ പാടില്ലാത്ത ഒന്നായി വിചാരിക്കുമ്പോൾ അതിലേ ദ്രവ്യസമൂഹമാകുന്നു **പ്രമാണം.** അതിന്റെ തൂക്കം, അളവു മുതലായതു കാണിക്കുന്നതു **പരിമാണം.** ഇത്ര വെണ്ണ. എത്ര നന്നു? അഞ്ചു പലം നെയ്യ്. നാലു വാര തുണി. കുറെ നെയ്യ്.

264. 1. നാമം, ക്രിയ, വിശേഷണം, എന്നിവയെ വിശേഷിക്കുന്ന പദങ്ങൾ മുറെക്കു നാമവിശേഷണം, ക്രിയാവിശേഷണം, ഭേദകവിശേഷണം ആകുന്നു.

"നല്ല കുട്ടി ഏററവും വെളുത്ത വസ്ത്രം എല്ലായ്പോഴും ഉടുക്കും" ഈ വാക്യത്തിൽ 'നല്ല,' 'വെളുത്ത' എന്നിവ നാമവിശേഷണങ്ങളും, 'ഏററം' എന്നതു 'വെളുത്ത' എന്ന വിശേഷണത്തിന്റെ വിശേഷണമാകയാൽ ഭേദകവിശേഷണവും, 'എല്ലായ്പോഴും' ക്രിയാവിശേഷണവും ആകുന്നു. നല്ല എന്ന പദം കുട്ടികളെത്തരം തിരിച്ചു ഒരു തരത്തിന്നും മറേറ തരത്തിന്നും തമ്മിലുള്ള ഭേദം കാണിച്ചു കുട്ടിക്കു പ്രാധാന്യമുണ്ടെന്നു തോന്നിപ്പിക്കുന്നതു കൊണ്ടു അതു ഭേദകവും വ്യാവൎത്തകവും അപ്രധാനവും ആകുന്നു.

2. ജാതിക്കു അന്തമില്ലായ്കയാൽ പ്രവൃത്തിക്കും നിവൃത്തിക്കും ഉതകുന്നതു വ്യക്തിജ്ഞാനമാകുന്നു.

വ്യക്തിജ്ഞാനം ഉണ്ടാവാൻ വ്യാപകശബ്ദത്തോടു വിശേഷണങ്ങൾ ചേൎത്തു അതിന്റെ അൎത്ഥം വ്യാവൎത്തിക്കും. 'വൎത്തകന്റെ വെള്ള കുതിരയെക്കൊണ്ടുവാ' എന്നു ആജ്ഞാപിച്ചാൽ 'വൎത്തകന്റെ വെള്ള' എന്ന പദങ്ങളുടെ അൎത്ഥം ഗ്രഹിച്ച ഭൃത്യൻ വിവക്ഷിച്ച കുതിരയെക്കൊണ്ടു വരും. അവയാൽ കുതിരയെ മററു

കതിരകളിൽ നിന്നു തിരിച്ചറിവാൻ കഴിയുന്നതു കൊണ്ട് അവ വ്യാവൎത്തകങ്ങൾ ആകുന്നു. 'വൎത്തകൻ വാങ്ങിയ കതിര വെളുത്തതാകുന്നു' എന്ന വാക്യാൎത്ഥം നമുക്കു മുമ്പു കിട്ടിയ ജ്ഞാനം വൎത്തകൻ കതിരയെ വാങ്ങിട്ടുണ്ടെന്നും അതു് ഏതുവിധം എന്ന അറിവില്ലായ്കയാൽ ആകാംക്ഷാശമനത്തിന്നായി 'അതു വെളുത്തതാകുന്നു' എന്ന ഒരു വിശേഷജ്ഞാനം ഉപദേശിക്കുന്നു എന്നും അറിയിക്കുന്നു.

3. പ്രമാണാന്തരം കൊണ്ടു കിട്ടിയ ജ്ഞാനത്തോടു നവീനമായ ജ്ഞാനത്തെ ഉപദേശിക്കുന്ന പദത്തെ വിധേയമെന്നു പറയും. (265.)

4. 'രോഗിയായ കുട്ടിക്ക് എണീക്കവയ്യാ' ഈ വാക്യത്തിൽ വിശേഷണം എണീപ്പാൻ കഴിയാത്തതിന്നുള്ള കാരണം പറയുന്നതു കൊണ്ടു് അതു ഹേതുഗൎഭവിശേഷണമാകുന്നു. വിധേയമായിരിക്കേണ്ടുന്ന പദത്തെ വ്യാവൎത്തകമാക്കിയാൽ അതു ഹേതുഗൎഭവിശേഷണമാകും.

5. വിശേഷണങ്ങളുടെ പ്രയോജനം പുരസ്കരിച്ചു് അവയെ വ്യാവൎത്തകം, വിധേയം, ഹേതുഗൎഭം എന്നു മൂന്നു വിധമായി വിഭജിക്കാം. വസ്തുവിവേചനത്തിന്നുതകുന്നതു വ്യാവൎത്തകവും ആഖ്യാതമായ്വരുന്നതു വിധേയവും കാൎയ്യകാരണഭാവം സൂചിപ്പിക്കുന്നതു ഹേതുഗൎഭവും ആകുന്നു.

(i) നാമവിശേഷണങ്ങൾ.

265. നാമത്തിന്റെ മുമ്പിൽ നില്ക്കുന്നതു പൂൎവ്വവിശേഷണവും പിന്നിൽ നില്ക്കുന്നതു് ഉത്തരവിശേഷണവും ആകുന്നു. ഉത്തരവിശേഷണം വിധേയവും ആഖ്യാതപൂരണവും ആകുന്നു. ഉത്തരവിശേഷണങ്ങൾക്കു വിശേഷ്യത്തോടു ലിംഗവചനങ്ങളിൽ പൊരുത്തം ഉണ്ടാകും.

പൂ. വി.	നല്ല കുട്ടി	ഗുണവാൻ ബാലൻ	സുന്ദരി സ്ത്രീ.
ഉ. വി.	കുട്ടി നല്ലവൻ	ബാലൻ ഗുണവാൻ	സ്ത്രീ സുന്ദരി.

266. വിശേഷണങ്ങളെ ധാതുജം, സാൎവ്വനാമികം, സംഖ്യാവാചകം, പാരിമാണികം, ഗുണവചനം, കൃതിജം എന്ന് ആറു വിധമായി വിഭാഗിച്ചിരിക്കുന്നു.

267. 1. നാമത്തെ വിശേഷിക്കുന്ന ധാതുക്കൾ **ധാതുജവിശേഷണങ്ങൾ** ആകുന്നു (141. 1).

അടക്കൽ, അടിച്ചവർ, അണിമിഴി, അരിവാൾ, മൂടുപടം, കുറുകാൽ, ചെറുകൈ, പുതുക്കലം, ഇളന്നീർ, മുതുമാൻ, തണ്ണീർ, ആറുമഴ, ആടാചാക്കിയാർ, ഇരിക്കക്കട്ടിൽ, മുടിമന്നവർ, ഉതിൎമ്മണി, എരികൊള്ളി, കെട്ടുകാഴ്ചം നടവടി ഇവ നിത്യസമാസങ്ങൾ ആകുന്നു. കാരണം പൂൎവ്വപദത്തിന്നു സ്വാതന്ത്ര്യപ്രയോഗമില്ല.

2. ധാതുവിന്നു അനുസ്വാരാഗമം, സ്വരദീൎഘത്വം സവൎണ്ണാശ്ലേഷം എന്നിവയാൽ മാററമുണ്ടായി അതു വിശേഷണമാകും (147. 2).

അനുസ്വാരാഗമം — ഇളന്നീർ, കട്ടഞ്ചോര, കൊട്ടങ്കാററു, ചെന്താർ, അരുന്തേൻ, പെരിങ്കായം, പെരുമ്പറ, പൈങ്കിളി, വെറുങ്കാൽ.

ധാതുസ്വരദീൎഘത്വം — കരു-കാരകിൽ, കാരിയ , ചെവ്-ചേവടി, പെരു പേരാൽ.

സവൎണ്ണാശ്ലേഷം — ചിററമ്പു, കട്ടെറുമ്പു, പുത്തരി, ചെററില, നീററടക്ക, മാട്ടത്താൽ, കരുക്കപ്പട, ചെപ്പുമ്പടം, (227.) ഇവയിൽ അധികവും നിത്യസമാസങ്ങളും സംജ്ഞകളും ആകുന്നു.

268. സൎവ്വനാമങ്ങൾ, ചുട്ടെഴുത്തുകൾ, ചോദ്യെഴുത്തുകൾ എന്നിവ പൂൎവ്വപദങ്ങളായി സമാസത്തിൽ വരുമ്പോൾ അവ **സാൎവ്വനാമികവിശേഷണങ്ങൾ** ആകും. (നിത്യസമാസം നോക്കുക).

മാമകം, മാമകീനം, മദീയം, അസ്മദീയം, ത്വദീയം, താവകീനം, യുഷ്മദീയം, തദീയം, തത്രത്യം, താദൃശം, പരകീയം, ഭവദീയം, സാൎവ്വത്രികം, പാരകീയം, സ്വീയം, സ്വകീയം, മുതലായവ സംസ്കൃതസൎവ്വനാമങ്ങളിൽ നിന്നുണ്ടായ വിശേഷണങ്ങൾ ആകുന്നു.

സംസ്കൃതസൎവ്വനാമമായ കിം സമാസത്തിൽ ചേൎന്നു വരും — (i) കിം (കുത്സിതം, ചീത്ത) കിംപ്രഭു, കിംരാജൻ, കിംബ്രാഹ്മണൻ, കാപുരുഷൻ, കുമാൎഗ്ഗം,

കുസൃതി, കുപ്രകൃതി, കുരൂപം, കുസചിവൻ. (ii) കിന്നരൻ, കിമ്പുരുഷൻ എന്നിവ സംജ്ഞകൾ ആകുന്നു. (iii) കദുഷ്ണം, കവോഷ്ണം, ഇത്യാദികളിൽ കിംശബ്ദത്തിന് ഈഷദർത്ഥമാകുന്നു.

269. സംഖ്യകൾ, സംഖ്യാതദ്ധിതങ്ങൾ, അനിർദ്ദിഷ്ടസംഖ്യകൾ എന്നിവ സംഖ്യാവാചകങ്ങളായ വിശേഷണങ്ങൾ ആകുന്നു. (ദ്വിഗുസമാസം നോക്കുക.)

270. ജാതിയിലെ വ്യക്തികളെ ഓരോന്നായി എണ്ണാം. അവയുടെ തുകയാകുന്നു സംഖ്യ. സംഖ്യ സജാതീയവസ്തുക്കളെ മാത്രം പരാമർശിക്കും. പൂരണീസംഖ്യകൾ സജാതീയവസ്തുക്കളുടെ സ്ഥാനത്തെക്കാണിക്കും. രണ്ടു പുത്രന്മാർ, രണ്ടാം പുത്രൻ. മൂന്നു മാങ്ങയിൽ ഒന്നു നാരങ്ങ ആകയില്ല; മൂന്നമത്തേതു പേരയ്ക്കയുമാകയില്ല.

ഉദാ. ഈശ്വരൻ ഏകൻ, ഏകപുത്രൻ, ത്രികാലം, ചതുർവ്വർഗ്ഗം, പഞ്ചഭൂതങ്ങൾ, ഷഡ്ദർശനങ്ങൾ സപ്തധാതുക്കൾ, അഷ്ടഗന്ധം, നവഗ്രഹങ്ങൾ, ദശാവതാരങ്ങൾ, ഏകാദശരുദ്രന്മാർ, ദ്വാദശാദിത്യന്മാർ, വിംശതിഭുജങ്ങൾ, എട്ടു സഹസ്രം കൊട്ടത്തേങ്ങ.

പെരിക, പെരുതു, പെരുത്ത, മിക്ക, മിക്കതും, മിക്കവാറും, മിച്ചം, തുലോം, വളരെ, അസംഖ്യം, അനവധി, അനേകം, അധികം, നിരവധി, പാരം, ബഹു, ബഹുളം എന്നിവ ആധിക്യാർത്ഥം കാണിക്കും.

ചെറു, ചെറുതു, ചെറിയ, കുറ, കുറയ, കുറെ കുറഞ്ഞൊന്ന്, ഒട്ടു, അത്ര, അത്രമാത്രം, ഇത്ര, ഇത്തിരി, ഉമ്മിണി, തെല്ല്, ഈഷൽ, കിഞ്ചിൽ, ലേശം, ലവലേശം, അസാരം, അല്പം, സ്വല്പം എന്നിവ അല്പതാവാചികൾ.

271. 1. ഓരോന്നായി എണ്ണാൻ പാടില്ലാത്ത ദ്രവ്യത്തിന്റെ വിസ്താരം അളക്കുന്നതു പരിമാണം, അല്ലെങ്കിൽ പരിച്ഛേദം. പരിച്ഛേദത്തെക്കാണിപ്പാൻ ഉപയോഗിക്കുന്ന വിശേഷണം **പാരിമാണികം**. അതു മേയനാമത്തെ വിശേഷിക്കും.

2. വ്യക്തികളുടെ ആകെയുള്ള തുകയെക്കാണിക്കുന്ന സംഖ്യ **വ്യക്തപരിമാണവും** ദ്രവ്യത്തിന്റെ അളവു, തൂക്കം, വണ്ണം എന്നിവയെ ഖണ്ഡിതമായിപ്പറയാത്ത അനിർദ്ദിഷ്ടസംഖ്യ **അവ്യക്തപരിമാണവും** ആകുന്നു.

ഇത്ര നെയ്, അത്ര വെള്ളം, എത്ര പഞ്ചസാര, പാൽ ഒക്കെക്കൊടുത്തു, വെല്ലം എല്ലാം തിന്നു. കുറേ വെണ്ണ, ഏറെക്കാലം, വളരെ തുക, വലിയ തൂക്കം, ചെറിയ സംഖ്യ.

3. ഇവയിൽ പലതും സംഖ്യാവാചകങ്ങളായും നടക്കും.

എത്ര കുട്ടികൾ, എത്ര ആളുകൾ, ഇത്ര സ്ത്രീകൾ, എല്ലാ മനുഷ്യരും.

4. അളവു, തൂക്കം ഇവയെക്കുറിക്കുന്ന നാമങ്ങൾ പരിമാണത്തെക്കാണിക്കുമ്പോൾ വിശേഷണങ്ങൾ ആകും.

അഞ്ചിടങ്ങാഴി നെല്ലു (അഞ്ചിടങ്ങാഴി പരിമാണമുള്ള നെല്ലു), മൂന്നു പറയരി, നാലു കുററിയെണ്ണ, അഞ്ചു തുലാം പഞ്ചസാര, അഞ്ചു ഭാരം കൊപ്പര, ഒരു കണ്ടി കാപ്പി, ഒരു റാത്തൽ ചായ, അരപ്പലം ചുക്കു, ഒരു പണത്തൂക്കം കർപ്പൂരം.

'ആയിരം നെല്ലു വാരം കിട്ടും' എന്നതിൽ ആയിരമിടങ്ങാഴി എന്നും 'അഞ്ചരി വെച്ചു ചോറുണ്ടാക്കി' എന്നതിൽ അഞ്ചുസേറു എന്നും അൎത്ഥമാകയാൽ, പരിമാണശബ്ദങ്ങളായ ഇടങ്ങഴി, സേറു എന്നിവ ലോപിച്ചിരിക്കുന്നു.

5. ഗുണങ്ങളുടെ ന്യൂനാധികത്വമായ താരതമ്യത്തെ സൂചിപ്പിക്കുന്ന വിശേഷണങ്ങൾ മാത്രമേ ഭാവനാമങ്ങളോടു ചേരുള്ളൂ.

വലിയ ഭയം, കുറേ ബലം, അധികം ശോഭ, ഇത്ര ബുദ്ധി.

272. **1. ഗുണങ്ങളെപ്പറയുന്ന വിശേഷണങ്ങൾ ഗുണവചനങ്ങൾ ആകുന്നു. (263.)**

വെളുത്ത, വെള്ള, കറുത്ത, പച്ച, നീണ്ട, നേരിയ, പുത്തൻ, ചുകന്ന, പഴയ ഇത്യാദിഭാഷാവിശേഷണങ്ങൾക്കുണ്ടാകുന്ന രൂപഭേദങ്ങളെപ്പററി.

2. സംസ്കൃതഗുണവചനങ്ങൾക്കു ഭാഷയിലും ലിംഗഭേദം വരും. അകാരാന്തഗുണവചനങ്ങൾക്കു സ്ത്രീലിംഗത്തിൽ ആ, ഈ, എന്ന പ്രത്യയങ്ങളും പുല്ലിംഗത്തിൽ അൻപ്രത്യയവും നപുംസകത്തിൽ അംപ്രത്യയവുമായ്വരും.

പുല്ലിംഗം.	ശുഭൻ,	നീലൻ,	മധുരൻ,	സുന്ദരൻ.
സ്ത്രീലിംഗം.	ശുഭ,	നീല,	മധുര,	സുന്ദരീ.
നപുംസകം.	ശുഭം,	നീലം,	മധുരം,	സുന്ദരം.

3. ഇ, ഉ എന്നീ സ്വരങ്ങളിൽ അവസാനിക്കുന്ന സംസ്കൃതഗുണവചനങ്ങൾക്കു ഭാഷയിൽ മൂന്നു ലിംഗങ്ങളിലും രൂപഭേദം ഇല്ല.

ഇ— ശുചി, സുമതി, നീചപ്രകൃതി, ദുർബ്ബുദ്ധി.

ഉ— മൃദു, ലഘു, ഗുരു, പൃഥു, സാധു.

4. ഗുണകൎമ്മങ്ങളുടെ ഉൽക്കൎഷത്തെക്കാണിപ്പാൻ സംസ്കൃതത്തിൽ ഉപയോഗിക്കുന്ന അതിശയാനരൂപങ്ങൾ ഭാഷയിൽ ഇല്ല. (സംസ്കൃതതദ്ധിതം നോക്കു.)

ശുചി (പു) ശുചിതരൻ, ശുചിതമൻ, അല്പൻ, അല്പീയാൻ, അല്പിഷ്ഠൻ.

ഗുരു (സ്ത്രീ) ഗുരുതര ഗുരുതമ അല്പ അല്പീയസീ അല്പിഷ്ഠ.

സാധു (സ്ത്രീ) സാധുതര സാധുതമ സാധു സാധീയസീ സാധിഷ്ഠ

5. അൻപ്രത്യയാന്തമായ നപുംസകതദ്ധിതവും തദ്ഭവത്തായ തദ്ധിതവും വിശേഷണങ്ങളായ്വരും.

വടക്കൻകല്യാണസൌഗന്ധികം, തെക്കൻബകവധം, പടിഞ്ഞാറൻകാററു, കിഴക്കൻമുണ്ടു. ഇവയെ നിത്യസമാസങ്ങളാക്കി എടുക്കാം.

തടിയനായ പുരുഷൻ, മടിയനായ കുട്ടി, കൊതിച്ചിയായ സ്ത്രീ.

273. 1. വിശേഷണങ്ങളായ്വരുന്ന അപൂൎണ്ണക്രിയകൾ കൃതിജങ്ങളായ വിശേഷണങ്ങൾ ആകുന്നു. ശബ്ദന്യൂനങ്ങളും ക്രിയാപുരുഷനാമങ്ങളും നാമവിശേഷണങ്ങൾ ആകുന്നു.

a. ആം, ആകും, ആയ, ആയുള്ള എന്ന ശബ്ദന്യൂനങ്ങൾ ഗുണവചനങ്ങളോടു ചേൎന്നു നാമവിശേഷണങ്ങൾ ഉണ്ടാകും.

മംഗലനായുള്ളോരു ചാണക്യൻ, ധന്യശീലയാം അവൾ, തുംഗമായോരു പുരം, അൎക്കനു സമനായ വിപ്രൻ, ഭദ്രയാം മുര, ക്ഷുദ്രയാം മറെറവൾ.

b. ആണ്ട, ആൎന്ന,'ഇയന്ന, ഇാടിന, ഉടയ, ഉററ, ഉള്ള എഴും, ഏഴും ഏറും, ഏശുന്ന, കലൎന്ന, കൂടിയ, ചേരുന്ന, തങ്കിന, തിരണ്ട, തേടും, പൂണ്ട, പെരിയ, പൊങ്ങും, മികും മതലായ ശബ്ദന്യൂനങ്ങൾ ഗുണനാമങ്ങളോടു ചേൎന്നു നാമവിശേഷണങ്ങൾ ആയ്വരും.

c. ഈ ശബ്ദന്യൂനങ്ങൾ മററു കാലങ്ങളിലും വരാം. ഇവയെ ക്രിയാന്യൂനങ്ങളാക്കിയാൽ ഇവ ക്രിയാവിശേഷണങ്ങൾ ആകും.

d. ഗതികളോടു 'ഉള്ള,' 'ആയുള്ള' മുതലായ ശബ്ദന്യൂനങ്ങൾ ചേൎന്നു നാമവിശേഷണങ്ങൾ ഉണ്ടാകും.

1. സങ്കടമാണ്ടൊരു വൈധവ്യമാണ്ടുള്ള മങ്കമാർ. 2. നീടാൎന്ന നന്ദനൻ. 3. ചന്തമിയലുന്ന കണ്ണം. 4. വാരുററ കാന്തി കലൎന്നുള്ള വാരിജം, 5. വൈരമുള്ളവായ ജന്തുസഞ്ചയം. 6. ചൊല്ലേഴും സൂനന്ദ. 7. ദീനത ഒഴിഞ്ഞിടും നാരായണധ്യാനം. 8. ഗൌരവമേറിയ കാൎയ്യം. 9. ചൊല്ക്കൊണ്ട നയജ്ഞന്മാർ. 10. മഞ്ജുളകാന്തി കോലുന്ന മാധവൻ.

2. ശതൃ, ശാനച്, നിഷ്ഠ, ക്വസു എന്ന സംസ്കൃതകൃത്തുകൾ നാമവിശേഷണങ്ങൾ ആകുന്നു.

274. ബഹുവ്രീഹി, ഉപമിതകർമ്മധാരയൻ, നിഷ്ഠാന്തവും കൃത്യാന്തവും ആയ തൽപുരുഷൻ എന്നീ സമാസങ്ങൾ നാമവിശേഷണങ്ങൾ ആകുന്നു.

ബഹുവ്രീഹി.— വാരിജാക്ഷനായ കൃഷ്ണൻ. മേനകാദികളായ അപ്സരസ്ത്രീകൾ. കന്നൽനേർമിഴിയാളാം പതിക്കു കൊടുക്ക നീ. മതിനേർമുഖിയാൾക്കും വിസ്മയമുണ്ടായ്വന്നു. മട്ടോല്വാമൊഴിയാളേ ധർമ്മത്തെ നിരൂപിക്ക. അപുത്രനായ രാജാവു. അനപത്യനായ ദശരഥൻ. അരാജകമായ ദേശം. നിർജ്ജലമായ വനം.

കർമ്മധാരയൻ— ശ്യാമകോമളനായ രാമൻ; ഘനശ്യാമനായ കൃഷ്ണൻ. മുനിപുംഗവനായ വാല്മീകി. സ്ത്രീരത്നമായ ഉർവ്വശീ.

നിഷ്ഠാന്തതൽപുരുഷൻ— ധനസമ്പന്നമായ രാജ്യം, ഗുണോപേതനായ നൃപൻ, സസ്യസമൃദ്ധയായ ഭൂമി, കോപാവിഷ്ടനായ രുദ്രൻ.

കൃത്യാന്തതൽപുരുഷൻ— വേദവേദ്യനായ ഭഗവാൻ, സർവ്വമാന്യനായ ഗുരുവരൻ.

275. മേൽ വിവരിച്ച വിശേഷണങ്ങളുടെ വിപരീതാർത്ഥത്തെയോ നിഷേധാർത്ഥത്തെയോ കാണിപ്പാനുള്ള മാർഗ്ഗങ്ങൾ ആവിതു:—

1. ഗുണനാമങ്ങളോട് 'ഇല്ലാത്ത' എന്നതിനേയും ഗുണവചനങ്ങളോട് 'അല്ലാത്ത' എന്നതിനേയും ചേർക്കും.

ഇല്ലാത്ത— ബലമില്ലാത്ത, ഗുണമില്ലാത്ത, ബുദ്ധിയില്ലാത്ത, ധൈര്യമില്ലാത്ത.

അല്ലാത്ത— ബലവാനല്ലാത്ത, ഗുണവാനല്ലാത്ത, ബുദ്ധിമാനല്ലാത്ത, ധൈര്യശാലിയല്ലാത്ത.

2. നഞ്സമാസത്തെ പ്രയോഗിക്കാം.

സപുത്രൻ— അപുത്രൻ = അവിദ്യമാനപുത്രൻ. സപത്നീകൻ— അപത്നീകൻ. അസംഖ്യം, അനവധി, അനേകം.

3. വി, നിർ എന്ന ഉപസർഗ്ഗങ്ങളോടു നാമങ്ങൾ ചേർന്നുണ്ടാകുന്ന **പ്രാദി സമാസങ്ങളെ** ഉപയോഗിക്കാം.

വി— വിരക്തൻ, വിരസൻ, വിവശ, വിവർണ്ണം, വിഷമം, വിസമ്മതം, വിപ്രിയം, വിനിദ്രൻ— വിഗതനിദ്രൻ.

നിർ — നിൎദ്ദയൻ, നിരക്ഷരകുക്ഷി, നിരപരാധൻ, നിരങ്കുശം, നിരഞ്ജനം. നിൎഭയൻ നിൎഗ്ഗതഭയൻ.

4. അതിരററ, ഭയമകന്ന, ദുഃഖമൊഴിഞ്ഞ, നീതിയെ വേറിട്ട എന്നിങ്ങിനെയുള്ള ശബ്ദന്യസനങ്ങളേയും ചേൎക്കാം.

5. കൂടാതെ, ഒഴിഞ്ഞു, ഒഴികെ, എന്നിയെ, വിനാ എന്നവയോടു നാമങ്ങൾ അന്വയിച്ചുണ്ടാകുന്ന യോഗങ്ങൾ ക്രിയാവിശേഷണങ്ങൾ ആകുന്നു.

നിൎഭയം — ഭയം കൂടാതെ, നിൎല്ലജ്ജം — ലജ്ജ കൂടാതെ. ദുഷ്ടത ഒഴിഞ്ഞു ചെയ്കയില്ല. വ്യസനമൊഴിഞ്ഞാരുമില്ല. ദുഃഖമെന്നിയെ. പഞ്ചമെന്നിയെ ശോകം വിനാ, ഭയം വിനാ.

6. അന്യം, ഇതരം, ഭിന്നം, വ്യതിരിക്തം, അതിരിക്തം, വിലക്ഷണം, വിധുരം, മന്ഥരം, ശൂന്യം, രഹിതം, അസ്തം, ബാഹ്യം, മുക്തം, നിൎമ്മുക്തം, വിമുക്തം, ഹീനം, വിഹീനം മുതലായ പദങ്ങളെ ഉത്തരപദങ്ങളായിച്ചേൎത്തുണ്ടാക്കിയ സമാസങ്ങൾ പൂൎവ്വപദത്തിന്റെ അൎത്ഥം നിഷേധിക്കും. (16. 7.)

തദന്യം, ബ്രാഹ്മണേതരൻ — (ബ്രാഹ്മണനല്ലാത്തവൻ = അബ്രാഹ്മണൻ); അശ്വഭിന്നം; ഗജവ്യതിരിക്തം, മോക്ഷാതിരിക്തം, ഗൃഹവിലക്ഷണം, പാപമുക്തൻ, പ്രാണവിയുക്തൻ, ഋണനിൎമ്മുക്തൻ, ബന്ധവിമുക്തൻ, ദയാഹീനൻ, ഭയവിഹീനൻ, സുഖരഹിതം, ധൎമ്മവിധുരം, നിദ്രാദരിദ്രൻ, സൎവ്വബാഹ്യം.

7. ഈ സമാസങ്ങൾ വിശേഷണങ്ങൾ ആകയാൽ എല്ലാലിംഗങ്ങളിലും വരും.

പരീക്ഷ 262 — 275.

I. 1. വിശേഷണത്തിന്റെ സ്വഭാവത്തേയും വിഭാഗങ്ങളേയും പറഞ്ഞുദാഹരിക്കുക. 2. ധാതുജം പാരിമാണികം, സംഖ്യാവാചകം, എന്നിവയെ നിൎവ്വചിച്ചുദാഹരിക്കുക. 3. നിത്യസമാസങ്ങളുടെ പൂൎവ്വപദങ്ങളായ്വരുന്ന വിശേഷണങ്ങളെപ്പറക. 4. പൂൎവ്വവിശേഷണം ഉത്തരവിശേഷണം ഇവയെ വിവരിച്ച് ഉദാഹരിച്ചു പ്രയോജനം പറക. 5. വിശേഷണങ്ങളെ രചിപ്പാൻ ഉപയോഗിക്കുന്ന ആയ, ഉള്ള എന്നിവ തമ്മിൽ ഉള്ള ഭേദത്തെ വിവരിച്ചു ദൃഷ്ടാന്തപ്പെടുത്തുക.

II. താഴെ കാണുന്ന വാക്യങ്ങളിലേ വിശേഷണങ്ങളെക്കാണിച്ച് അവ ഏതു പദങ്ങളോട് അന്വയിക്കുന്നുവെന്നും എങ്ങിനെ ഉത്ഭവിച്ചുവെന്നും പറക.

1. ചൊൽക്കൊണ്ട നയജ്ഞന്മാർ ഏററവുമാനന്ദിക്കും. 2. ദേവഭക്തന്മാരായ ശൌനകാദികളപ്പോൾ പാവനമായ സൂതഭാഷിതം കേട്ടു. 3. നിൎമ്മലൻ

വേദവ്യാസസന്നിധിങ്കൽ പ്രയോഗിച്ചു. 4. സൽഗുണനിധേ സൂത ചൊല്ലീടു മടിയാതെ. 5. സുന്ദരൻ സുകുമാരനിന്ദിരാരമണൻ. 6. എങ്കിലോ, മന്ദാകിനീതന്നുടെ തീരത്തിങ്കൽ തുംഗമായൊരു പുരം പാടലീപുത്രമെന്നു ചൊൽ പൊങ്ങും നൃപതികൾക്കിരിപ്പാനായുണ്ടായി. 7. നന്ദനാം മഹീപതിതന്നുടെ പത്നികളായ് സുന്ദരാംഗികളായി രണ്ടുപേരുണ്ടായ്വന്നു. 8. യൌവനം വന്നു പരിപൂർണ്ണമായ്ച്ചമഞ്ഞതിഗർവ്വിതന്മാരായുള്ള പുത്രരെക്കണ്ടു നൃപൻ മന്ത്രികളേയും നിജപുത്രന്മാരേയും വിളിച്ചന്തികേ വരുത്തിക്കൊണ്ടീവണ്ണം ഉരചെയ്യാൻ.

ഇവയിലേ സമാസങ്ങളേയും പ്രയോഗങ്ങളേയും പ്രകാരങ്ങളേയും പറക. പാഠപുസ്തകത്തിലേ ഒരു ഭാഗം വായിച്ച് അതിലുള്ള വിശേഷണങ്ങളെ വിഭജിക്കുക.

(ii.) ക്രിയാവിശേഷണപ്രകരണം.

276. 1. ക്രിയയുടെ കാലം, സ്ഥലം, പ്രകാരം, പ്രമാണം, പരിമാണം, താരതമ്യം, സാദൃശ്യം, സംഖ്യ, ഗുണം, നിശ്ചയം, കാരണം മുതലായ അർത്ഥങ്ങളെക്കാണിക്കുന്ന പദങ്ങൾ ക്രിയാവിശേഷണങ്ങൾ ആകുന്നു.

2. തൃതീയാദികാരകവിഭക്തികളും ചതുർത്ഥ്യാഭാസവും സപ്തമ്യാഭാസവും വിഭക്തികളോടു യോജിക്കുന്ന ഗതികൾ ചേർന്നുണ്ടാകുന്ന യോഗങ്ങളും അവ്യയീഭാവസമാസവും ക്രിയാവിശേഷണങ്ങൾ ആകുന്നു. ക്രിയാന്യൂനം, ഭാവരൂപം, സംഭാവന, അനുവാദകം എന്നീ അപൂർണ്ണക്രിയകളും തൃതീയാദി വിഭക്തികളിൽ അവസാനിക്കുന്ന ക്രിയാനാമങ്ങളും ക്രിയാപുരുഷനാമങ്ങളും ക്രിയാവിശേഷണങ്ങൾ ആകുന്നു.

മിക്ക ക്രിയാവിശേഷണങ്ങളും അവ്യയങ്ങളാകയാൽ അവയുടെ വിഭാഗങ്ങൾ അവ്യയപ്രകരണത്തിൽ പറയും. സ്ഥലസങ്കോചത്താൽ ഉദാഹരിക്കുന്നില്ല. ഇവയെ ബാലവ്യാകരണത്തിൽ (159-160) വിവരിച്ചിട്ടുണ്ടു.

(iii.) ഭേദകവിശേഷണം.

277. വിശേഷണത്തെ വിശേഷിക്കുന്നതു ഭേദകവിശേഷണമാകയാൽ അതു വിശേഷ്യത്തിന്നു ഒത്തതായിരിക്കും.

നാമമോ ഗുണവചനമോ ആയ വിശേഷണത്തെ വിശേഷിക്കുന്ന ഭേദകം ,നാമവിശേഷണങ്ങളിൽ ഒന്നായിരിക്കും. വിശേഷ്യം ക്രിയയായാൽ ഭേദകവിശേഷണം ക്രിയാവിശേഷണങ്ങളിൽ ഒന്നായിരിക്കും.

1. "രാമനെ പ്രശംസിക്കുന്ന ഭക്തനായ ശതാനന്ദനാണു സീതക്ക് അനുരാഗത്തെ ഇത്ര കലശലാക്കിത്തീൎത്തു." 2. "ജാനകീജനനത്താൽ സൂചിക്കപ്പെട്ട സുകൃതനിധിയായ ജനകരാജാവിന്റെ സമീപത്തിൽ ചെല്ലുക." 3. "അഹോ വിടരുന്ന പുതിയ നീലോല്പലം പോലെ ശ്യാമളമായും കോമളമായും സ്നിഗ്ദ്ധമായും മൃദുവായും മാംസളമായുമുള്ള ദേഹത്തിന്റെ സൌഭാഗ്യത്താൽ ആശ്ചൎയ്യപ്പെട്ടു നിശ്ചലനായിരിക്കുന്ന അച്ഛനാൽ ദൎശിക്കപ്പെടുന്ന സൌന്ദൎയ്യശോഭയോടും ശിഖണ്ഡകങ്ങൾ കൊണ്ടു സുന്ദരമായിരിക്കുന്ന മുഖമണ്ഡലത്തോടും കൂടി ലീലയാൽ പരമേശ്വരചാപത്തെ ഭഞ്ജനം ചെയ്തിരിക്കുന്ന ആൎയ്യപുത്രനെ എഴുതിയിരിക്കുന്നു." ഇതിലേ ഭേദകവിശേഷണങ്ങൾ കാണിക്ക.

പരീക്ഷ. 276—277.

1. ക്രിയാവിശേഷണങ്ങൾ ഉല്പത്തിപ്രകാരം എത്രവിധം? 2. ക്രിയാവിശേഷണം ഏതെല്ലാം അൎത്ഥങ്ങളെക്കാണിക്കും? 3. സ്ഥലം, പ്രകാരം, കാരണം, സംഖ്യ ഈ അൎത്ഥങ്ങളെക്കാണിക്കുന്ന ക്രിയാവിശേഷണങ്ങളെ ഉദാഹരിച്ച് അവയെ സ്വന്തവാക്യത്തിൽ ഉപയോഗിക്കുക. 4. വിഭക്തികളിൽ ക്രിയാവിശേഷണങ്ങളായ്വരുന്നവ ഏവ? ഉദാഹരിക്കുക. 5. ക്രിയകളിൽ നിന്നുണ്ടായ ക്രിയാവിശേഷണങ്ങളെ ഉദാഹരിക്കുക. 6. ഭാവരൂപത്തിന്റെ പ്രയോഗങ്ങളെപ്പറഞ്ഞുദാഹരിക്കുക. 7. ഏതു സമാസം ക്രിയാവിശേഷണമായ്വരും? 8. പാഠപുസ്തകം എടുത്ത് ഒരു ഭാഗം വായിച്ച് അതിലുള്ള ഭേദകവിശേഷണങ്ങളെക്കാണിച്ച് അവയെ വിഭജിക്കുക.

VI. അവ്യയാധികാരം.

278. നാമം, ക്രിയ, വിശേഷണം എന്നിവ വാചകശബ്ദങ്ങളെന്നും അവയുടെ അൎത്ഥം വാച്യമെന്നും അവ്യയങ്ങൾ ദ്യോതകങ്ങളെന്നും അവയുടെ അൎത്ഥം ദ്യോത്യമെന്നും മുൻപറഞ്ഞുവല്ലോ. (9. 1. 2.)

ആഖ്യയോ ആഖ്യാതമോ ആയിരിപ്പാനുള്ള ശക്തിയില്ലാത്ത പദങ്ങൾ അവ്യയങ്ങൾ ആകുന്നു. വിഭക്തിരൂപങ്ങ

ളെല്ലാമില്ലാത്ത നാമങ്ങളും ത്രികാലരൂപങ്ങളെല്ലാമില്ലാത്ത ക്രിയകളും അവ്യയങ്ങൾ ആകുന്നു. ഇവ അന്യപദങ്ങളോടു ചേൎന്ന് അവയുടെ അൎത്ഥത്തെപ്പോഷിപ്പിക്കും.

279. 1. തനിച്ചുനിന്നാൽ അൎത്ഥമില്ലാതെ അന്യപദങ്ങളോടു ചേൎന്ന് അൎത്ഥവത്തായ്ത്തീരുന്ന ഉം, ഓ, ഏ, ആ, ഈ എന്നീ അവ്യയങ്ങൾ നിപാതങ്ങൾ ആകുന്നു.

2. ഒററപ്പദങ്ങളേയും ഉപവാക്യങ്ങളേയും കൂട്ടിച്ചേൎക്കുന്നവ ഘടകാവ്യയങ്ങളും എന്നു, എന്നും, എങ്കിൽ, എങ്കിലും, എന്നാൽ, എന്നാലും, എന്നിട്ടു, എന്നിട്ടും എന്നിവ വാക്യങ്ങളെക്കൂട്ടിച്ചേൎക്കുന്ന സംഗ്രാഹകഘടകങ്ങളും ആകുന്നു. എന്നു, എന്നതു്, എങ്കിലും, എന്നാലും ഇവ നാലും ഒററപ്പദങ്ങളോടും ചേരും.

രാമൻ വരുമെന്നു കേട്ടു. രാമൻ വന്നിട്ടുണ്ടെങ്കിൽ നിനക്കു പോകാം. അവൻ നല്ലവണ്ണം പഠിച്ചിരുന്നുവെങ്കിലും തോററു. നീ ചെയ്യരുതെന്നു ഞാൻ ശാസിച്ചു, എന്നിട്ടും നീ ചെയ്തുവല്ലോ. രാമൻ എന്ന കുട്ടി. വാരാണസി എന്നതു് ഒരു നഗരി. രാമനെങ്കിലും കൃഷ്ണനെങ്കിലും വരട്ടെ.

280. സന്തോഷം, ആശ്ചൎയ്യം, വ്യസനം, നിന്ദ, കോപം മുതലായ മനോവികാരങ്ങളെ ദ്യോതിപ്പിക്കുന്ന അവ്യയങ്ങളെ വ്യാക്ഷേപകങ്ങളെന്നു പറയും.

1. **സംബോധന** — അതാ, ഇതാ, അതോ, ഇതോ, ഇങ്ങു, അല്ലയോ, ഒയിയുള്ളോവേ, അയി, അയേ, എടാ, എടീ, എടോ, എന്തെടാ, അഹോ, ഹേ, എഹൈ. (131. 3.)

2. **ആശ്ചൎയ്യം** — അമ്പടാ, അപ്പാ, അബ്ബാ, അമ്മെ, അമ്മമ്മെ, ആ, ആവൂ, ആഃ, ആഹോ, ആട്ടെ, പോട്ടെ, എൻറീശ്വരാ, എന്തു്, എന്താ, എന്താണു, എന്താണു കഥാ, ഏ, കണ്ടോ, കേട്ടോ, കണ്ടാലും, കൊള്ളാം, ചിത്രം, ചിത്രം ചിത്രം, വിചിത്രം, ഹന്ത, ബത, ശിവ ശിവ, ഹര ഹര, രാമ രാമ.

3. **ദുഃഖം** — അയ്യോ, അയ്യയ്യോ, പാപം, ഹാ, ഹാഹാ, അഹഹ, ഹന്ത, ബത, ആഹന്ത, കഷ്ടം കഷ്ടം, ഗോവിന്ദ, ഈശ്വരാ.

4. **നിന്ദ** — ഛി, ഛീ, ഹീ, ഛെ, ഏ, ഏ, ധിക്, ധിഗസ്തു, ഉച്ഛം, ഛൂ, അബദ്ധം, അസംബന്ധം.

5. **സമ്മതം-അനുമോദനം**-അതേ, തന്നേ, ഉവ്വ, ഓം, ഒഹോ, ആവാം, കൊള്ളാം.

6. **അനുകരണശബ്ദങ്ങൾ** — കളകള, കിലുകില, ഘണഘണ, ഢമഢമ, പടപട, ഞെടുഞെടു.

281. നാമക്രിയകൾക്കുള്ള അൎത്ഥവും പ്രവൃത്തിയും നഷ്ടമായി വിശേഷണങ്ങളായ്ത്തീരുന്ന പദങ്ങൾ അവ്യയങ്ങൾ ആകുന്നു. നാമങ്ങളിൽ നിന്നു ജനിച്ചവ **നാമാവ്യയങ്ങളും** ക്രിയകളിൽ നിന്നുണ്ടായവ **ക്രിയാവ്യയങ്ങളും** ആകുന്നു. വിഭക്തികളോടു ചേരുന്ന ഗതികളും അവ്യയങ്ങൾ ആകുന്നു. ഈ അവ്യയങ്ങളെല്ലാം ക്രിയാവിശേഷണങ്ങൾ ആകും. ഗതി ശബ്ദന്യൂനമായാൽ തദന്തമായ പദകദംബകം നാമവിശേഷണവും ക്രിയാന്യൂനമായാൽ ക്രിയാവിശേഷണവും ആകും.

1. **കാലവാചികൾ** — അപ്പോൾ (= അപ്പൊഴുതു), ഇപ്പോൾ, എപ്പോൾ, അന്നു, ഇന്നു, എന്നു, അന്നേരം, ഇന്നേരം, അക്കാലം, ഇക്കാലം, തൽസമയം, തൽക്ഷണം, നാളെ, ഇന്നലെ മററന്നാൾ, പിറെറന്നാൾ, ഒരുനാൾ, അന്നൊരുനാൾ, ഇന്നാൾ, രാവിലെ, പുലച്ചെ വൈകുന്നേരം, എപ്പോഴും, ഒരിക്കൽ, പണ്ടു, പെട്ടെന്നു, പെട്ടന്നനവേ, വേഗം ഇത്യാദി പദങ്ങളും, കാലത്തു, നേരത്തു, ഉച്ചെക്ക് മുതലായ വിഭക്തികളും, ഏകദാ, യദാ, തദാ, കദാ, സദാ, സൎവ്വദാ, അധുനാ, തദാനീം, ഇദാനീം, ദോഷായാം, ദോഷാന്തരേ, ദിവാ ഇത്യാദി സംസ്കൃതരൂപങ്ങളും ക്രിയാകാലം കുറിക്കുന്ന അവ്യയങ്ങൾ ആകുന്നു.

2. **സ്ഥലവാചികൾ:** — അങ്ങു, ഇങ്ങു, എങ്ങു, അവിടെ ഇവിടെ, എവിടെ, താഴെ, മേലെ, കീഴെ ഇവയിൽ നിന്നുണ്ടായ, അങ്ങോട്ടു, ഇങ്ങോട്ടു, എങ്ങോട്ടു, അവിടേക്കു, ഇവിടേക്കു, എവിടേക്കു, താഴോട്ടു, മേലോട്ടു, കീഴോട്ടു, മീതേ, വിലങ്ങേ, അരികെ, നീളെ, അടുത്തു, അരികത്തു, ചാരത്തു, വെളിച്ചത്തു, വലത്തു, ഇടത്തു, വലത്തോട്ടു, ഇടത്തോട്ടു എന്ന ഭാഷാപദങ്ങളും അത്ര, തത്ര, യത്ര, കുത്ര, കുഃ, അതഃ, ഇതഃ, തതഃ യതഃ കുതഃ സൎവ്വതഃ ഇത്യാദി സംസ്കൃതാവ്യയങ്ങളും സ്ഥലവാചികളാകുന്നു.

3. **പ്രകാരവാചികൾ** — അങ്ങനെ, ഇങ്ങനെ, എങ്ങനെ (ങ്ങ എന്നു ങ്ങിയെന്നും കാണാം). അപ്രകാരം, ഇപ്രകാരം, ഉറക്കെ, പതുക്കെ, മെല്ലെ,

തിണ്ണം, വണ്ണം, കണക്കെ, പോലെ (229. 3.), ഇതി, യഥാ, തഥാ, കഥം, ഇത്ഥം, സൎവ്വഥാ, ബഹുധാ, നാനാവിധം.

4. പരിമാണവാചികൾ — അത്ര, ഇത്ര, എത്ര, ഇത്തിരി, തെല്ലു, കുറെ, കുറഞ്ഞൊന്നു, വളരെ, ഓളം, യാവൽ, താവൽ, ഈഷൽ, ലേശം, ലവലേശം, ജലപാനം.

5. സംഖ്യ — ഒരിക്കൽ, രണ്ടു പ്രാവശ്യം, മൂന്നു വട്ടം, അഞ്ചു കുറി, ആയിരമുരു, സകൃൽ, ദ്വിഃ, ത്രിഃ, ചതുഃ, പഞ്ചകൃത്വഃ, ശതശഃ, സഹസ്രവാരം.

6. ഗുണം — ഗുണനാമത്തോടും ഗുണവചനത്തോടും ക്രിയാന്യൂനം ചേൎന്നു ഗുണവാചിയായ വിശേഷണം ഉണ്ടാകും.

7. നിശ്ചയം, നിൎണ്ണയം, തീൎച്ച, സത്യം, അസന്ദേഹം, നിസ്സംശയം, നിരാക്ഷേപം, നിൎവ്വിവാദം, ഇത്യാദിപദങ്ങൾ നിശ്ചയാൎത്ഥം കാണിക്കും.

8. മൂലം, ഹേതു, കാരണം, നിമിത്തം എന്നീ ഗതികൾ നാമങ്ങളോടു ചേൎന്നുണ്ടാകുന്ന യോഗങ്ങൾ ഹേതുവാചകങ്ങൾ ആകും.

9. ഉപമാവാചകങ്ങളോടു കൂടിയ യോഗങ്ങൾ (229. 3.) സാദൃശ്യവാചികൾ ആയ ക്രിയാവിശേഷണങ്ങളാകും.

കൃഷ്ണൻ രാമനെപ്പോലെ മഹാനാകും.

10. കാൾ, കാട്ടിൽ, കാണിൽ എന്നീ ഗതികളിൽ അവസാനിക്കുന്ന പദങ്ങൾ താരതമ്യം കാണിക്കും.

282. വ്യാക്ഷേപകാവ്യയങ്ങളിൽ ഉദാഹരിച്ച സംസ്കൃതാവ്യയങ്ങൾക്കു പുറമെ ഭാഷയിൽ പ്രയോഗമുള്ള സംസ്കൃതാവ്യയങ്ങൾ:—

അതി, അധഃ, അദ്ധാ, അഥ, അന്തഃ, അഭീക്ഷ്ണം, അലം, ആരാൽ, ആവിസ്; ഇതി, ഇത്ഥം, ഇവ, ഈഷൽ, ഉച്ചൈഃ, ഉപാംശു, ഏവ, ഏവം, കദാ, കഥം, കുത്ര, ച, (ഏവംച) ഝടിതി, തതഃ, തത്ര, തദാ, തദാനീം, തഥാ, തിരസ്, തൂഷ്ണീം, നമഃ, നീചൈഃ, നിതരാം, നാനാ, പരതഃ, പുരാ, പുനഃ, പുനശ്ച, പ്രതി, പ്രത്യുത, പ്രാതഃ, പൃഥക്, ബഹിർ, ബഹുധാ, യുഗപൽ, വാ, അഥവാ, വിനാ, സ്വയം, സ്വതഃ, മൃഷാ, മുധാ, മിഥ്യാ, മിഥഃ സഹസാ, സാകം, സാൎദ്ധം, സമം, സഹ, ഗത്വാ, കൃത്വാ, ഉപഗമ്യ, ഉപകൃത്യ;

സ്വയം മാത്രമായ അവ്യയമാകയാൽ സ്വയംകൃതം, സ്വയംഭൂ, സ്വായംഭുവം, സ്വയംപ്രകാശം എന്നിവ സുബദ്ധവും സ്വയസഹായം, സ്വയഭരണം മുതലായി മകാരലോപത്തോടു കൂടിയ രൂപങ്ങൾ അബദ്ധവും ആകുന്നു.

പരീക്ഷ 278—282.

1. അവ്യയത്തെ നിൎവചിക്ക. 2. അവ്യയങ്ങൾ എത്ര വിധം? ഓരോന്നിന്നു് ഉദാഹരണങ്ങൾ പറക. 3. നിപാതങ്ങൾ ഏവ? ഇവയെ സ്വന്തവാക്യങ്ങളിൽ ഉപയോഗിക്ക. 4. നാമാവ്യയങ്ങളെ ഉദാഹരിക്കുക. 5. ക്രിയാവ്യയങ്ങൾ ഏവ? ഉദാഹരിക്കുക.

നാലാം ഖണ്ഡം—വാക്യകാണ്ഡം.

I. വാക്യാധികാരം.

1. വാക്യസ്വരൂപം.

283. 1. വാക്യങ്ങളുടെ സ്വരൂപം, വിഭാഗം, രചന മുതലായ വിഷയങ്ങളെ വിവരിക്കുന്ന വ്യാകരണഭാഗം ആകുന്നു **വാക്യകാണ്ഡം.** (26. 2.)

2. ഒരു വിചാരത്തെ പൂൎണ്ണമായിപ്പറവാൻ ഉപയോഗിക്കുന്ന പദങ്ങളുടെ കൂട്ടമാകുന്നു വാക്യം. വിചാരം **അന്വയത്താലും ആകാംക്ഷയാലും** പൂൎണ്ണമാകും. അൎത്ഥത്തിന്റെ യോജിപ്പുപോലേ പദരൂപങ്ങളെ ചേൎക്കുന്നതു് **അന്വയവും** വാക്യത്തിലേ പദങ്ങളുടെ അൎത്ഥപൂൎത്തിക്കു വേറെ പദങ്ങൾ ആവശ്യമെന്നു തോന്നുവാനുള്ള കാരണം **ആകാംക്ഷയും** ആകുന്നു. (ബാ. 165-166).

3. ഒരു വിചാരത്തെ മാത്രം സ്പഷ്ടമായും പൂൎണ്ണമായും അറിയിക്കുന്ന വാക്യത്തെ **ഉത്തമവാക്യ**മെന്നു പറയും.

4. വിവക്ഷിച്ച അൎത്ഥം ശ്രോതാവു് എളുപ്പം ഗ്രഹിപ്പാനായി ഉൽകൃഷ്ടപദങ്ങൾ തിരഞ്ഞെടുത്തു് അന്വയത്തിന്നും ആകാംക്ഷക്കും അനുകൂലമായ വിധം ഉപയോഗിച്ചാൽ വിചാരത്തിന്നും വാക്യാൎത്ഥത്തിന്നും ഐക്യമുണ്ടാകും. ഐക്യമുണ്ടായാലേ വാക്യം ഉത്തമമാകയുള്ളൂ.

5. അന്വയം നിമിത്തം ഒന്നിച്ചു കൂടുന്ന പദങ്ങൾക്കു് ആകാംക്ഷയുള്ളതു കൊണ്ടു് അവ **സാകാംക്ഷങ്ങളും** ആകാംക്ഷയെ ശമിപ്പാൻ മാത്രം ആവശ്യമായ പദങ്ങളെ ചേൎത്തുണ്ടാകുന്ന വാക്യം വാക്യാന്തരത്തെ ആശ്രയിക്കാത്തതു നിമിത്തം വാക്യം **നിരാകാംക്ഷവും** ആകും.

284. 1. കേരളത്തിൽ എല്ലാടത്തും ഇപ്പോൾ നടപ്പുള്ളവയും ശിഷ്ടന്മാർ പ്രയോഗിക്കുന്നവയും മലയാളികൾക്കെല്ലാം എളുപ്പം ഗ്രഹിപ്പാൻ കഴിയുന്നവയും ആയ പദങ്ങൾ ആകുന്നു **ഉൽകൃഷ്ടപദങ്ങൾ.** ഇവയെയാണ് ലിഖിതഭാഷയിൽ ഉപയോഗിക്കേണ്ടതു.

2. രാജ്യത്തിലെ ഒരു പ്രദേശത്തിൽ മാത്രം പ്രയോഗിച്ചു വരുന്നതു **ദേശിപദവും** സാഹിത്യപ്രയോഗത്തിന്നു് അനൎഹമായതു **ഗ്രാമ്യപദവും** ആകുന്നു. അനുകരണത്തെക്കാണിപ്പാൻ മാത്രമല്ലാതെ ദേശിപദങ്ങളേയും ഗ്രാമ്യപദങ്ങളേയും ലിഖിതഭാഷയിൽ പ്രയോഗിക്കരുതു.

a. ദേശിപദങ്ങൾ — ഇടങ്ങാറു, ഇമ്മിണി, തെമ്പോളം, തുപ്പനെ, വന്നേനേ, പറഞ്ഞാലത്തേ പീരക്ക, താലോരിക്ക, കൊറ.

b. ഗ്രാമ്യങ്ങൾ — എന്തിത്താണ്, കൊണ്ടാ, കൊട്ടന്നാ, പൂച്ചേറെകാൽ, കാണ്ടിക്കെടോ, വന്നിനി.

3. ദേശിപദങ്ങൾക്കു സാൎവ്വത്രികപ്രയോഗവും ഗ്രാമ്യപദങ്ങൾക്കു ശിഷ്ടസമ്മതവും ഇല്ലായ്കയാൽ അവക്കു സാഹിത്യത്തിൽ പ്രവേശമില്ല. പദ്യത്തിന്നു പ്രത്യേകമായവയും പൂൎവ്വമലയാളത്തിലെ കൃതികളിൽ ഉള്ളവയും ഇപ്പോൾ അപ്രയുക്തങ്ങളും ആയ പദങ്ങളെ പ്രയോഗിക്കരുതു.

4. ഉത്തമകൃതികളെന്നു സൎവ്വസമ്മതമായ പുസ്തകങ്ങളിൽ പ്രയോഗിച്ചിരിക്കുന്ന ഉൽകൃഷ്ടപദങ്ങളെ ശേഖരിച്ചു പഠിച്ചു സന്ദൎഭാനുസാരം ഉപയോഗിച്ചാൽ അവ സ്വസ്വത്താകും.

285. 1. വാക്യത്തിൽ ഒരു പൂൎണ്ണക്രിയയുള്ളതു കൊണ്ടു് അതു് ഏകതിങ്ങും ആഖ്യ ആഖ്യാതം എന്നു രണ്ടു ഭാഗങ്ങൾ ഉള്ളതു കൊണ്ടു് അതു ദ്വിദളവും ആകുന്നു. ഒരു അവരയുടെ രണ്ടു പരിപ്പുകൾ ഇടയിലുള്ള മുളയെ വളൎത്തി വള്ളിയാക്കുന്നതു പോലെ ആകാംക്ഷയും അന്വയവും **വാക്യബീജത്തെ** ഒരു പ്രബന്ധമാക്കുന്നു. ഒരു ആഖ്യയും ഒരാഖ്യാതവും

ഉള്ള വാക്യത്തെ കേവലാന്വയം അല്ലെങ്കിൽ മുഖ്യാന്വയം എന്നു പറയും.

കാവ്യാഭിധാനമായ രാമായണം എന്ന പദം വാക്യബീജമാകുന്നു. അതിന്റെ അൎത്ഥം രാമന്റെ അയനം (യാത്ര) എന്നാകുന്നു. ഈ വാചകത്തെ ഒരു വാക്യമാക്കാം. രാമൻ രാവണനെ ജയിപ്പാൻ വേണ്ടിച്ചെയ്ത യാത്രയെ രാമായണം വൎണ്ണിക്കുന്നു. ഈ വാക്യത്തെ ഒരു മഹാവാക്യമാക്കാം. രാമൻ അയോദ്ധ്യയെ വിട്ടു കാട്ടിൽ ചെന്നു രാക്ഷസന്മാരെ വധിച്ചു. അതിനാൽ കോപിച്ച രാവണൻ സീതയെ കട്ടു ലങ്കയിൽ കൊണ്ടു പോയി. സീതയെ വീണ്ടു കൊൾവാൻ രാമൻ ലങ്കയിൽ ചെന്നു രാവണനെ ജയിച്ചു സീതയോടു കൂടി സ്വരാജ്യത്തു മടങ്ങി വന്നു. ഈ മഹാവാക്യത്തിലെ വിചാരങ്ങളെ പൂൎണ്ണമായി വിവരിച്ചാൽ രാമായണപ്രബന്ധം ഉണ്ടാകും. രാമായണകഥയെച്ചുരുക്കി എഴുതുക. മഹാഭാരതകഥയെ മേൽക്കാണിച്ചപ്രകാരം വാചകവും വാക്യങ്ങളുമായി സൂചിപ്പിക്ക.

2. ഒരു ഉപന്യാസം വായിച്ച് അതിന്റെ താൽപൎയ്യം ഒരു വാക്യം കൊണ്ടും ആ വാക്യത്തെ ഒരു വാചകം കൊണ്ടും അതിനെ ഒരു വാക്കു കൊണ്ടും സൂചിപ്പിക്കുക.

3. കേവലാന്വയത്തിന്ന് ആഖ്യയും ആഖ്യാതവും മതിയെങ്കിലും ശ്രോതാവിന്റെ ജിജ്ഞാസാപൂൎത്തിക്ക വേറെയും പദങ്ങൾ ആവശ്യമായ്വരുന്നതു കൊണ്ടു വാക്യത്തിന്നു പുഷ്ടി കൂടും.

൨. വാക്യവിഭാഗങ്ങൾ.

286. 1. ചൊല്ലുകൾ, വിധായകവാക്യങ്ങൾ, ചോദ്യവാക്യങ്ങൾ, വ്യാക്ഷേപകവാക്യങ്ങൾ എന്നു വാക്യങ്ങൾ നാലു വിധമുണ്ടു (ബാ. 15—19).

2. വസ്തുസ്ഥിതി പരമാൎത്ഥമായി അറിയിപ്പാനുള്ള ചൊല്ലുകൾ ശാസ്ത്രവിഷയങ്ങളേയും ചരിത്രസംഭവങ്ങളേയും മററും പ്രതിപാദിക്കുന്നതിൽ ആവശ്യമാകയാൽ ആഖ്യാനം, വൎണ്ണനം, വിവരണം, രഞ്ജനം എന്നീ സാഹിത്യവിഭാഗങ്ങളിൽ അവയെ ധാരാളം പ്രയോഗിക്കും. ചൊല്ലുകളിലെ ക്രിയ നിൎദ്ദേശകപ്രകാരത്തിൽ ആയിരിക്കും. (25.)

3. ഇന്ന വിധം നടക്കണം, ഇന്ന വിധം നടക്കരുതു എന്നു ആജ്ഞാപിക്കുന്ന വാക്യം വിധായകവാക്യമാകുന്നു. അതു പ്രേരണ, പ്രവൎത്തനം (145. 3.) എന്നിവയെ അറിയിക്കുന്നതു കൊണ്ടു ധൎമ്മശാസ്ത്രം, ആജ്ഞകൾ, നിബന്ധനകൾ, മഹാരാജ്ഞകൾ മുതലായവയെ അറിയിക്കുന്നതിൽ ഉപയോഗപ്പെടും. ഇതിലെ ക്രിയ നിയോജകവിധായകപ്രകാരങ്ങൾ ആകും.

4. അടക്കിക്കൂടാത്ത മനോവികാരങ്ങളെ പെട്ടെന്നറിയിക്കുന്ന വാക്യങ്ങളാകുന്നു വ്യാക്ഷേപകവാക്യങ്ങൾ. ഇവയിൽ വ്യാക്ഷേപകാവ്യയങ്ങൾ മനോവികാരങ്ങളെ വ്യക്തമാക്കാൻ വന്നു കൂടും.

5. പാത്രങ്ങൾ താന്താങ്ങളുടെ മനോവികാരങ്ങളെ വൎണ്ണിക്കുമ്പോൾ വ്യാക്ഷേപകവാക്യത്തിന്നു ഇട കിട്ടും. സ്വാഭിപ്രായത്താൽ പരപ്രേരണത്തിന്നു ഇച്ഛിക്കുന്നവൻ പ്രസംഗിക്കുമ്പോഴും വ്യാക്ഷേപകവാക്യങ്ങളെ പ്രയോഗിക്കും. ആഖ്യാനത്തിലും വൎണ്ണനയിലും വിവരണത്തിലും ഫലിതാൎത്ഥത്തിന്നായി ലേഖകൻ സ്വമനോവികാരത്തെ സൂചിപ്പാൻ വ്യാക്ഷേപകവാക്യങ്ങളെ പ്രയോഗിക്കും. പരീക്ഷ്യർ ഔദ്ധത്യപരിഹാരാൎത്ഥമായി തങ്ങളുടെ ഉപന്യാസത്തിൽ ഈ വാക്യം ഒട്ടും ഉപയോഗിക്കാതിരിക്കുന്നതു നന്നു. ഉപന്യാസം മുഴുവനും ലേഖകന്റെ മാനസാപത്യം ആകയാൽ അതിന്റെ ഗുണോൽകൎഷത്തിന്നായി സ്വാഭിപ്രായം സൂചിപ്പിക്കുന്നതു് അവിനയമാകയില്ലേ.

6. ചോദ്യവാക്യങ്ങൾ രണ്ടു വിധമാകുന്നു. ഒരു വിഷയത്തെക്കുറിച്ചു് അറിവില്ലാത്തവൻ തന്റെ അജ്ഞാനം നീക്കി ജ്ഞാനം സംപാദിപ്പാൻ ചെയ്യുന്ന ചോദ്യം **പ്രശ്നവും** തന്റെ അഭിപ്രായത്തെ ശ്രോതാവു് അനുവദിപ്പാനുള്ള ഉദ്ദേശത്തോടു കൂടിയ ചോദ്യം **ആക്ഷേപവും** ആകുന്നു.

i. (a) പവനിന്നു് എന്താണു വില? (b) ഇന്നു മഴ പെയ്യുമോ? (c) മീനത്തിന്നു ഭേദം ഉണ്ടോ?

ii. (a) പവനിന്നു പതിനഞ്ചല്ലേ വില? (b) ഇന്നു മഴ പെയ്യാതിരിക്കുമോ? (c) മീനമുണ്ടോ ഭേദമാവുന്നു?

7. ചോദ്യവും വ്യാക്ഷേപകവും ഒരുവന്റെ ഇച്ഛയെ ആശ്രയിച്ചിരിക്കയാൽ അവക്കു മററു വാക്യങ്ങളോളം പ്രയോഗമില്ല. ചൊല്ലുകൾകൊണ്ടു ശേഷം വാക്യങ്ങളുടെയും താൽപൎയ്യം അറിയിപ്പാൻ കഴിയും.

(a) ഇങ്ങു വാ — നീ ഇങ്ങു വരേണമെന്നു ഞാൻ ഇച്ഛിക്കുന്നു (കല്പിക്കുന്നു).

(b) ഈ പുസ്തകത്തിന്റെ വില എന്തു? — ഈ പുസ്തകത്തിന്നു എത്ര വില കൊടുക്കേണമെന്നു പറവാൻ ഞാൻ അപേക്ഷിക്കുന്നു. (c) അയ്യോ എന്തൊരാപത്താണിതു — ഇതു വ്യസനിക്കാൻ തക്കതായ ഒരു വലിയ ആപത്തു തന്നെ.

പാഠപുസ്തകത്തിലെ ചില വാക്യങ്ങളെടുത്തു് അവയുടെ അർത്ഥം മാററാതെ രൂപം മാററുക.

287. വാക്യത്തിന്റെ താൽപര്യത്തെ ആധാരമാക്കി വാക്യങ്ങളെ ചൊല്ലു, ചോദ്യം വിധായകം, വ്യാക്ഷേപകം എന്ന നാലു വിഭാഗങ്ങളെ വിവരിച്ച ശേഷം വാക്യങ്ങളെ ഘടിപ്പിക്കുന്ന അംഗങ്ങളെ അനുസരിച്ചു് അവയെ കേവലവാക്യം, സങ്കീർണ്ണവാക്യം, സംയുക്തവാക്യം എന്നു മൂന്നു വിധമായിത്തരംതിരിക്കും.

ഒരു ആഖ്യയും ഒരു പൂർണ്ണക്രിയയും ചേൎന്നുണ്ടാകുന്നതു **കേവലവാക്യം.** അർത്ഥപൂർത്തിക്കും ആകാംക്ഷാശമനത്തിന്നും അത്യാവശ്യമായ കർമ്മം, വിശേഷണം, ഒരേ കർത്താവുള്ള ക്രിയാന്യൂനങ്ങളും കേവലവാക്യത്തിൽ അടങ്ങും. (ബാ. 164).

1. ഗുണമുള്ള വനിലാരമില്ല. 2. പ്രാണനെക്കാൾ നാണം വലുതു. 3. കരസ്ഥം പട്ടി കടിക്കില്ല. 4. അംബുജമധുപാനമാളരിക്കും ഭൃംഗം നിംബത്തെക്കാംക്ഷിച്ചീടുമോ? 5. അമരത്തടത്തിൽ തവള കരയേണം. ഈ കേവലവാക്യങ്ങളെ വിപരിണമിക്ക. (= മാററി അതേ അർത്ഥത്തിൽ എഴുതുക).

288. 1. ഒരു വാക്യാംഗത്തിന്നു ലോപം വന്ന വാക്യം **സംക്ഷിപ്തവാക്യ**മാകുന്നു. ആഖ്യ, ആഖ്യാതം, കർമ്മമെന്നിവക്കു ലോപം വന്നാൽ വാക്യത്തെ **ലുപ്താഖ്യം ലുപ്താഖ്യാതം, ലുപ്തകർമ്മം** എന്നു മുറക്കു പറയും. (ബാ. 167-8-9.)

സംഭാഷണത്തിൽ സംക്ഷിപ്തവാക്യങ്ങൾ ധാരാളം വരും. പദങ്ങളെ പ്രയാസം കൂടാതെ ഗ്രഹിപ്പാൻ കഴിയുമെന്നു വിചാരിച്ചു് അവയെ വിട്ടുകളയും.

"വരിൻ" (നിങ്ങൾ വരിൻ). "എപ്പോൾ വന്നു?" (നിങ്ങൾ എപ്പോൾ വന്നു). "ഇന്നലെ." (ഞാൻ ഇന്നലെ വന്നു). "എവിടുന്നു?" (നിങ്ങൾ എവിടെ നിന്നു വന്നു?). "നാട്ടിന്നു." (ഞാൻ നാട്ടിൽ നിന്നു വന്നു.) ഇവയെത്തരംതിരിക്ക.

2. അന്വയം കൊണ്ടും ആകാംക്ഷ കൊണ്ടും വാക്യാർത്ഥം എളുപ്പം ഗ്രഹിക്കാവുന്നതാണെന്നു വിചാരിച്ചു വാക്യത്തിൽ

ഉപയോഗിക്കാതെ വിട്ട പദങ്ങളെ പിന്നെയും ചേൎക്കുന്നതിന്നു് അദ്ധ്യാഹാരം എന്നു പേർ. (ബാ., 170.)

അദ്ധ്യാഹരിച്ച പദത്തെ അദ്ധ്യാഹൃതം എന്നു പറയും. അപോദ്ധാരത്തിങ്കൽ വിട്ട പദങ്ങളെ ചേൎത്തു വാക്യങ്ങളെപ്പൂൎണ്ണമായി എഴുതണം.

3. ഇംഗ്ലീഷിലും അദ്ധ്യാഹാരം ധാരാളം ചെയ്യാറുണ്ടെങ്കിലും അതു ഭാഷയിലേ അദ്ധ്യാഹാരത്തിൽ നിന്നു് അത്യന്തം വിലക്ഷണമാകുന്നു. ആഖ്യ, ആഖ്യാതം, കൎമ്മം എന്നിവയെ സാധാരണമായി വിടാറില്ല. ഇവയുടെ ലോപത്തെ നിയമിച്ചിട്ടും ഉണ്ടു.

4. ഭാഷയിൽ ആഖ്യ, ആഖ്യാതം, കൎമ്മം, ഷഷ്ഠ്യാദിവിഭക്തികൾ ചിലപ്പോൾ ലോപിക്കും.

a. i. ആഖ്യ, വാ, പോ, ഇരിക്കുവിൻ, വന്നാലും. *cf* **the Imperative.**

ii. എന്നു പറയുന്നു. എന്നു കേൾക്കുന്നു. എന്നു അറിയും ഇത്യാദി ജനശ്രുതിയാകയാൽ ജനങ്ങൾ, അവർ എന്ന പദങ്ങൾ ലോപിച്ചിരിക്കുന്നു.

iii. വാക്യാന്തരത്തിൽ നിന്നു് അവിലംബിതമായി ഗ്രഹിക്കാവുന്നതിനെയും വിടും. പൃഥ്വീപാലന്മാരായാൽ സത്യത്തെ രക്ഷിക്കേണം. കഴുതയെക്കണ്ടു പുലിയെന്നു വിചാരിച്ചു. നല്ലതു വരും എന്നു നിൎണ്ണയം. വിട്ട പദങ്ങളെ അദ്ധ്യാഹരിക്ക.

b. i. ആഖ്യാതം. ആഖ്യാതം നാമമായാൽ സംബന്ധക്രിയയെ വിട്ടുകളയും.*

ഈശ്വരൻ ജഗൽക്കാരണം,* അവൻ ഗുണവാൻ, സീത പതിദേവത.

ii. ഉണ്ടു, ലഭിക്ക, പോക, വരിക മുതലായ ക്രിയകൾ ലോപിക്കും.

എന്നാൽ ശുഭം [ഭവിക്കും]. ഭക്തിയില്ലാത്തവന്നു കൎമ്മം കൊണ്ടു് എന്തു ഫലം. [ഉണ്ടാകും, സിദ്ധിക്കും, ലഭിക്കും.] സീതയെക്കാണാതെ ഞാൻ അങ്ങോട്ടില്ല [പോകുന്നില്ല].

iii. ചോദ്യത്തിൽ ആഖ്യാതം ലോപിക്കും.

ഇച്ചെയ്തതു ന്യായമോ? ഇതു മതിയോ?

c. വിശേഷണത്തെ വിശേഷ്യത്തോടു ചേൎപ്പാനുള്ള സംബന്ധക്രിയയെ പദ്യത്തിൽ വിട്ടുകളയും.

ഉഗ്രൻ [ആയ] ദശാസ്യൻ.

d. പരിമാണവാചികളോട്ട് ഒന്ന് എന്ന സംഖ്യ ഉപയോഗിക്കാറില്ല. പശുവിൻ നെയ്യ് നാഴി. അവന്നു റുറുപ്പിക കൊടുത്തു. ലക്ഷം ജനങ്ങൾ.

5. കർത്ത്രാദികളെ സംബന്ധിക്കാത്ത സംഭാവനകളെ ഉപയോഗിച്ചാൽ വിട്ട പദങ്ങളെ അധ്യാഹരിക്കേണം.

കണ്ടാൽ ആശ്ചര്യം (അവർ ഇതു കണ്ടാൽ അവൎക്ക് ആശ്ചര്യം തോന്നും). കേട്ടാൽ പൊറുക്കരുതാത്ത വാക്കുകൾ (വാക്കുകൾ നിങ്ങൾ കേട്ടാൽ നിങ്ങൾക്ക് അവ പൊറുക്കരുതാത്തവ ആയിത്തീരുന്നവ).

3. അംഗവാക്യങ്ങൾ — ഉപവാക്യങ്ങൾ.

289. 1. ഒരു വാക്യത്തിന്റെ അംഗമായ്നില്ക്കുന്ന വാക്യത്തെ **അംഗവാക്യ**മെന്നും **ഉപവാക്യ**മെന്നും പറയും. ഉപവാക്യങ്ങൾ **അധിനവാക്യങ്ങൾ** എന്നും **പ്രധാനവാക്യങ്ങൾ** എന്നും രണ്ടുവിധമാകുന്നു. വേറൊരു വാക്യത്തെ ആശ്രയിക്കാതെ അൎത്ഥം പൂൎണ്ണമാകുന്ന ഉപവാക്യം **പ്രധാനവാക്യം**. അൎത്ഥപൂൎത്തിക്കു വാക്യാന്തരത്തെ ആശ്രയിക്കുന്നതു **അധീനവാക്യം** ആകുന്നു. ആഖ്യ, കൎമ്മം, വിശേഷണം എന്നിവയിൽ ഒന്നിന്റെ പ്രവൃത്തി ചെയ്യുന്ന അധീനവാക്യം പ്രധാനവാക്യത്തെ ആശ്രയിച്ചു നില്ക്കും. (ബാ. 172-3.) പ്രധാനവാക്യം ചിലപ്പോൾ ആഖ്യാതമായ്വരും.

2. നാമത്തിന്റെ പ്രവൃത്തി ചെയ്യുന്ന ഉപവാക്യം **നാമവാക്യവും** ഒരു പദത്തെ വിശേഷിക്കുന്നതു **ഭേദകവാക്യവും** ആകുന്നു.

a. 'പ്രിയംവദേ! നീ ശരിയായ്ത്തന്നെ പറഞ്ഞതു' എന്നതിന്റെ അൎത്ഥം "നിന്റെ വാക്യം ശരിയാണ്" എന്ന കേവലവാക്യത്തിന്നു സമം. 'നിന്റെ വാക്യം' എന്ന ആഖ്യക്കു പകരം 'നീ പറഞ്ഞതു' എന്ന വാക്യം വന്നിരിക്കയാൽ അതു നാമവാക്യം, 'ശരിയാണ്' എന്ന ആഖ്യാതത്തിന്റെ ആഖ്യ. 'ശരിയാണ്' എന്ന പ്രധാനവാക്യം നാമവാക്യത്തിന്റെ ആഖ്യാതമാകുന്നു.

b. 'ശകുന്തള വനജ്യോത്സ്നിയെ ഇത്ര സൂക്ഷിച്ചു നോക്കുന്നതിന്റെ സാരം മനസ്സിലായോ' എന്നതു 'വനജ്യോത്സ്നിയിങ്കൽ ശകുന്തളയുടെ സൂക്ഷ്മനോട്ടത്തി

ൻെറ സാരം മനസ്സിലായോ' എന്ന വാക്യത്തിന്നു സമമാകയാൽ 'ശകുന്തള വന ജ്യോത്സ്നിയെ ഇത്ര സൂക്ഷിച്ചു നോക്കുന്നതിൻെറ എന്നതു നാമവാക്യം ഷഷ്ഠീ വിഭക്തി സാരം എന്നതിൻെറ വിശേഷണം.

c. 'പറയാതെ തന്നേ ഇതു തപോവനപ്രദേശം എന്നു അറിയാം' 'നീ പറ യാതെ' (— നിൻെറ വാക്കുകൾ കൂടാതെ —) എന്നതു ഭേദകവാക്യം, അറിയാ മെന്ന ക്രിയയുടെ വിശേഷണം. ഇതു തപോവനപ്രദേശം [ആകുന്നു] എന്നതു നാമവാക്യം 'അറിയാം' എന്നതിൻെറ കൎമ്മം. 'എന്നു' എന്നതു ഈ രണ്ടു വാക്യങ്ങളെ കൂട്ടിച്ചേൎക്കുന്നു.

d. 'ഈശ്വരൻ ഉണ്ടെന്നു നാം വിശ്വസിക്കുന്നു' എന്നതിൽ 'ഈശ്വരൻ ഉണ്ടു' എന്ന നാമവാക്യം, 'വിശ്വസിക്കുന്നു' എന്ന ക്രിയയുടെ കൎമ്മമാകയാൽ അധീനവാക്യമാകുന്നു. 'നാം വിശ്വസിക്കുന്നു' എന്നതു അന്യവാക്യത്തെ ആശ്രയിച്ചു നില്ക്കാത്തതു കൊണ്ടു അതു പ്രധാനവാക്യം.

290. 1. ആഖ്യ, കൎമ്മം, വിശേഷണം എന്നിവയിൽ ഒന്നായുതും നാമവാക്യം. പ്രഥമാന്തമായ നാമവാക്യം ആഖ്യയും, ദ്വിതീയാന്തമായതു കൎമ്മവും, ഷഷ്ഠ്യന്തമായതു നാമവിശേഷണവും, ശേഷം വിഭക്തിയിൽ അവസാനിക്കുന്നതു ക്രിയാവിശേഷണവും ആകും.

2. ക്രിയാനാമത്തിലും ക്രിയാപുരുഷനാമത്തിലും അവസാനിക്കുന്ന നാമവാക്യങ്ങൾ അന്ത്യവിഭക്തിക്കു അനുസരിച്ചു ആഖ്യ, കൎമ്മം, വിശേഷണം എന്നിവയുടെ സ്ഥാനത്തു വരും. (ബാ. 175-6.)

ആഖ്യ — 'ചാണക്യൻ ഇന്നത്ര ഭോഷത്വമുള്ളോനല്ലെന്നു ദൃഢമല്ലോ' ഇതിൽ 'ചാണക്യൻ ഇന്നത്ര ഭോഷത്വമുള്ളോനല്ല' എന്നതു നാമവാക്യം 'ദൃഢമല്ലോ' എന്നതിൻെറ ആഖ്യ. 'ദൃഢമല്ലോ' എന്നതു പ്രധാനവാക്യം. ആഖ്യയായ നാമവാക്യവും ആഖ്യാതമായ പ്രധാനവാക്യവും 'എന്നു' എന്ന സംഗ്രാഹകഘടകത്താൽ കൂട്ടിച്ചേൎത്തിരിക്കുന്നു.

കൎമ്മം — 'രാമൻ കാട്ടിൽ പോയി എന്നു ജനങ്ങൾ കേട്ടു വ്യസനിച്ചു.' എന്ന വാക്യത്തിൽ 'രാമൻ കാട്ടിൽ പോയി' എന്ന നാമവാക്യം 'കേട്ടു' എന്നതിൻെറ കൎമ്മം.

3. പൂൎണ്ണക്രിയാന്തമായ നാമവാക്യത്തെ പ്രധാനവാക്യത്തോടു ചേൎപ്പാൻ 'എന്നു' 'എന്നതു' എന്നീ പദങ്ങളെ ഉപ

യോഗിക്കും. 'എന്നു' എന്നതിന്നു പിൻ വരുന്ന ക്രിയ അകർമ്മകമായാൽ നാമവാക്യം ആഖ്യയും സകർമ്മകമായാൽ കർമ്മവും ആകും. നാമവാക്യം 'എന്നതു' എന്നതിനോടു സാമാനാധികരണ്യത്തിൽ അന്വയിക്കുന്നതു കൊണ്ടു നാമവാക്യത്തിന്റെ അർത്ഥം 'എന്നതു' ശബ്ദത്തിന്റെ വിഭക്ത്യർത്ഥം തന്നെ. (ബാ. 177.)

1. വിശിഷ്ടനായ ഈ അതിഥിയെ ലഭിക്കയാൽ തപസ്സിന്ന് അഭിവൃദ്ധി തന്നെ. 2. ഞാൻ ആശ്രമവാസികളുടെ കർമ്മങ്ങളെല്ലാം നിർവിഘ്നമായി നടക്കുന്നുവോ എന്നു നോക്കുന്നതിനായി ഈ ധർമ്മാരണ്യത്തിൽ വന്നിരിക്കുകയാണു. 3. അദ്ദേഹം ഉപേക്ഷിച്ചതിന്റെ ശേഷം എടുത്തു വളർത്തിയതിനാൽ താതകണ്വനും ഇവളുടെ അച്ഛനായി. 4. ഭവതിക്കു തോന്നിയതു ശരി തന്നെ. 5. ഇനിയും കാണുന്നതിനെക്കുറിച്ച് അറിയിക്കുന്നതിനു ഞങ്ങൾ ലജ്ജിക്കുന്നു. 6. എനിക്കു നഗരത്തിലേക്ക് തിരിച്ചു പോകുന്നതിന്ന് ഉത്സാഹം കുറഞ്ഞു. ഇവയിലെ നാമവാക്യങ്ങളെക്കാണിച്ച് അവയുടെ പ്രയോഗം പറക.

291. 1. ഭേദകവാക്യങ്ങളെ നാമവിശേഷണങ്ങളായും ക്രിയാവിശേഷണങ്ങളായും വിഭജിക്കുന്നു. ക്രിയാനാമത്തിന്റേയും ക്രിയാപുരുഷനാമത്തിന്റേയും ഷഷ്ഠിയിൽ അവസാനിക്കുന്ന നാമവാക്യങ്ങളും ശബ്ദന്യൂനത്തിൽ അവസാനിക്കുന്ന ഉപവാക്യങ്ങളും നാമത്തെ വിശേഷിക്കും.

2. ക്രിയാനാമത്തിന്റേയും ക്രിയാപുരുഷനാമത്തിന്റേയും തൃതീയാദിവിഭക്തികളിൽ അവസാനിക്കുന്ന നാമവാക്യങ്ങളും ക്രിയാന്യൂനം, സംഭാവന, അനുവാദകം, ഭാവരൂപം എന്നീ അപൂർണ്ണക്രിയകളിൽ അവസാനിക്കുന്ന ഉപവാക്യങ്ങളും ക്രിയയെ വിശേഷിക്കും. (ബാ. 178-179.)

(a) 'ശകുന്തളേ, മുല്ലപ്പൂപോലെ സുകുമാരശരീരയായ (b) നിന്നെയും ഈ ആശ്രമവൃക്ഷങ്ങളെ നനയ്ക്കുന്നതിന്നു നിയോഗിച്ചതിനാൽ (c) താതകണ്വനു നിന്നെക്കാളും ഇവ പ്രിയതരങ്ങളാണ് (d) എന്നു ഞാൻ വിചാരിക്കുന്നു.' ഈ വാക്യത്തിൽ (a) എന്ന ഉപവാക്യം ശബ്ദന്യൂനത്തിൽ അവസാനിക്കുന്നതു കൊണ്ടു 'നിന്നെയും' എന്നതിന്റെ വിശേഷണം. (b) എന്നതു 'നിയോഗിച്ചതിനാൽ' എന്ന ക്രിയാപുരുഷനാമത്തിന്റെ തൃതീയയിൽ

അവസാനിക്കുന്നതു കൊണ്ടു (c) എന്നതിലേ 'ആണു്' എന്ന ക്രിയയുടെ വിശേഷണം. (c) എന്ന നാമവാക്യം (d) യിലേ 'വിചാരിക്കുന്നു' എന്നതിന്റെ കൎമ്മം. (d) എന്നതു പ്രധാനവാക്യം.

'ഉഗ്രനായുള്ളൊരു വിപ്രനവന്തനിക്കഗ്രാസനം നരപാലകന്മാരവർ എന്നും കൊടുക്കയില്ലെന്നും വരും,' ഇതിൽ. 1. 'ഉഗ്രനായുള്ള' എന്നതു ഭേദകവാക്യം 'ഒരു വിപ്രനവന്തനിക്കു' എന്നതിന്റെ വിശേഷണം; 2. 'ഒരു വിപ്രനവന്തനിക്കു് അഗ്രാസനം നരപാലകന്മാർ എന്നും കൊടുക്കയില്ല' എന്നതു നാമവാക്യം 'വരും' എന്നതിന്റെ ആഖ്യ. 3. 'വരും' എന്നതു പ്രധാനവാക്യം; 2-ാം വാക്യത്തിന്റെ ആഖ്യാതം.

(a) 'ജീവനോടു ബത പാണ്ഡുപുത്രരിന്നെവരിങ്ങു സവിധേ വസിക്കുമവ (b) പാപമീദൃശമരാജനന്ദിനിക്കേവമുള്ള ദശ സംഭവിച്ചിതേ.' ഈ വാക്യത്തിൽ (a) എന്നതു ഭാവരൂപത്തിൽ അവസാനിക്കുന്നതു കൊണ്ടു് അതു പ്രധാനവാക്യമായ (b) യിലേ 'സംഭവിച്ചിതേ' എന്നതിന്റെ വിശേഷണം.

1. എലി തൊടാഞ്ഞാൽ കല മലയ്ക്കു മുട്ടും. 2. കമ്പിളം നട്ടാൽ കമ്മട്ടി കായിക്കില്ല. 3. വാഴ നനയ്ക്കുമ്പോൾ ചീരയും നനയും. 4. നിലകു നിന്നാൽ മലകു സമം. 5. കാക്ക കുളിച്ചാൽ കൊക്കാകുമൊ? 6. ചുണങ്ങ കൊടുത്തു വഴുതിനിങ്ങ വാങ്ങരുതു്.

ഇവയെ വിഭജിച്ചു വാക്യസംബന്ധം കാണിച്ചു് അൎത്ഥം വിവരിക്കുക.

3. പ്രശ്നാൎത്ഥകസൎവ്വനാമം കൊണ്ടു തുടങ്ങുന്ന ഭേദകവാക്യം പൂൎണ്ണക്രിയയിൽ അവസാനിക്കും. ശബ്ദന്യൂനോപവാക്യം നിമിത്തം സിദ്ധിക്കുന്ന പ്രാധാന്യത്തേക്കാൾ അധിക പ്രാധാന്യം വിശേഷ്യത്തിനു കിട്ടാൻ ഈ ഭേദകവാക്യം പ്രയോഗിക്കും.

i. (a) യാതൊരു പുമാൻ പരമാത്മാനമുപാസിപ്പൂ (b) അവൻ ബ്രഹ്മത്തെ പ്രാപിക്കും. ii. (a) യാതൊരുത്തൻ മോഹം കൊണ്ടു കാൎയ്യം സാധിപ്പാൻ പുറപ്പെടുന്നു (b) അവന്നാപത്തു വരും. iii. (a) യാതൊരു ദേവി ആനന്ദരൂപിണിയായ്വസിക്കുന്നതും (b) അങ്ങനെയുള്ള ദേവിക്കു നമസ്കാരം. ഇവിടേ (a) എന്ന വാക്യങ്ങൾ ഭേദകവാക്യങ്ങൾ (b) എന്നിവയിലേ നാമങ്ങളെ വിശേഷിക്കുന്നു.

ഈ ഭേദകവാക്യങ്ങളെ ശബ്ദന്യൂനോപവാക്യങ്ങളാക്കി മാററിയുണ്ടാകുന്ന ഭേദം കാണിക്ക.

292. ഒരു പ്രധാനവാക്യവും അതിനെ ആശ്രയിച്ചു നില്ക്കുന്ന അധീനവാക്യങ്ങളും ചേൎന്നുണ്ടാകുന്നതു **സംകീൎണ്ണവാക്യം** ആകുന്നു.

ഉദാ: (a) നായാട്ടു മോഹമുള്ളതെങ്കിലും, (b) ഈ തിരുമേനിയിൽ കേവലം ഗുണത്തിന്നായിത്തന്നെ തീൎന്നിരിക്കുന്നു.

(a) മഹാത്മാവായ കണ്വമഹൎഷി ഇവിടെ ഇല്ലാത്തതിനാൽ (b) രാക്ഷസന്മാർ ഞങ്ങളുടെ യാഗകൎമ്മങ്ങൾക്കു വിഘ്നത്തെ ചെയ്യുന്നു. (a) = അധീനവാക്യം (b) = പ്രധാനവാക്യം.

293. ഭിന്നാഖ്യകൾ ഉള്ള കേവലവാക്യങ്ങൾ ഒന്നിച്ചു ചേൎന്നുണ്ടാകുന്ന ഒററ വാക്യത്തിന്നു **സംയുക്തവാക്യം** എന്നു പേർ.

i. "ചില പഴങ്ങൾ വെള്ളയും, ചിലതു പളുങ്കു പോലെ പ്രസന്നവും, ചിലതു ഇളഞ്ചുവപ്പും, ചിലതു കടുഞ്ചുവപ്പും, ചിലതു പച്ചയും, ചിലതു നീലവും ചിലതു ശ്യാമളവും, ചിലതു മഞ്ഞയും ആയിരുന്നു." ഇതു് എട്ടു കേവല വാക്യങ്ങൾ ചേൎന്നുണ്ടായ സംയുക്തവാക്യമാകുന്നു.

ii. "ഭൂസുരശ്രേഷ്ഠനായുള്ള ചാണക്യൻ അയച്ചു, ഞാൻ
വന്നേൻ ഭവാനെയും കൊണ്ടങ്ങു ചെല്ലുവാൻ.
തിണ്ണം പുറപ്പെട്ടു പോരികയും വേണം."

ഇവിടെ 'ഭൂസുരശ്രേഷ്ഠനായുള്ള ചാണക്യൻ എന്നെ അയച്ചു' എന്ന വാക്യത്തിൽ ചാണക്യനും 'ഞാൻ ഭവാനെയും കൊണ്ടങ്ങുചെല്ലുവാൻ വന്നേൻ' എന്നതിൽ ഞാനും '(ഭവാൻ) തിണ്ണം പുറപ്പെട്ടുപോരികയും വേണം' എന്ന വാക്യത്തിൽ ഭവാനും, ആഖ്യകളായിരിക്കുന്നതു കൊണ്ടു് ഈ മൂന്നു വാക്യങ്ങളും ചേൎന്നുണ്ടായ വാക്യത്തിന്നു സംയുക്തവാക്യം എന്നു പേർ.

iii. രാമനും, കൃഷ്ണനും, ഗോപാലനും പരീക്ഷയിൽ ജയിച്ചു എന്നതു സംയുക്തവാക്യം.

iv. 'രാമൻ അയോദ്ധ്യയിൽ നിന്നു പുറപ്പെട്ടു, സിദ്ധാശ്രമത്തിൽ ചെന്നു, അവിടെ താടകയെക്കൊന്നു, ഗൌതമാശ്രമത്തിൽ ചെന്നു് അഹല്യയെക്കണ്ടു, അവിടുന്നു മിഥിലയിൽ പോയി സീതയെ വിവാഹം ചെയ്തു' എന്ന വാക്യം കേവലവാക്യമാകുന്നു. ക്രിയാന്യൂനങ്ങൾ പൂൎണ്ണക്രിയയുടെ വിശേഷണങ്ങളും രാമൻ ചെയ്ത ക്രിയകളുമാകയാൽ അവ സമാനകൎത്തൃകങ്ങൾ ആകുന്നു.

ഇതിലെ ഉപവാക്യങ്ങൾ മററു വാക്യങ്ങളെ ആശ്രയിക്കാതെ സ്വതന്ത്രമാ

യിരിക്കയാൽ അവയെ **പ്രധാനവാക്യങ്ങളെന്നു** പറയും. ഓരോ ജില്ലയിലേ കലക്ടർമാർ സ്വജില്ലയിൽ പ്രധാനന്മാരെങ്കിലും അവർ ഗവൎമ്മേണ്ടിന്നു് അധീനന്മാർ ആകുന്നു. ഇതാകുന്നു സംയുക്തവാക്യത്തിലേ സംബന്ധം. കലക്ടരും അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാരും തമ്മിലുള്ള സംബന്ധം പോലെയാണു സംകീൎണ്ണവാക്യത്തിലേ അംഗവാക്യങ്ങൾ തമ്മിലുള്ള സംബന്ധം.

294. 1. **ഭാഷയിൽ ആഖ്യകൾ പ്രാധാന്യമാകയാൽ വാക്യത്തിൽ എത്ര ആഖ്യകൾ ഉണ്ടോ അത്ര തന്നെ ഉപവാക്യങ്ങളും ഉണ്ടാകും.**

സംകീൎണ്ണവാക്യവും സംയുക്തവാക്യവും ചേൎന്നുണ്ടാകുന്നതു **സമ്മിശ്രവാക്യ**മാകുന്നു. ഒന്നിലധികം പ്രധാനവാക്യങ്ങൾ ഉള്ളതു കൊണ്ടു സമ്മിശ്രവാക്യത്തെ ഒരു പ്രത്യേകവൎഗ്ഗമായി വിചാരിക്കുന്നതിനെക്കാൾ അതിനെ സങ്കീൎണ്ണവാക്യത്തിൽ ഉൾപ്പെടുത്തുന്നതു നല്ലതെന്നു നിശ്ചയിച്ചു് ഈ ഭേദത്തെ ഉപേക്ഷിച്ചിരിക്കുന്നു.

2. **സംയുക്തവാക്യത്തിൽ ഉപവാക്യങ്ങൾക്കു തമ്മിലുള്ള സംബന്ധം നിപാതങ്ങളെക്കൊണ്ടു കാണിക്കാതെ അവയുടെ സംഹിത കൊണ്ടു മാത്രം സൂചിപ്പിക്കുന്നുവെങ്കിൽ ആ ഉപവാക്യങ്ങളെ ആനുഷംഗികവാക്യങ്ങൾ എന്നു പറയും.**

നക്ഷത്രങ്ങൾ തെളിഞ്ഞു ഗഗനത്തിൽ,
ദിക്കുകൾ പത്തുമൊക്കെ പ്രകാശിച്ചു,
അൎക്കസോമരും സുപ്രഭാ കൈക്കൊണ്ടു,
ലക്ഷ്മി വൎദ്ധിച്ചു ഭൂമിയിൽ, ഗോവിന്ദ.

ഇതു ശ്രീരാമന്റെ ജനനദിവസത്തിന്റെ വൎണ്ണനമാകുന്നു. ഇതിൽ ഉപവാക്യങ്ങളെ കൂട്ടിച്ചേൎത്തിട്ടില്ല എങ്കിലും ഇവയുടെ സംബന്ധം പ്രത്യക്ഷമാണല്ലോ. ഈ വാക്യങ്ങൾ സംഭവങ്ങൾ യൗഗപദ്യേന ഉണ്ടായി എന്നു ധ്വനിപ്പിക്കുന്നതു കൊണ്ടു് അവ സാകാംക്ഷങ്ങൾ ആയ ആനുഷംഗികവാക്യങ്ങളാകുന്നു.

3. **സാമാനാധികരണ്യമുള്ള ഉപവാക്യങ്ങൾ സജാതീയവാക്യങ്ങൾ** ആകും.

(a) രാമൻ രാവണനെ ജയിച്ചുവെന്നും (b) ഉടനെ പട്ടാഭിഷേകമുണ്ടാകുമെന്നും (c) കേട്ടു പൌരന്മാർ സന്തോഷിച്ചു. ഈ സങ്കീൎണ്ണവാക്യത്തിൽ,

a, b എന്ന ഉപവാക്യങ്ങൾ കേട്ടു എന്നതിന്റെ കർമ്മങ്ങളാകയാൽ അവ സാമാനാധികരണ്യം ഉള്ള സജാതീയവാക്യങ്ങൾ ആകുന്നു.

295. തമ്മിൽ അന്വയിക്കുന്ന പദങ്ങൾ ചേൎന്നു ഉപവാക്യമാകാതെ നില്ക്കുന്നുവെങ്കിൽ അതു **വാചകം** ആകും. വാചകം ഒരു പദത്തിന്നു പകരം വന്നു അതിന്റെ പ്രവൃത്തി ചെയ്യും. ഇതു അൎത്ഥത്തെ ആശ്രയിച്ചിരിക്കും.

ദേവി കല്പിച്ചതു പോലേ അടിയൻ ചെയ്യാം. ഇന്നു ദേവി അമ്മയോടും സുഭദ്രാദേവി തുടങ്ങിയുള്ള സപത്നികളോടും കൂടി ആൎയ്യയായ ഗാന്ധാരീദേവിയുടെ പാദവന്ദനം ചെയ്യുന്നതിന്നായി എഴുന്നെള്ളിയിരുന്നു.

കല്പിച്ചതു പോലേ, അമ്മയോടും സപത്നികളോടും കൂടി എന്നിവ ക്രിയാവിശേഷണങ്ങൾ ആകുന്നു. സുഭദ്രാദേവി തുടങ്ങിയുള്ള നാമവിശേഷണം. ഗാന്ധാരീദേവിയുടെ പാദവന്ദനം എന്ന വാചകം നാമം കൎമ്മം.

296. ശബ്ദന്യൂനത്തെ നാമവിശേഷണമാക്കി എടുത്തിട്ടുണ്ടു. ഗുണവചനത്തോടും ഗുണനാമങ്ങളോടും ശബ്ദന്യൂനങ്ങൾ ചേൎന്നുണ്ടായ പദക്കൂട്ടത്തെ ഉപവാക്യമായിട്ടോ വാചകമായിട്ടോ വിചാരിക്കേണ്ടതു?

1. ആഖ്യയെ വിശേഷിക്കുന്ന ശബ്ദന്യൂനത്തിന്റെ കൎത്താവു ആഖ്യയാകുന്നുവെങ്കിൽ ശബ്ദന്യൂനാന്തപദകദംബം വാചകമാകും.

'വളരേ ഗ്രന്ഥങ്ങളെപ്പറ്റിച്ച ഈ മനുഷ്യൻ ആലോചനയോടും യുക്തിയോടും കൂടി സംസാരിക്കുന്നു.' ഇതിൽ പഠിച്ചവനും സംസാരിക്കുന്നവനും ഒരാൾ ആകയാൽ വളരെ ഗ്രന്ഥങ്ങളെപ്പറ്റിച്ച എന്നതു 'വാചകം,' ആലോചനയോടും യുക്തിയോടും കൂടി എന്ന വാചകത്തിൽ കൂടി എന്നതു ഗതിയാകയാൽ ക്രിയാന്യൂനത്തിൽ അവസാനിക്കുന്ന ഉപവാക്യമല്ല. അതു ക്രിയാവിശേഷണമായ വാചകം തന്നെ.

2. ആഖ്യയെ വിശേഷിക്കുന്ന ശബ്ദന്യൂനത്തിന്നും ആഖ്യാതത്തിന്നും കൎത്താക്കൾ പൃഥക്കായാൽ ശബ്ദന്യൂനാന്തപദകദംബം ഭേദകവാക്യമാകും.

(a) 'പരമദയാലുവായ ഈശ്വരൻ എല്ലായ്പോഴും ചെയ്തുവരുന്ന (b) നന്മകൾ നമ്മെ സങ്കടങ്ങളിൽ നിന്നു സംരക്ഷിക്കുന്നു.' ഇതിൽ a എന്നതു നന്മകൾ എന്നതിനെ വിശേഷിക്കുന്ന ഭേദകവാക്യം. 'ചെയ്തു വരുന്ന' എന്നതിന്റേയും 'സംരക്ഷിക്കുന്നു' എന്നതിന്റേയും കൎത്താവു ഒന്നല്ല, 'പരമദയാലു

വായ എന്നതു് ഈശ്വരവിശേഷണമായ വാചകം ആകുന്നു. ദയാലുവാകുന്നതും ചെയ്തുവരുന്നതും ഈശ്വരനാകയാൽ 'പരമദയാലുവായ' എന്നതു് ഉപവാക്യമല്ല.

3. ദ്വിതീയാദിവിഭക്തികളെ ശബ്ദന്യൂനം വിശേഷിക്കുന്നു എങ്കിൽ ആ പദക്കൂട്ടം ശബ്ദന്യൂനോപവാക്യമാകും.

തന്നോടു തുല്യനായുള്ള | ജനങ്ങളിൽ തന്നെ വലിയവൻ ചെന്നിരിപ്പുള്ളവനാം. ഇങ്ങിനെ പലതരം പറഞ്ഞു കരയുന്ന മംഗലശീലനായ | ചന്ദ്രഗുപ്തനോടവർ പിന്നെയും നാണമകലേ കളഞ്ഞുരചെയ്താർ.

ഇവിടെ 'തന്നോടു തുല്യനായുള്ള' എന്നതും 'ഇങ്ങിനെ . . . . . . മംഗലശീലനായ' എന്നതും ശബ്ദന്യൂനത്തിൽ അവസാനിക്കുന്ന ഭേദകവാക്യങ്ങൾ.

പഠിക്കുന്ന | കുട്ടിയെക്കണ്ടു ഗുരുനാഥൻ സന്തോഷിച്ചു. ജയിച്ച | കുട്ടിക്കു സമ്മാനം കൊടുത്തു. വരും | കൊല്ലത്തിൽ ഒരു സൂര്യഗ്രഹണം ഉണ്ടാകും. ഈ വാക്യങ്ങളെ വിഭജിക്ക.

297. 1. ആഖ്യയും ക്രിയാന്യൂനങ്ങളുടെ കർത്താവും ഒന്നായാൽ ക്രിയാന്യൂനങ്ങൾ പൂർണ്ണക്രിയയുടെ വിശേഷണങ്ങളാകും. ഭിന്നകർത്തൃകങ്ങളായ ക്രിയാന്യൂനങ്ങളിൽ അവസാനിക്കുന്ന പദക്കൂട്ടം ഭേദകവാക്യമായിരിക്കും.

നിശ്ചയിച്ചേവം ഉറച്ചഥ രാക്ഷസൻ വിശ്വസിച്ചപ്പോൾ അവനോടുരചെയ്‌വാൻ = അഥ രാക്ഷസൻ ഏവം നിശ്ചയിച്ചു, അപ്പോൾ വിശ്വസിച്ചു, അവനോടു് ഉരചെയ്‌വാൻ എന്നതിൽ ക്രിയയുടെ കർത്താവു രാക്ഷസനാകയാൽ ക്രിയാന്യൂനങ്ങൾ പൂർണ്ണക്രിയയുടെ വിശേഷണങ്ങൾ ആകുന്നു. കൃഷ്ണൻ പാണ്ഡവരെക്കാണ്മാൻ വനത്തിൽ പോയി.

യുദ്ധം കഴിഞ്ഞു പാണ്ഡവർ പുരപ്രവേശം ചെയ്തു. കുട്ടി വീണു കൈ മുറിഞ്ഞു. കൃഷ്ണൻ പാണ്ഡവരെക്കാണ്മാൻ വനത്തിൽ പോയതറിഞ്ഞു ജരാസന്ധൻ മധുരയെ വളഞ്ഞു. ഇവയിലെ ഉപവാക്യങ്ങളുടെ സംബന്ധം പറക.

2. വിഭക്തികളോടു് അന്വയിക്കുന്ന ഗതികൾ ചേർന്നുണ്ടാകുന്ന യോഗങ്ങൾ വാചകങ്ങളാകുന്നു. ഗതികൾ ശബ്ദന്യൂനങ്ങളായാൽ പദയോഗം നാമവിശേഷണവും ക്രിയാന്യൂനങ്ങളായാൽ അതു ക്രിയാവിശേഷണങ്ങളും ആകും.

ഭാര്യയോടും അനുജനോടും കൂടിയ രാമൻ വനത്തിൽ പോയി = ഭാര്യയോടും അനുജനോടും കൂടി രാമൻ വനത്തിൽ പോയി. ഇവ തമ്മിൽ ഭേദം എന്തു?

298. വിചാരത്തിന്റെ താൽപര്യം വിശദമാക്കാനായി വാക്യത്തെ ചൊല്ല മുതലായി നാലു തരങ്ങളാക്കി വിഭജിച്ചു. വാക്യാംഗങ്ങളുടെ ഘടനയെ അടിസ്ഥാനമാക്കി വാക്യങ്ങളെ കേവലം, സംകീർണ്ണം, സംയുക്തം എന്ന മൂന്നു വിധമായിത്തരം തിരിച്ചു കഴിഞ്ഞു. ഇനി വാക്യത്തിലെ പദസംഖ്യയെ അടിസ്ഥാനമായി അതിനെ ഭാഗിക്കാം.

ആകാംക്ഷയെ ശമിപ്പാനല്ലേ പദങ്ങൾ വാക്യത്തിൽ കടന്നു കൂടുന്നതു? എന്നാൽ ശ്രോതാവിന്റെ ജിജ്ഞാസയെ നിയന്ത്രണം ചെയ്വാൻ വക്താവിന്നു സാധ്യമല്ലായ്കയാൽ അർത്ഥവൈശദ്യത്തിന്നു ശ്രമിക്കുന്നവൻ വാക്യൈക്യം കൊണ്ടു വാക്യാർത്ഥത്തെ മന്ദപ്രകാശമാക്കരുതു.

1. വിചാരം ഒരു വിഷയത്തെ മാത്രമേ സംബന്ധിക്കയുള്ളൂ. ആ വിചാരത്തെ സ്പഷ്ടമാക്കാൻ അത്യാവശ്യമായ സംഗതികളെ മാത്രം വാക്യത്തിൽ പറഞ്ഞാൽ അതിന്നു ഐക്യം ഉണ്ടാകും. (278. 1.)

2. വിചാരത്തിന്നു അത്യാവശ്യമായ പദങ്ങളെ മാത്രം ചേർത്തുണ്ടാക്കിയ ചെറിയ വാക്യങ്ങളെ ഹ്രസ്വവാക്യങ്ങൾ എന്നും വിചാരത്തെ പൂർണ്ണമായി വെളിവാക്കുവാൻ ഉപവാക്യങ്ങളേയും വാചകങ്ങളേയും ചേർത്തുണ്ടാക്കിയ നീണ്ട വാക്യങ്ങളെ ദീർഘവാക്യങ്ങൾ എന്നും പറയും. ഈ രണ്ടു വിധം വാക്യങ്ങൾക്കും ഐക്യം ഉണ്ടായിരിക്കേണം.

ഹ്രസ്വവാക്യം— ജീവനുള്ള ഏതു ശരീരത്തിന്നും അവയവഘടനയ്ക്കു പല കാരണങ്ങളാൽ ഹാനി പററാവുന്നതാണു്.

ദീർഘവാക്യം— 'പതിനെട്ടു വയസ്സു തികയുന്നതിന്നു മുമ്പു തന്നെ അദ്ദേഹം തന്റെ നാട്ടുകാരായ അനേകം കരുത്തന്മാരെ പാട്ടിലാക്കി, നാലു പുറത്തും ഉള്ള നാടുകളിൽ കടന്നു കൊള്ളയിടുവാൻ തുടങ്ങിയതിനാലും, ഒരു കൂട്ടം മോഷ്ടാക്കന്മാരുടെ തലയാളി എന്ന സ്ഥിതി മാറി കാലക്രമേണ ബലവത്തായ ഒരു ചെറിയ സൈന്യത്തിന്റെ അധിപതിയായിത്തീർന്നതിനാലും, ശിവാജിയുടെ സമീപസ്ഥന്മാരായ രാജാക്കന്മാർക്കു അദ്ദേഹത്തിന്റെ പേർ ഭയാവഹമായിഭവിച്ചു; എന്നു മാത്രമല്ല, അസംഖ്യം കോട്ടകൾ കീഴടങ്ങിയതു കൊണ്ടു അദ്ദേഹം അഖണ്ഡങ്ങളായ നാടുകൾക്കു അധീശനാവുകയും 50,000 കാലാൾപ്പടയ്ക്കും 7,000 കുതിരപ്പടയ്ക്കും നായകനാവുകയും ചെയ്തു.

3. ദീൎഘവാക്യങ്ങളുടെ അംഗങ്ങൾ തമ്മിലുള്ള സംബന്ധം സ്പഷ്ടമാക്കാൻ കഴിയാതെ വന്നാൽ അവ നിരൎത്ഥകങ്ങൾ ആകുന്നതു കൊണ്ടു വിദ്യാൎത്ഥികൾ അതിദീൎഘവാക്യങ്ങളെ പ്രയോഗിക്കാതിരിക്കുന്നതു് ഉത്തമം.

4. ഒരു മഹാവാക്യത്തിലേ വാക്യങ്ങളെല്ലാം ഹ്രസ്വങ്ങളോ ദീൎഘങ്ങളോ ആയാൽ അതിന്നു് ആസ്വാദ്യത കുറയും. വാക്യങ്ങൾ തമ്മിലും ഉപവാക്യങ്ങൾ തമ്മിലും ഉള്ള സംബന്ധം നിൎണ്ണയിപ്പാൻ മനസ്സിനെ ക്ലേശിപ്പിക്കേണ്ടി വരുന്നു. വായനക്കാരെ രഞ്ജിപ്പിപ്പാൻ വാക്യങ്ങളെ നിൎമ്മിക്കുന്നതു കൊണ്ടു ഹ്രസ്വദീൎഘവാക്യങ്ങളെ ഇട കലൎന്നു് എഴുതുന്നതു് ഉത്തമപക്ഷം.

5. നേരെ പറവാൻ പാടുള്ളതിനെ വളച്ചു വളച്ചു പറയുമ്പോൾ അനാവശ്യമായി വാക്യത്തിലേ പദങ്ങൾ ഏറിപ്പോകും. അൎത്ഥം ഋജുവായി സ്പഷ്ടമാക്കാൻ അത്യാവശ്യമായ പദങ്ങളെ മാത്രം പ്രയോഗിച്ചാൽ പദങ്ങൾക്കു മിതത്വം എന്ന ഗുണം സിദ്ധിക്കും. പദങ്ങൾക്കു് അത്യാവശ്യം ആയ അന്വയവും ആകാംക്ഷയും നിയതക്രമവും ഉണ്ടായാൽ മിതത്വം കിട്ടും.

299. വസ്തുക്കളെ ഒരേടത്തു നിരത്തി വെച്ച വിധം വൎണ്ണിക്കുന്നതു **ദൈശികക്രമവും** ക്രിയകളെ സംഭവകാലം അനുസരിച്ചു പറയുന്നതു **കാലികക്രമവും** ആകുന്നു. വാക്യത്തിലേ പ്രധാനപദങ്ങളെ യോഗ്യസ്ഥാനത്തു പ്രയോഗിക്കുന്നതു ദൈശികക്രമവും വിചാരത്തിൽ മുന്തി നില്ക്കുന്ന പദങ്ങളെ പൂൎവ്വാപരീഭാവം പ്രമാണിച്ചു പറയുന്നതു കാലികക്രമവും ആകുന്നു. സാഹിത്യശാസ്ത്രത്തിന്റെ ജീവനായ ഈ രണ്ടു ക്രമങ്ങൾ വാക്യത്തിലും മഹാവാക്യത്തിലും പ്രബന്ധത്തിലും വ്യാപിച്ച കാണും. (8.)

300. 1. യോഗ്യത, ആകാംക്ഷ, ആസത്തി എന്ന ലക്ഷണങ്ങളും ഉള്ള പദങ്ങൾ ചേൎന്നുണ്ടാകുന്നതു പ്രമാണവാക്യം.

വിശ്വാസയോഗ്യമായ വാക്യം പ്രമാണവാക്യം. വ്യവഹാരം തത്വമറിവാനാകയാൽ വാക്യം വിശ്വാസാൎഹമായിരിക്കേണം.

പദങ്ങളുടെ അൎത്ഥങ്ങൾ തമ്മിൽ വിരോധമില്ലാതിരിക്കുന്നതു യോഗ്യത. 'കൎഷകൻ തീ കൊണ്ടു വയൽ നനക്കുന്നു' എന്നതിൽ പദങ്ങൾക്കു് അന്വയവും ആകാംക്ഷയും ഉണ്ടെങ്കിലും അവ നമ്മുടെ അനുഭവത്തിന്നു വിരോധമായ അൎത്ഥം പറയുന്നതു കൊണ്ടു് അവക്കു യോഗ്യതയില്ല. ലോകാനുഭവത്തിന്നു് അനുഗുണവും പ്രമാണാൎഹവും ആയ അൎത്ഥം **യോഗ്യത.** ഇവക്കു വിപരീതമായ അൎത്ഥം **ബാധ.** ന്യായശാസ്ത്രം കൊണ്ടും ലോകാനുഭവം കൊണ്ടും അറിയേണ്ടുന്ന യോഗ്യത വ്യാകരണവിഷയമല്ല. എങ്കിലും നമ്മുടെ ഭാഷണത്താൽ ഇഷ്ടകാൎയ്യങ്ങളെ സാധിപ്പിപ്പാനായി നാം പ്രമാണാൎഹവാക്യങ്ങളെ ഉപയോഗിക്കേണ്ടതു കൊണ്ടു നമ്മുടെ വാക്യങ്ങൾക്കു യോഗ്യത വേണം.

സംസാരിക്കുമ്പോൾ പദങ്ങളെത്തുടൎന്നു പറയുന്നതാകുന്നു **ആസത്തി** അല്ലെങ്കിൽ **സന്നിധി.** 'ലങ്കാവിജേതാവു്' എന്നു് ഉച്ചരിച്ചു് അരമണിക്കൂറു കഴിഞ്ഞ ശേഷം 'വസിഷ്ഠരുടെ നിയോഗപ്രകാരം' എന്ന പദങ്ങളേയും അതിൽ പിന്നെ ഒരു മണിക്കൂറു കഴിഞ്ഞാറെ 'അശ്വമേധം ബഹുഘോഷമായി കഴിച്ചു' എന്നു പറയുന്നതായാൽ പദങ്ങൾക്കു കാലവ്യവധാനം നിമിത്തം അന്വയമില്ലാതെ വാക്യാൎത്ഥം ജനിക്കുന്നില്ല. ദൈശികകാലികക്രമങ്ങളെ ഉല്ലംഘിച്ചാൽ വാക്യത്തിലേ പദങ്ങൾക്കു് ആസത്തി ഉണ്ടാകയില്ല; ദൂരാന്വയം എന്ന ദോഷം വരാതിരിപ്പാൻ അന്വിതപദങ്ങളെ അടുത്തടുത്തുപയോഗിക്കേണം. അന്വിതപദങ്ങളുടെ ഇടയിൽ അന്യപദങ്ങൾ വരാതിരിക്കേണം. (260.)

2. വിചാരം ഒരു അംഗിയാകയാൽ അതിനെ അറിയിക്കുന്ന വാക്യാംശങ്ങൾക്കു വ്യവധാനം ഉണ്ടാകരുതു. പദങ്ങളെ മുറിച്ചെഴുതുന്ന ഇംഗ്ലീഷു സമ്പ്രദായത്തെ ഭാഷയിൽ അംഗീകരിച്ചതു കൊണ്ടു വായനക്കാൎക്കു സൌകൎയ്യം ഉണ്ടു. എങ്കിലും സന്ധിബദ്ധങ്ങളും സമാസഘടകങ്ങളും ആയ പദങ്ങളെപ്പിരിച്ചെഴുതരുതു.

3. പ്രകൃതിയുടെ അൎത്ഥം പറവാൻ പ്രകൃതിപ്രത്യയങ്ങളുടെ ഇടയിൽ വലയവും അതിൽ അവിഭക്തിപദവും ചേൎക്കുന്നതു വളരെ ആഭാസം തന്നെ. ഇതു് ഇംഗ്ലീഷുബീജഗണിതരീതിയാകയാൽ ഭാഷക്കു യോജിക്കുന്നതല്ല.

'അതീതങ്ങ (കഴിഞ്ഞവ) ളായും അനാഗതങ്ങ (ഇനി വരാൻ പോകുന്നവ) ളായും' 'സംഹാര(പ്രളയ)വും'.

4. ലോകാനുഭവം, ശാസ്ത്രങ്ങൾ, ഉത്തമസാഹിത്യകൃതികൾ, പ്രമാണാർഹകോശങ്ങൾ മുതലായവയെപ്പറ്റി വിചാരത്തിന്നു വികാസവും വ്യക്തതയും സമ്പാദിച്ചു് ഉൽകൃഷ്ട പദങ്ങളെത്തിരഞ്ഞെടുത്തു വ്യാകരണാനുസാരമായ രൂപങ്ങളോടു കൂടി യോഗ്യത, ആകാംക്ഷ, ആസത്തി എന്നിവയേയും കാത്തു വാക്യങ്ങൾ നിർമ്മിച്ചാൽ അവ ഉത്തമവാക്യങ്ങൾ ആകും.

301. മേൽ വിവരിച്ച സംഗതികളെ താഴേ കാണുന്ന ഉദാഹരണത്തിൽ നിന്നു ഗ്രഹിക്കാം.

'കൃഷ്ണൻ ഉപദേശിച്ചു.' ഇവിടെ രണ്ടു പദങ്ങൾ ചേൎന്നു് ഉണ്ടായ വാക്യം കേട്ട ശ്രോതാവിന്നു കൃഷ്ണൻ ആരെന്നു് അറിവില്ലെങ്കിൽ ഏതു കൃഷ്ണൻ എന്ന ചോദ്യത്തിന്നു് ഇടയാകും. അതിൻെറ സമാധാനത്തിന്നായിട്ടു വസുദേവരുടെ മകൻ കൃഷ്ണനെന്നു പറഞ്ഞിട്ടും ശ്രോതാവിന്നു വ്യക്തമായ അറിവു കിട്ടുന്നില്ലെങ്കിൽ ദ്വാരകയിലെ രാജാവായിരുന്ന കൃഷ്ണൻ എന്നും കൂടി പറയും. വസുദേവരുടെ പുത്രനും ദ്വാരകയിലെ രാജാവും ആയ കൃഷ്ണൻ ഉപദേശിച്ചു എന്നു പറഞ്ഞിട്ടും അൎത്ഥം പൂൎണ്ണമായിട്ടില്ല. എന്തു് ഉപദേശിച്ചു? ഗീതാശാസ്ത്രം. ആരെ ഉപദേശിച്ചു? അൎജ്ജുനനെ ഉപദേശിച്ചു. എപ്പോൾ? ഭാരതയുദ്ധത്തിങ്കൽ. ഭാരതയുദ്ധം എപ്പോൾ സംഭവിച്ചു? ഏകദേശം അയ്യായിരം കൊല്ലം മുമ്പേ. എന്തിന്നുപദേശിച്ചു? അൎജ്ജുനൻെറ ശോകത്തേയും മോഹത്തേയും കളവാനായിട്ടു. അൎജ്ജുനന്നു് എന്തിന്നു ശോകമോഹങ്ങൾ ഉണ്ടായി? യുദ്ധത്തിൽ ഭീഷ്മർ, ദ്രോണർ മുതലായ ഗുരുജനങ്ങളെ കൊല്ലേണമല്ലോ എന്ന വിചാരത്താൽ ശോകവും; ക്രൂരകൎമ്മമായ യുദ്ധത്തെ ഉപേക്ഷിച്ചിട്ടു ഭിക്ഷാടനം കൊണ്ടു് ഉപജീവനം കഴിക്കുന്നതു നന്നു എന്ന ആലോചനയാൽ മോഹവും ഉണ്ടായി. ഇപ്പോൾ കിട്ടിയ അറിവെല്ലാം ഒന്നിച്ചു കൂട്ടിയാൽ ഒരു വലിയ വാക്യമായിത്തീരും.

"ഏകദേശം അയ്യായിരം കൊല്ലം മുമ്പു സംഭവിച്ച ഭാരതയുദ്ധത്തിങ്കൽ ഭീഷ്മർ, ദ്രോണർ മുതലായ ഗുരുജനങ്ങളെ സമരാംഗണത്തിൽ വെച്ചു കൊല്ലേണമല്ലോ എന്ന വിചാരത്താൽ ശോകവും, ക്ഷത്രിയധൎമ്മം തന്നെയെങ്കിലും

അതിക്രൂരകൎമ്മമായതു കൊണ്ടു യുദ്ധത്തെ ഉപേക്ഷിച്ചു ബ്രാഹ്മണധൎമ്മമായ ഭിക്ഷാടനം ചെയ്തു് ഉപജീവനം കഴിക്കുന്നതു നന്നു എന്ന ആലോചനയാൽ മോഹവും ഉണ്ടായിട്ടു യുദ്ധം ചെയ്കയില്ലെന്നു ദുശ്ശാഠ്യം പറയുന്ന അൎജ്ജുനനെ വസുദേവരുടെ പുത്രനും ദ്വാരകയിലേ രാജാവും ആയ ശ്രീകൃഷ്ണൻ ഗീതാശാസ്ത്രത്തെ ഉപദേശിച്ചു.”

ജിജ്ഞാസുവിന്റെ ആകാംക്ഷയെ പൂരിപ്പിപ്പാൻ ആവശ്യമായ സംഗതികളെ വാക്യത്തിൽ ചേൎത്തതു കൊണ്ടു് അതു വളരെ നീണ്ടുപോയി. വാക്യത്തിലേ ഭാഗങ്ങളെല്ലാം തമ്മിൽ ചേൎന്നുറച്ചു നില്ക്കുന്നതു കൊണ്ടു വാക്യം മുഴുവനും വായിച്ചു തീൎന്നാലേ അൎത്ഥം പൂൎണ്ണമാകയുള്ളു എന്നിട്ടും വാക്യത്തിൽ അനേകവിചാരങ്ങൾ ഉള്ളതു കൊണ്ടു് ഐക്യമില്ലെന്ന ബലവത്തായ ദോഷം ഉണ്ടു താനും.

ഇങ്ങിനേ വാക്യങ്ങളിൽ അത്യാവശ്യമുള്ള വിവരങ്ങൾ എല്ലാം ചേൎത്തു ജ്ഞാനം വൎദ്ധിപ്പിച്ചു വാക്യം വലുതാക്കാമെങ്കിലും, അതിന്റെ മുഖ്യതാൽപൎയ്യം ‘ശ്രീകൃഷ്ണൻ ഗീതാശാസ്ത്രം അൎജ്ജുനനെ ഉപദേശിച്ചു’, എന്നു മാത്രം ആകുന്നു. ഈ വാക്യാംശത്തെ കേവലാന്വയം എന്നു പറയും. (285.)

ഈ നീണ്ട വാക്യത്തിന്റെ അൎത്ഥം എളുപ്പം ഗ്രഹിപ്പാൻ പ്രയാസം എന്നു കണ്ടു് അതിനെ ചെറിയ വാക്യങ്ങളായി പരിച്ഛേദിച്ചു് അൎത്ഥം വെളിവാക്കുക. ഇതു് പല വാക്യങ്ങളെ സമുച്ചയിച്ചുണ്ടാക്കിയതാകുന്നു. ഇതിലേ വിചാരം എന്തു? അതിനെ ഒരു വാചകം കൊണ്ടും ഹ്രസ്വവാക്യം കൊണ്ടും പറഞ്ഞു ഒരു മഹാവാക്യമാക്കുക.

1. ഏകദേശം അയ്യായിരം കൊല്ലങ്ങൾക്കു മുമ്പെ നമ്മുടെ ഭാരതവൎഷത്തിൽ ഒരു ഭയങ്കരമായ യുദ്ധം സംഭവിച്ചു. 2. യുദ്ധം ചെയ്വാൻ അൎജ്ജുനൻ വന്നു ഭീഷ്മർ ദ്രോണർ മുതലായ ഗുരുജനങ്ങളെ കണ്ടു. 3. ഈ മാന്യരായ ഗുരുപ്രവരന്മാരെ യുദ്ധത്തിൽ വെച്ചു കൊല്ലുന്നതു മഹാപാപം എന്നു് അൎജ്ജുനൻ അറിഞ്ഞു. 4. യുദ്ധം ക്ഷത്രിയധൎമ്മം തന്നെയാണെങ്കിലും ആയതു ക്രൂരകൎമ്മമാകയാൽ അതിനെ ഉപേക്ഷിക്കാൻ അൎജ്ജുനൻ ഉറച്ചു. 5. ഭിക്ഷാടനം ബ്രാഹ്മണധൎമ്മമാണെങ്കിലും അതു യുദ്ധത്തെക്കാൾ ഉത്തമം എന്നു അദ്ദേഹം വിചാരിച്ചു. 6. ഈ വിചാരങ്ങളാൽ ഉണ്ടായ ശോകമോഹങ്ങൾക്കു പരവശനായ പാൎത്ഥൻ യുദ്ധം ചെയ്കയില്ലെന്നു നിശ്ചയിച്ചു ശസ്ത്രാസ്ത്രങ്ങൾ രഥത്തിൽ വെച്ചു വിഷണ്ണനായിരുന്നു. 7. ഇതു കണ്ടിട്ടു വസുദേവരുടെ പുത്രനും ദ്വാരകയിലേ രാജാവും ആയ ശ്രീകൃഷ്ണൻ തന്റെ സഖാവായ അൎജ്ജുനനോടു ഗീതാശാസ്ത്രം ഉപദേശിച്ചു് അദ്ദേഹത്തിന്റെ ശോകമോഹങ്ങളെ നശിപ്പിച്ചു.

ഇതിനെ ഇനിയും പലവിധമായി മാററുവാൻ വിദ്യാൎത്ഥികൾ ശ്രമിക്കേണം. ഒരു ദീൎഘവാക്യത്തെ മഹാവാക്യമായി മാററാം. ഇതിൽ നിന്നു ഒരു വാക്യം തന്നെ മഹാവാക്യവുമായ്വരാം എന്ന തത്വം ഗ്രഹിക്കാം.

302. 1. മേലുദാഹരിച്ച വാക്യത്തിലേ ആഖ്യാതത്തിന്റെ ആകാംക്ഷാശമനത്തിന്നു മററു പദങ്ങൾ ആവശ്യമായതു കൊണ്ടു് ആഖ്യാതത്തിന്നു പരമപ്രാധാന്യമെന്നു വൈയാകരണന്മാരും ആഖ്യയുടെ അൎത്ഥപുഷ്ടിക്ക് ആഖ്യാതം വന്ന് ആഖ്യയെ ആശ്രയിച്ചിരിക്കയാൽ അതിന്നു പരമപ്രാധാന്യമെന്നു താൎക്കികന്മാരും വാദിക്കുന്നു. ഭാഷയിൽ വാക്യവിഭജനത്തിങ്കൽ ആഖ്യയെ പ്രമാണമാക്കി വിചാരിക്കുന്നതു കൊണ്ടു് അതിന്നാണു പ്രാമാണ്യം (294). എങ്കിലും പൂൎണ്ണക്രിയ വാക്യാവസാനത്തിൽ വരുന്നതു കൊണ്ടു് അതിന്നത്രേ പ്രാധാന്യം.

2. സംസ്കൃതത്തിലും ഭാഷയിലും ആഖ്യ, കൎമ്മം, ആഖ്യാതം എന്ന ക്രമത്തിലും ഇംഗ്ലീഷിൽ ആഖ്യ, ആഖ്യാതം, കൎമ്മം എന്ന ക്രമത്തിലും പദങ്ങൾ ചേൎന്നു വരും. സൎവ്വത്ര വിശേഷണങ്ങൾ വിശേഷ്യങ്ങളുടെ മുമ്പിൽ നില്ക്കും.

3. വാക്യത്തിലേ ആദ്യന്തങ്ങൾക്കു പ്രാധാന്യം ഉണ്ടെന്നും മദ്ധ്യത്തിന്നു പ്രാധാന്യമില്ലെന്നും ആദിയെക്കാൾ അന്തത്തിന്നു പ്രാധാന്യം ഏറുമെന്നും ഇംഗ്ലീഷു സാഹിത്യശാസ്ത്രസിദ്ധാന്തം. ഇതു ഭാഷയിലും സ്വീകാൎയ്യം തന്നെ. സാധാരണസ്ഥാനത്തു നിന്നു പദങ്ങളെ മാററിയാൽ അവക്കു നവീനപ്രാധാന്യം കിട്ടും. ഇതിനെ ബാലവ്യാകരണത്തിൽ (205.) വിവരിച്ചിട്ടുണ്ടു. ഭാഷയിൽ പൂൎണ്ണക്രിയയും പ്രധാനവാക്യവും ഒടുവിൽ വരുന്നതിന്നുള്ള ഉപപത്തി പ്രാധാന്യം തന്നെ.

4. പ്രധാനപദങ്ങളെ യുക്തം പോലെ വാക്യത്തിന്റെ ആദ്യന്തങ്ങളിൽ ഉപയോഗിച്ചതിൽ പിന്നെ ശേഷിച്ച പദങ്ങൾക്ക് ഉചിതസ്ഥാനം വാക്യമദ്ധ്യത്തിൽ നിശ്ചയിക്കുന്നതാകുന്നു **സംശ്ലേഷം**. ഈ പദങ്ങൾ ആദ്യന്തസ്ഥപദ

ങ്ങളെ ആലിംഗനം ചെയ്തു് ഒന്നായ്ത്തീരുന്ന ഗുണമാകുന്നു സംശ്ലേഷം.

5. ഐക്യം, പ്രാധാന്യം, സംശ്ലേഷം എന്നിവ വാക്യത്തിന്റെ മുഖ്യലക്ഷണങ്ങൾ ആകുന്നു. ഈ ലക്ഷണങ്ങൾ ഇല്ലാത്ത വാക്യത്തിന്നു വാക്യഭേദം എന്ന ദോഷം ഉണ്ടാകും. അസംബദ്ധവിഷയങ്ങളേയും ദിക്കാലകാരണഭേദങ്ങളാൽ സംബന്ധമററുപോയ വിഷയങ്ങളേയും അവസ്ഥാന്തരത്തെ പ്രാപിച്ചതു കൊണ്ടു വികാരം വന്നു പോയ ഒരു ഒററ വിഷയത്തേയും ഒരു വാക്യത്തിൽ ചേർത്തു പറഞ്ഞാൽ അതിന്റെ ഐക്യം നശിച്ചു് ഉണ്ടാകുന്ന ദോഷമാകുന്നു വാക്യഭേദം.

6. ശ്വാസകോശം, ഹൃദയം, തലച്ചോറു് എന്നിവയുടെ പ്രവൃത്തിയാൽ നാം ജീവിക്കുന്നതു പോലേ ഐക്യം, പ്രാധാന്യം, സംശ്ലേഷം എന്നിവയുടെ സംയോഗത്താൽ മാത്രം വാക്യം സുസംബദ്ധമാകും.

"സ്വർണ്ണം കൊണ്ടും വെള്ളി കൊണ്ടും നവരത്നഖചിതങ്ങളായി ഉണ്ടാക്കപ്പെട്ട ഓരോ വിധം ഭാജനങ്ങൾ അവയുടെ നിർമ്മാതാക്കളുടെ കരകൌശലത്തെ പ്രദർശിപ്പിച്ചതു കൂടാതെ ഓരോ മുറിയിലും കീഴേ വിരിച്ചിരുന്ന പരവതാനികളിൽ നാനാവിധവർണ്ണങ്ങളായി ചെയ്തിരുന്ന പുഷ്പലതാദികളുടെ കൃത്രിമവിശേഷം കണ്ടാൽ അവ അകൃത്രിമം എന്നേ വിചാരിച്ചു പോവാൻ സംഗതിയുണ്ടായിരുന്നുള്ളൂ."

ഈ ദീർഘവാക്യത്തിന്റെ മുഖ്യതാൽപര്യം ഭാജനങ്ങൾ കരകൌശലത്തെ കാണിച്ചു എന്നും പരവതാനികളിൽ തൈയ്യുണ്ടാക്കിയ പുഷ്പലതാദികൾ അകൃത്രിമങ്ങളായിത്തോന്നി എന്നും ആകുന്നു. എന്നാൽ ഭാജനങ്ങൾക്കും പുഷ്പലതാദികൾക്കും തമ്മിൽ സംബന്ധമില്ലാത്തതു കൊണ്ടു് ഒരു വിചാരത്തിന്റെ അംഗങ്ങൾ അല്ല. ഈ സംഗതിയാൽ ഇവയെ ഒരു വാക്യത്തിൽ ചേർത്തു കൂടാ. 'പ്രദർശിപ്പിച്ചതു കൂടാതെ' എന്ന വാചകം ഭാജനങ്ങളെക്കുറിച്ചു് ഇനിയും പറവാൻ പോകുന്നു എന്നു തോന്നിപ്പിക്കുന്നുവെങ്കിലും അതിൽ പിൻ വരുന്ന വാക്യത്തിന്റെ കർത്താവു നാം ആകയാൽ ബലവത്തായ വാക്യദോഷം ബാധിക്കുന്നു. ഇനിയും പല ദോഷങ്ങൾ ഉണ്ടു. വിചാരിച്ചു ദോഷങ്ങളെ കാണിക്ക.

'സ്വർണ്ണം കൊണ്ടും വെള്ളി കൊണ്ടും ഉണ്ടാക്കിയ ഭാജനങ്ങളെ നവരത്നങ്ങ

ളെക്കൊണ്ടു ഖചിതമാക്കുമ്പോൾ ശില്പികൾ പ്രദർശിപ്പിച്ച ചാതുര്യം സ്തുത്യർഹമായിരുന്നു. ഓരോ മുറിയിൽ നിലത്തു വിരിച്ച പരവതാനിയിൽ നെയ്തിരുന്ന പുഷ്പലതാദികളുടെ നിർമ്മാണവിശേഷത്തെക്കണ്ടാൽ അവ അകൃത്രിമങ്ങളെന്നു വിശ്വസിച്ചുപോകും.'

ഇങ്ങിനെ മാററിയാൽ മിതത്വവും നിർദ്ദോഷത്വവും സിദ്ധിക്കും. വിദ്യാർത്ഥികൾ ഇതിനെ ഇനിയും സംസ്കരിപ്പാൻ ശ്രമിക്കട്ടെ.

303. വാക്യം അവസാനിക്കുന്നതിന്നു മുമ്പായിട്ടു വാക്യാർത്ഥബോധം ഉണ്ടാകാത്ത വാക്യം ആകുന്നു *ഗാഢബന്ധം*; വാക്യം മുഴുവനും വായിച്ചു തീർന്ന ശേഷം മാത്രം അർത്ഥം പൂർണ്ണമായിത്തോന്നുന്നതു *ഗാഢബന്ധം*.

a. 'കാളിദാസകൃതിയായ അഭിജ്ഞാനശാകുന്തളം എന്ന നൂതനനാടകമഭിനയിച്ചു സാമാജികന്മാരെ നാം ആരാധിക്കണം.'

ഈ വാക്യത്തിന്റെ അർത്ഥം വാക്യാന്തത്തിൽ മാത്രം പൂർണ്ണമാകുന്നതു കൊണ്ടു അതു *ഗാഢബന്ധം* തന്നെ. 'സാമാജികന്മാരെ ആരാധിക്കണം' എന്ന വിചാരബീജത്തെപ്പരിപോഷിപ്പാൻ അത്യാവശ്യമായ പദങ്ങളെ മാത്രം ഉപയോഗിച്ചിരിക്കയാൽ വാക്യത്തിന്നു *ഐക്യം* ഉണ്ടു. ആഖ്യാഖ്യാതങ്ങൾക്കു മുമ്പിൽ നിൽക്കുന്ന കർമ്മമായ നാടകപദത്തിന്നു സ്ഥാനവ്യത്യയത്താൽ സിദ്ധിച്ചിരിക്കുന്ന *പ്രാധാന്യം* സഭ്യന്മാരുടെ ഉൽകണ്ഠയെ ശമിപ്പിപ്പാൻ ഉപയോഗപ്പെടുത്തിയിരിക്കുന്നു. സൂത്രധാരൻ ഏതു രൂപകത്തെ പ്രയോഗിപ്പാൻ പോകുന്നു എന്നതിനെ അറിവാൻ ഉത്സുകരായ സഭ്യരുടെ പ്രീതിക്കായി 'കാളിദാസകൃതി' എന്നുച്ചരിച്ചാറെ അവൎക്കു സന്തോഷം ഉണ്ടായി എങ്കിലും കൃതിയുടെ സ്വരൂപം നിശ്ചയമില്ലാത്തതു കൊണ്ടുള്ള ന്യൂനത ഉണ്ടു. അതിനെപ്പരിഹരിപ്പാൻ 'അഭിജ്ഞാനശാകുന്തളം' എന്നു പറയുന്നു. ഇതു കേട്ടു് ആനന്ദപരവശരായ ജനങ്ങളെ ഇനിയും പ്രോത്സാഹിപ്പാനായിട്ടു് ഇതു മുമ്പൊരിക്കലും ഒരേടത്തും ആടാത്ത നാടകം എന്നും അറിയിക്കുന്നു. അതു കൊണ്ടു കാളിദാസകൃതി അഭിജ്ഞാനശാകുന്തളം, നൂതനം എന്ന വിശേഷണങ്ങൾ വിശേഷിക്കുന്ന കർമ്മമായ നാടകത്തിന്നു ലഭിച്ച അതിശയപ്രാധാന്യം ഉചിതം തന്നെ. അതിനാൽ സഭ്യരുടെ ശ്രദ്ധ നാടകത്തിൽ നിമഗ്നമായിപ്പോയി. 'നാം സാമാജികന്മാരെ ആരാധിക്കണ'മെന്നു് സാമാന്യക്രമം വിട്ടു 'സാമാജികന്മാരെ നാം ആരാധിക്കേണം' എന്നു മാററിയതിനാൽ കർമ്മത്തിന്നു പ്രാധാന്യം ഉചിതമായി സിദ്ധിച്ചു. തന്റെ വിനയത്തെ രക്ഷിപ്പാൻ സൂത്രധാരൻ 'സാമാജികന്മാരെ' എന്ന കർമ്മത്തെ പ്രയോഗിച്ച ശേഷം കർത്തൃപദമായ 'നാം' എന്നതിനെ പ്രയോ

ഗിക്കുന്നു. നാം എന്നതു വാക്യമദ്ധ്യത്തിൽ വന്നതു കൊണ്ടു് അതിൻെറ പ്രാധാന്യം മങ്ങിപ്പോയതു വിശേഷം തന്നെ. 'നാം' കൊണ്ടു വാക്യം തുടങ്ങിയാൽ എന്തു ദോഷം സംഭവിക്കും? നാടകത്തിൻെറ വിശേഷണങ്ങൾ അതിന്നു മുമ്പിൽ വന്നതു കൊണ്ടു വാക്യത്തിന്നു നല്ല സംശ്ലേഷം ഉണ്ടു.

b. "സ്വദേശസ്മരണങ്ങൾക്കും അചിരപരിചിതയായി സുന്ദരിയായ തൻെറ ശ്രോത്രിയാൽ പ്രദർശിതമായ അഭിനിവേശത്തിന്നും വശംവദനായിട്ടു സിദ്ധൻ ഹിന്ദുസ്ഥാനത്തിൻെറ സ്വർഗ്ഗമെന്നു ലോകവിശ്രുതമായ കാശ്മീരത്തെ അധികമായി വർണ്ണിച്ചുതുടങ്ങി."

ഈ വാക്യം സിദ്ധൻെറ കാശ്മീരവർണ്ണനയെ പരാമർശിക്കുന്നു. വാക്യാവസാനത്തിങ്കൽ പൂർണ്ണമായ അർത്ഥബോധം ഉണ്ടാകുന്നു. ഇടക്കു് ഒരേടത്തും നിർത്തിയാൽ അർത്ഥം പൂർണ്ണമാകാത്തതിനാൽ അതു ഗാഢബന്ധം തന്നെ. വർണ്ണനക്കു കാരണം സ്വദേശസ്മരണകളും തൻെറ ശ്രോത്രി പ്രദർശിപ്പിച്ച അഭിനിവേശവും ആകുന്നു. ശേഷം പദങ്ങൾ ശ്രോത്രിയുടേയും കാശ്മീരത്തിൻെറയും വിശേഷണങ്ങൾ ആകുന്നു. പദങ്ങളെല്ലാം വർണ്ണനക്രിയക്കു് അത്യാവശ്യകമാകയാൽ വാക്യത്തിന്നു് ഐക്യം ഉണ്ടു. ആഖ്യയായ സിദ്ധന്നു പ്രാധാന്യം ഉള്ളതു കൊണ്ടു വാക്യാരംഭത്തിൽ വരേണ്ടിയിരുന്നുവെങ്കിലും ദൂരാന്വയത്തെ പരിഹരിപ്പാൻ വാക്യമദ്ധ്യത്തിൽ ചേർത്തിരിക്കുന്നു. അതിന്നു മുമ്പുള്ള പദങ്ങളെല്ലാം സിദ്ധപദത്തിൻെറ വിശേഷണങ്ങളാകയാൽ മദ്ധ്യസ്ഥാനം പ്രാധാന്യത്തിന്നു ഹാനി വരുത്തുന്നില്ല. വിശേഷണമപ്രധാനവും വിശേഷ്യം പ്രധാനവുമാണല്ലോ. (264. 1.)

c. "ശകുന്തളേ മുല്ലപ്പൂപോലെ സുകുമാരശരീരിയായ നിന്നേയും ഈ ആശ്രമവൃക്ഷങ്ങളെ നനയ്ക്കുന്നതിന്നു നിയോഗിച്ചതിനാൽ താതകണ്വന്നു നിന്നെക്കാളും ഇവ പ്രിയതരങ്ങളാണെന്നു ഞാൻ വിചാരിക്കുന്നു."

ഇതും ഗാഢബന്ധം തന്നെ. 'എന്നു' എന്ന ഘടകാവ്യയത്തിന്നു മുമ്പുള്ള ഉപവാക്യം വിചാരക്രിയയുടെ കർമ്മം ആകുന്നു. ആ കർമ്മം വാക്യാദിയിൽ വന്നതിനാൽ പ്രധാനമായ്ത്തീർന്നു. പ്രധാനവാക്യത്തിലെ ആഖ്യ വാക്യമദ്ധ്യത്തിൽ വന്നതു കൊണ്ടു് അതിൻെറ പ്രാധാന്യം മങ്ങിപ്പോയതു വിശേഷം തന്നെ. അതിന്നു കുറേക്കൂടി പ്രാധാന്യം കിട്ടാനായിട്ടു 'ഞാനാണു വിചാരിക്കുന്നതു' എന്നു മാററിയാൽ ശകുന്തളയുടെ സഖിയിൽ അഹംകാരിതാദോഷം സ്ഫുരിക്കും. കണ്വന്നു് ആശ്രമവൃക്ഷങ്ങളിലുള്ള നിരതിശയപ്രീതിയെ വാക്യം വിവരിക്കുന്നതു കൊണ്ടു് അതിന്നു് ഐക്യം പ്രാധാന്യം സംശ്ലേഷം എന്ന ഗുണങ്ങൾ തികവായിട്ടുണ്ടു.

പാഠപുസ്തകത്തിലേ ഒരു വാക്യം വായിച്ച് അതിന്റെ ബന്ധം പരീക്ഷിക്കുക.

304. 1. വാക്യം അവസാനിക്കുന്നതിന്നു മുമ്പായി അൎത്ഥം വാക്യമദ്ധ്യത്തിൽ എങ്ങും പൂൎണ്ണമാകുന്നു എങ്കിൽ അതു **ശിഥിലബന്ധം** ആകും.

ഉദാ: (a) "കൊടുങ്കാറ്റിന്റെ ഊക്കു സഹിപ്പാൻ പാടില്ല; കരക്കിറങ്ങുകയാണ് നല്ലതെന്നു തോന്നുന്നു എന്നു പറഞ്ഞു." (b) "അപ്പോൾ സുമുഖിയുടെ നീലനയനങ്ങൾ കോപം കൊണ്ടു ജ്വലിച്ചു തുടങ്ങി; അവളുടെ നെററിയിന്മേൽ നിന്നു നീലനിറമുള്ള ഞരമ്പുകൾ പൊങ്ങി." (c) "എനിക്കു എന്തു സംഭവിച്ചാലും വേണ്ടതില്ല, ഞാൻ സ്വരാജ്യത്തേക്കു പോയി ചെയ്യേണ്ടുന്നതു ചെയ്വാൻ നിശ്ചയിച്ചിരിക്കുന്നു എന്നു പറഞ്ഞു."

i. ഇവ മൂന്നിന്റെയും അൎത്ഥം ഇടക്കു നിന്നു പോകുന്നതു കൊണ്ടു ഇവ **ശിഥിലബന്ധങ്ങൾ** ആകുന്നു. (a)ൽ 'പാടില്ലായ്കയാൽ' എന്നും (b)ൽ 'തുടങ്ങുകയും — പൊങ്ങുകയും ചെയ്തു' എന്നും (c)ൽ എനിക്കു സംഭവിപ്പാനുള്ള കഷ്ടങ്ങളെ വക വെക്കാതെ' എന്നും മാററിയാൽ ഇവ ഗാഢബന്ധമാകും.

ii. കഴിയുന്നതു ഹ്രസ്വവാക്യങ്ങളെ ഉപയോഗിപ്പാൻ ഉള്ള ആശയാൽ ഈ വിധം ആനുഷംഗികവാക്യങ്ങളെ ഒന്നിച്ചു ചേൎത്തു പ്രയോഗിക്കും. അൎത്ഥം എളുപ്പം ഗ്രഹിപ്പാൻ വാക്യങ്ങളെ ചെറുതാക്കുന്നുവെങ്കിലും വാക്യങ്ങളുടെ ആകാംക്ഷയെപ്പൂരിക്കുന്ന പദങ്ങൾ ഇല്ലാത്തതിനാൽ മനഃക്ലേശം വൎദ്ധിക്കുന്നു. വിവേകം, ബുദ്ധിചാതുൎയ്യം, തീക്ഷ്ണവിചാരം ഇത്യാദിസൽഗുണങ്ങൾക്കു വിശ്രുതരായ കേരളീയർ പാശ്ചാത്യരുടെ ആധുനികഗദ്യരീതിയെ അനുകരിക്കുന്നതു് ആശംസനീയമോ? കോടതികളിലേ വാക്യരീതിയെ നോക്കുക.

2. ഭാഷയിൽ ശിഥിലബന്ധങ്ങൾ കുറയും. വാക്യത്തിലേ പദങ്ങളുടെ അന്വയത്തേയും ആകാംക്ഷയേയും കാണിപ്പാൻ ഭാഷയിൽ പദരൂപങ്ങൾ ആവശ്യം പോലെയുള്ളതു കൊണ്ടു വാക്യങ്ങൾ സ്വാഭാവികമായി ഗാഢബന്ധങ്ങളായ്ത്തീരും. വാക്യാൎത്ഥം പൂൎണ്ണമാക്കുന്ന പൂൎണ്ണക്രിയ വാക്യാവസാനത്തിൽ എല്ലായ്പോഴും വരുന്നതും ശിഥിലബന്ധത്തിന്നു് ഒരു ബാധകമാകുന്നു.

305. ഒരു വാക്യത്തിലേ അംഗങ്ങളായ വാചകങ്ങളുടെ

യോ ഉപവാക്യങ്ങളുടെയോ രൂപം സമമായാൽ അതിനെ **സമാംഗകവാക്യം** എന്നു പറയും.

i. ഹ്രസ്വമായ ഒരു ഖഡ്ഗം പാർശ്വത്തിൽ തൂങ്ങിക്കിടക്കയും അലംകാര ചിത്രിതമായ ഒരു കഠാരി രത്നഖചിതമായ തന്റെ സാരസനത്തിൽ തിരുകിയിരിക്കയും ചെയ്തിരുന്നു.'

ഖഡ്ഗം, കഠാരി, സാരസനം എന്നിവയുടെ വിശേഷണങ്ങൾക്കും ക്രിയാവിശേഷണമായ സപ്തമികൾക്കും ക്രിയകൾക്കും സാരൂപ്യം ഉള്ളതു കൊണ്ട് ഇതു സമാംഗകവാക്യമാകുന്നു.

ii. "ഈ വഴിയാത്രക്കാർ ആരായിരുന്നുവെന്നും അവർ എവിടെ നിന്നു വരികയായിരുന്നുവെന്നും അവരുടെ യാത്രയുടെ ഉദ്ദേശ്യം എന്തായിരുന്നു എന്നും അവരുടെ സംഭാഷണത്താൽ എളുപ്പം നിർദ്ധാര്യമായിരുന്നു."

ഇതു് ഉപവാക്യങ്ങൾക്കു സാരൂപ്യവും ഘടകാവ്യയത്താൽ സമുച്ചയവും ഉള്ള സമാംഗകവാക്യമാകുന്നു.

306. പല വാക്യങ്ങൾ സമാനഭാഗങ്ങൾ കൊണ്ടു തുടങ്ങുകയോ അവസാനിക്കുകയോ ചെയ്താൽ ആ വാക്യങ്ങൾക്ക് **അന്വയസാരൂപ്യം** ഉണ്ടെന്നു പറയും. (പുറം 276. വാക്യം 4-ാം 5-ാം. നോക്കു.)

പരീക്ഷ 283 — 306.

I. 1. വാക്യത്തെ ഏകതിങ്ങെന്നും ഭിന്നമെന്നും എന്തിന്നു പറയുന്നു? 2. വാക്യം നീണ്ടു പോവാനുള്ള കാരണങ്ങൾ പറഞ്ഞുദാഹരിക്കുക. 3. ഹ്രസ്വവാക്യം ദീർഘവാക്യം ഇവയെ വിവരിച്ചുദാഹരിച്ച് ഇവയുടെ പ്രയോജനം കാണിക്കുക. 4. പാഠപുസ്തകത്തിലെ ഒരു മഹാവാക്യം വായിച്ച് അതിലടങ്ങിയ വാക്യങ്ങളുടെ സ്വഭാവം പറക. 5. ദൈശികക്രമത്തേയും കാലികക്രമത്തേയും വിവരിച്ചുദാഹരിച്ചു വാക്യരചനയിൽ അവയുടെ പ്രയോജനം പറക. 6. ആലംകാരികന്മാരുടെ അഭിപ്രായപ്രകാരം വാക്യലക്ഷണം പറഞ്ഞുദാഹരിക്കുക. 7. ഈ ലക്ഷണം നാം അംഗീകരിക്കേണമെന്നുണ്ടോ? 8. രാവണവധം, പാലാഴിമഥനം, തീവണ്ടി, തീർത്ഥയാത്ര എന്നീ വിചാരബീജങ്ങളെ അങ്കുരിപ്പിച്ചു പോഷിപ്പിക്കുക. 9. പ്രാധാന്യം എന്നാൽ എന്തു? 10. വാക്യത്തിൽ പ്രാധാന്യം എങ്ങിനെ വിഭക്തമായിരിക്കുന്നു എന്ന് ഉദാഹരിച്ചു കാണിക്കുക. 11. ഐക്യം, പ്രാധാന്യം, സംശ്ലേഷം എന്ന വാക്യഗുണങ്ങളെ വർണ്ണിച്ചുദാഹരിക്കുക. 12. വാക്യഭേദം എന്നാൽ എന്തു? വിവരിച്ചുദാഹരിക്കുക.

13. ഗാഢബന്ധം, ശിഥിലബന്ധം, സമാംഗകം എന്നിവയുടെ ലക്ഷണം പറഞ്ഞുദാഹരിച്ചു തെളിയിക്കുക.

II. താഴെ വരുന്ന വാക്യങ്ങളിൽ വല്ല ദോഷങ്ങൾ ഉണ്ടെങ്കിൽ അവയെ കാണിച്ചു വാക്യങ്ങളെ സംസ്കരിക്കുക.

(a) "ഭവനത്തിന്റെ ഒരു ഭാഗത്തുണ്ടായിരുന്ന അതിമനോഹരമായ ഉദ്യാനത്തേയും മറേറ മൂന്നു ഭാഗങ്ങളിലും അനേകായിരം ആടുകളെ സംരക്ഷിപ്പാൻ തക്കവണ്ണം പണിചെയ്യുണ്ടാക്കിയിരുന്ന ആട്ടാലകളേയും ദുഷ്ടമൃഗാദികളുടെ ആക്രമണത്തിൽ നിന്നു സംരക്ഷിപ്പാൻ തക്കവണ്ണം അവകൾ പൂൎവം ഉറപ്പുമുയരവുമുള്ള ഭിത്തിയുണ്ടായിരുന്നതിനാൽ ഈ വ്യാപാരിയുടെ വാസസ്ഥലം ആകപ്പാടെ ഒരു കോട്ടക്കു തുല്യമായിരുന്നു." (b) "മററുള്ള രാജാക്കന്മാർ നിരാശയോട് കൂടി നെടുവീൎപ്പിട്ടു ആധിയാകുന്ന ഇരുൾ കൊണ്ട് അവരുടെ മുഖം മങ്ങുകയും ചെയ്തു." (c) "ആ ഭാഗത്തുടെ പോകുന്ന പക്ഷം ഭക്ഷണാൎത്ഥം അനവധി വിശേഷഫലങ്ങളും ദാഹശമനത്തിന്നു നിൎമ്മലമായി ജലപൂൎണ്ണമായ വാപികളും കണ്ടെത്തും." (d) "ക്രമേണ അവർ പരാക്രമികളും സൽഗുണികളും സൎവവിദ്യകളിലും പടുക്കളും ആയിത്തീൎന്നു, സൂൎയ്യതേജോപമന്മാരും ധനുൎവേദത്തിൽ സമൎത്ഥന്മാരും ആന, കുതിര, തേർ ഇങ്ങിനെയുള്ള വാഹനാരൂഢന്മാരായി യുദ്ധം ചെയ്യുന്നതിൽ മിടുക്കന്മാരായും വന്നു."

II. നാമാധികാരം.

1. നാമാൎത്ഥം.

307. പദകാണ്ഡത്തിൽ വിവരിച്ച നാമങ്ങളുടേയും അവയുടെ രൂപങ്ങളുടേയും അൎത്ഥം വാക്യത്തിൽ നിന്നു ഗ്രഹിക്കേണ്ടതാകയാൽ നാമാധികാരം തുടങ്ങുന്നു.

1. ധാതുവും പ്രത്യയവും അല്ലാത്തതും അൎത്ഥമുള്ളതുമായ നാമഭാഗം പ്രാതിപദികമാകുന്നു. പ്രാതിപദികം കേട്ട ക്ഷണം നിയമേന ഉണ്ടാകുന്ന ജ്ഞാനം അതിന്റെ അൎത്ഥം. അതു ദ്രവ്യം, ജാതി, ഗുണം, ക്രിയ, സംബന്ധം ഇവയിൽ ഒന്നായിരിക്കും (104).

യാദൃച്ഛികശബ്ദങ്ങളായ സംജ്ഞാനാമങ്ങൾ കേവലദ്രവ്യത്തിന്റെ ബോധം ചെയ്യും. അവ ദ്രവ്യത്തിന്റെ ഒരു വിശേഷത്തേയും അറിയിക്കാത്തതു കൊണ്ടു സംജ്ഞാനാമത്തിന്റെ അൎത്ഥമാകുന്നു ദ്രവ്യം. സാമാന്യഗുണങ്ങളുള്ള

വസ്തുക്കളുടെ പേരുകൾ സാമാന്യനാമങ്ങളും മേയനാമങ്ങളും സമൂഹനാമങ്ങളും ആകയാൽ അവയുടെ അൎത്ഥം ജാതിയാകുന്നു. ഗുണവും ക്രിയയും ഭാവനാമത്തിന്റെ അൎത്ഥമാകുന്നു. കൃത്തദ്ധിതസമാസങ്ങളുടെ അൎത്ഥമാകുന്നു സംബന്ധം. (107.)

2. കൃത്തദ്ധിതസമാസങ്ങൾക്കു പ്രാതിപദികാൎത്ഥവും സ്വസംജ്ഞകൾക്കു വിധിച്ച അൎത്ഥവും ഉണ്ടു. ഇവയെ വിഗ്രഹിച്ച് അൎത്ഥം പറയുന്നതു കൊണ്ടു (222.) ആയതു പ്രാതിപദികത്തിന്റെ നിയതാൎത്ഥത്തിൽ നിന്നു വ്യത്യാസപ്പെടുന്നു. വിഗ്രഹിച്ച അൎത്ഥം പറഞ്ഞു കൂടാത്ത അവ്യുൽപന്നശബ്ദങ്ങളും പ്രാതിപദികൾ ആകും.

പ്രത്യയാന്തപദങ്ങളെ മാത്രം വാക്യത്തിൽ ഉപയോഗിക്കുന്നതു കൊണ്ടു വെറും പ്രകൃതിപ്രത്യയങ്ങളെ വാക്യത്തിൽ പ്രയോഗിച്ച കൂടാ. സാധാരണ, പ്രധാന, മുഖ്യ മുതലായ അവിഭക്തികപദങ്ങളേയും in, to, of, from മുതലായവയുടെ അൎത്ഥം പറവാൻ ഭാഷാപ്രത്യയങ്ങളേയും ചിലർ ഉപയോഗിക്കാറുണ്ടു. ഇംഗ്ലീഷു ശബ്ദകോശം നോക്കു. (300. 3.)

3. പ്രാതിപദികത്തോടു ലിംഗവചനവിഭക്തിപ്രത്യയങ്ങൾ ചേൎന്നാൽ അതിന്നു നിയതാൎത്ഥത്തിന്നു പുറമേ ഈ മൂന്നു് അൎത്ഥങ്ങളും ഉണ്ടാകും. എന്നാൽ പ്രസംഗവശാൽ വിവക്ഷിച്ച അൎത്ഥത്തിന്നു മാത്രം പ്രാധാന്യം ഉണ്ടായിട്ടു ശേഷമൎത്ഥങ്ങൾ മറഞ്ഞിരിക്കും.

1. 'വനജ്യോത്സ്നി അനുരൂപനായ വൃക്ഷവരനോടു ചേൎന്നിരിക്കുന്നു.' ഈ വാക്യത്തിൽ അചേതനങ്ങളായ വള്ളിക്കും മരത്തിന്നും മാനുഷധൎമ്മങ്ങൾ ഉണ്ടെന്നു സങ്കല്പിച്ച വനജ്യോത്സ്നി എന്ന വള്ളിയെ വധുവായും വൃക്ഷത്തെ വരനായും വിവക്ഷിച്ചിരിക്കുന്നതു കൊണ്ടു ലിംഗത്തിന്നു പ്രാധാന്യം ഉണ്ടു. 2. ഈ ദുഷ്ടനായ വണ്ട് എന്നെ ഉപദ്രവിക്കുന്നു' എന്ന ശകുന്തളയുടെ വചനത്തിൽ ദുഷ്ടൻ എന്ന പുല്ലിംഗം വണ്ട് അവിനീതനായ പുരുഷൻ എന്ന ധ്വനിപ്പിക്കുന്നതു കൊണ്ടു ലിംഗാൎത്ഥത്തിന്നു പ്രാധാന്യം. 3. "കാൎയ്യാന്തരങ്ങൾക്കു വിഘ്നം വരികയില്ലെങ്കിൽ അവിടെ ചെന്നു് അതിഥിസൽക്കാരം സ്വീകരിച്ചാലും" എന്ന വൈഖാനസരുടെ അപേക്ഷയിൽ രാജാവിന്റെ ബഹുകാൎയ്യവ്യഗ്രതസൂചകമാകുന്നതു കൊണ്ടു ബഹുവചനത്തിന്നു പ്രാധാന്യം ഉണ്ടു. 'ചൊല്ലേറും

തളിരിൻ നിറങ്ങൾ പകരുന്നീഹോമധൂമങ്ങളാൽ.' ആശ്രമവൎണ്ണനമായ ഈ വാക്യത്തിൽ തളിരിൻ എന്ന ഏകവചനം ജാതിവാചകമായി എല്ലാത്തരം തളിരുകളേയും ഗ്രഹിക്കുന്നു. ഓരോ വ്യക്തിയായ തളിരിന്നും വൎണ്ണഭേദം ഉണ്ടെന്നു ധ്വനിപ്പിക്കുന്നതു കൊണ്ടു വചനത്തിനു പ്രാധാന്യം. ആശ്രമത്തിൽ അസംഖ്യം തപസ്വികൾ ഉള്ള കാരണം അവരുടെ സംഖ്യാതീതഹോമങ്ങളിൽ നിന്നു് ഉദ്ഗമിക്കുന്ന ധൂമങ്ങൾക്കും കണക്കില്ലെന്നു ബഹുവചനം ധ്വനിപ്പിക്കുന്നു.

വിഭക്ത്യൎത്ഥത്തിന്നുള്ള പ്രാധാന്യം കാരകത്തിൽ നിന്നു പ്രത്യക്ഷമാകും.

308. ദ്രവ്യനാമങ്ങളുടെ അവാന്തരഭേദങ്ങളായ സംജ്ഞാനാമാദികളെ സംബന്ധിച്ച ചില വിശേഷങ്ങളെ വിവരിക്കുന്നു.

1. (i) സംജ്ഞാനാമങ്ങളിൽ നിന്നുണ്ടായ തദ്ധിതനാമങ്ങളും (ii) ഈ തദ്ധിതനാമങ്ങളുടെ അൎത്ഥം പറവാൻ ഉപയോഗിക്കുന്ന തൽപുരുഷസമാസങ്ങളും (iii) സംജ്ഞാനാമങ്ങളും സാമാന്യനാമങ്ങളും ചേൎന്നുണ്ടായ സമാസങ്ങളും (iv) വ്യക്തിവാചകങ്ങളെ ഉണ്ടാക്കാൻ സാമാന്യനാമങ്ങൾ ചേൎന്നുണ്ടായ സമാസങ്ങളും സംജ്ഞാനാമങ്ങൾ ആയിരിക്കും. (അപത്യതദ്ധിതം നോക്കുക).

i. ദശരഥൻ — ദാശരഥി. ദക്ഷൻ — ദാക്ഷായണി. വിനതാ — വൈനതേയൻ. സുഭദ്ര — സൌഭദ്രൻ.

ii. a. ദാശരഥി-ദശരഥപുത്രൻ. ദാക്ഷായണി-ദക്ഷപുത്രി. പാൎത്ഥൻ-പൃഥാനന്ദനൻ. പുത്രൻ, പുത്രി എന്നിവയുടെ പൎയ്യായങ്ങളേയും ഉപയോഗിക്കാം. ദശരഥാത്മജൻ, ദക്ഷാത്മജ, കുന്തീനന്ദനൻ, അഗസുതാ.

b. ഇന്ദ്രൻ-ഇന്ദ്രാണി, ഭവാൻ-ഭവാനി, മൃഡൻ-മൃഡാനി, ശൎവ്വൻ-ശൎവ്വാണി. ഇന്ദ്രാണി-ഇന്ദ്രഭാൎയ്യ, ഇന്ദ്രപത്നി, ഇന്ദ്രവല്ലഭ, എന്നിവയെപ്പോലെ ഭാൎയ്യാശബ്ദത്തിന്റെ പൎയ്യായപദങ്ങളേയും ഉപയോഗിക്കാം.

c. ലക്ഷ്മീപതി, രമാകാന്തൻ, ശ്രീവല്ലഭൻ, ജാനകീരമണൻ, മുതലായ തൽപുരുഷസമാസങ്ങളും ലക്ഷ്മീജാനി, അരുന്ധതീജാനി, ജാനകീജാനി സീതാഭാൎയ്യൻ മുതലായ ബഹുവ്രീഹികളും സംജ്ഞാനാമങ്ങൾ ആകുന്നു. (ലക്ഷ്മി ആരുടെ ജായയോ അവൻ ലക്ഷ്മീജാനി). ഭവന്റെ ഭാൎയ്യ-ഭവാനി. ഭവാനിയുടെ പതി ഭവാനീപതി. ഇന്ദ്രാണിപതി മുതലായ പദങ്ങളെ ഉപയോഗിക്കരുതു. എന്തിന്നു?

iii. a. മുരാരി, നരകാന്തകൻ, വൃത്രവൈരി, നമുചിസൂദനൻ, ലങ്കാ

ജേതാവു, ലങ്കാമൎദ്ദനൻ, അക്ഷഹന്താവു, പാകശാസനൻ മുതലായ സമാസങ്ങളിൽ അന്ത്യപദം സാമാന്യനാമങ്ങൾ ആകുന്നു. ഈ സമാസങ്ങൾ ഒരു വ്യക്തിയെ മാത്രം പരാമൎശിക്കുന്നതു കൊണ്ടു് അവ സംജ്ഞാനാമങ്ങൾ ആകുന്നു. അന്ത്യപദങ്ങൾക്കു പകരം അവയുടെ പൎയ്യായശബ്ദങ്ങളെയും ഉപയോഗിക്കാം.

b. സംജ്ഞാനാമങ്ങളോടു തദ്ധിതപ്രത്യയം ചേൎന്നുണ്ടാകുന്ന വിശേഷണങ്ങൾ സാമാന്യനാമങ്ങളോടു കൂടിയുണ്ടാകുന്ന സമാസങ്ങളും സംജ്ഞാനാമങ്ങൾ ആകും. ഗാംഗം, യാമുനം, വൈഷ്ണവം, ബ്രാഹ്മം, ശൈവം, പാശുപതം, ആഗ്നേയം, ഐന്ദ്രം മുതലായവ വിശേഷണങ്ങൾ ആകുന്നു. ഗാംഗപുളിനം, യാമുനഹ്രദം, വൈഷ്ണവധൎമ്മം, ശൈവസിദ്ധാന്തം, പാശുപതാസ്ത്രം, ആഗ്നേയപുരാണം, ഐന്ദ്രധനുസ്സ്.

iv. a. ദൈത്യാരി, പുണ്ഡരീകാക്ഷൻ, ശംഖപാണി, ചക്രായുധൻ, ഭോഗിശയനൻ എന്നിവ വിഷ്ണുവിന്റെ പൎയ്യായങ്ങൾ ആകയാൽ സംജ്ഞാനാമങ്ങൾ ആകുന്നു. ശൂലപാണി, ത്രിനേത്രൻ, മുക്കണ്ണൻ, ഫാലാഗ്നി, കൃത്തിവാസസ്സ്, നടരാജൻ, ചന്ദ്രശേഖരൻ മുതലായവയും സംജ്ഞാനാമങ്ങൾ ആകുന്നു.

b. ഈ സമാസങ്ങളിലെ ഘടകപദങ്ങൾ സാമാന്യനാമങ്ങളാകയാൽ സമാസത്തിന്നു് അൎത്ഥമുണ്ടു. എന്നാൽ സമാസങ്ങൾ ഓരോ വ്യക്തിയുടെ പേരാകുന്നതു കൊണ്ടു സംജ്ഞാനാമങ്ങൾ ആകുന്നു.

സംസ്കൃതത്തിൽ വാക്യം സംജ്ഞയായി പ്രയോഗിക്കയില്ലെങ്കിലും ഭാഷയിൽ വിരോധമില്ല (115. 8).

കാററിന്റെ മകൻ, കന്നിൻ മകൾ, വെപ്പിൻ മകൾ.

Forget-me-not, Touch-me-not, the flower of my love lies bleeding, the Queen of England മുതലായവ സംജ്ഞകളാകയാൽ പ്രത്യയങ്ങൾ അന്തത്തിലേ വരൂ. **Forget-me-nots, the Queet of England's Proclamation.**

309. രൂപകാലങ്കാരത്തിൽ ഉപമേയോപമാനങ്ങൾ രണ്ടും സംജ്ഞാനാമങ്ങൾ ആകുമ്പോൾ ഉപമാനം പ്രസിദ്ധഗുണവിശിഷ്ടവസ്തു എന്നൎത്ഥത്തിൽ വരും.

(a) രാമൻ ഹിമവാൻ ആകുന്നു = രാമൻ ഹിമവാനെപ്പോലെ സ്ഥിരനാകുന്നു എന്നൎത്ഥം. **(b)** ആ പണത്തിൽ നാലിലൊന്നു കിട്ടിയാൽ ഞാൻ കുബേരനായല്ലോ. **(c)** ഭാരതവൎഷത്തിലെ ബിസ്മാൎക്കായ കൌടില്യൻ. **(d)** ഭഗവാൻ ഭവസാഗരത്തിന്നു കുംഭസംഭവൻ ആകുന്നു. **(e)** വലിയ കോയിൽതമ്പുരാൻ കേരളത്തിലെ കാളിദാസനാകുന്നു. ഇവയിലെ സംജ്ഞാനാമങ്ങളുടെ അൎത്ഥം പറക. നാരദൻ, ഹരിശ്ചന്ദ്രൻ, പ്രഹ്ലാദൻ, ശിബി, വാല്മീകി, വ്യാസൻ, പാണിനി,

എന്ന സംജ്ഞാനാമങ്ങളെ ഏതെല്ലാം അൎത്ഥത്തിൽ പ്രയോഗിക്കും? ഉദാഹരിക്കുക.

2. ഗുണാധിക്യത്തിന്നു കീൎത്തിപ്പെട്ടവന്റെ സംജ്ഞാനാമത്തെ ആ ഗുണമുള്ളവൻ എന്ന അൎത്ഥത്തിൽ പ്രയോഗിക്കും.

കാളിദാസൻ ഇന്ത്യയിലെ ഷേക്സ്പീയരാകുന്നു. അൎത്ഥം പറക.

3. ആഖ്യയും ആഖ്യാതവും ഒരേ നാമമായാൽ ആഖ്യ നിരുപമം എന്നും സ്വധൎമ്മത്തിന്നോ സ്വഭാവത്തിന്നോ വിരുദ്ധമായ്ക്കൂടുകയില്ലെന്നും അറിയിക്കും.

ശകുന്തള ശകുന്തള തന്നെ = ശകുന്തളക്കു തുല്യയായ സ്ത്രീ ലോകത്തിൽ ഇല്ല. സാഗരം സാഗരം തന്നെ = സാഗരം നിരുപമം. രാമരാവണയുദ്ധം രാമരാവണയുദ്ധം.

പ്രിയംവദ പ്രിയംവദ തന്നെ. പ്രിയംവദ പ്രിയമായതിനെ മാത്രമേ പറകയുള്ളു. മനോരമ സൎവ്വഥാ മനോരമ തന്നെ = മനോരമ എന്ന സ്ത്രീ എല്ലാം കൊണ്ടും മനസ്സിനെ രമിപ്പിക്കുന്നവൾ ആകുന്നു.

310. സാമാന്യനാമങ്ങൾ ചേൎന്നുണ്ടാകുന്ന ബഹുവ്രീഹിയും തൽപുരുഷനും വ്യക്തിവാചകങ്ങളായാൽ അവ സംജ്ഞാനാമങ്ങൾ ആയിരിക്കും. ഇവയെ ഭാഷാന്തരം ചെയ്യാം. (115. 8.)

ബഹുവ്രീഹി. കപിധ്വജൻ, ദാമോദരൻ, ദശഗ്രീവൻ, സുഗ്രീവൻ, കമലാസനൻ, വീണാപാണി, വജ്രായുധൻ, പുണ്ഡരീകാക്ഷൻ.

തൽപുരുഷൻ — ദൈത്യാരി, പുരുഷോത്തമൻ, വിത്തനാഥൻ, ക്ഷീരസാഗരകന്യക, തണ്ടാർമാതു, ഗിരിജ.

311. സമൂഹനാമം തുല്യധൎമ്മങ്ങളുള്ള വ്യക്തികളുടെ കൂട്ടത്തിന്റെ പേരാകയാൽ വ്യക്തിഭേദമില്ലാത്ത മേയനാമങ്ങളോടും ഭാവനാമങ്ങളോടും അന്വയിച്ചു കൂടയല്ലോ. മേയനാമം ദ്രവ്യത്തിന്റെ മുഴുവൻ രാശിയെയോ ആ രാശിയുടെ ഭാഗത്തെയോ കാണിക്കുന്നതു കൊണ്ടു് അതിന്നു് ഏകത്വമല്ലാതെ ബഹുത്വം വരാൻ പാടില്ല. ഭാവനാമവും ഒരൊററ ധൎമ്മത്തിന്റെ പേരാകുന്നതു കൊണ്ടു് അതും ബഹുത്വം പ്രാപിക്കയില്ല. മേയനാമങ്ങളും ഭാവനാമങ്ങളും സമൂഹനാമങ്ങളോടു ചേരുമ്പോൾ സമൂഹനാമങ്ങൾ വെറും ആധിക്യാൎത്ഥം മാത്രം കാണിക്കും.

മേയനാമം. മേഘവൃന്ദം, ധൂളിപടലം, വെള്ളക്കൂട്ടം, ജലൌഘം.

ഭാവനാമം. ശോഭാപൂരം, സ്വാദസ്തോമം, പാപപുഞ്ജം, സൌന്ദൎയ്യസമൂഹം.

2. വിഭക്ത്യൎത്ഥപ്രകരണം.

312. അന്വയവും ആകാംക്ഷയും വിഭക്തികളെ ആശ്രയിച്ചിരിക്കയാൽ വിഭക്തികളുടെ അൎത്ഥം ഗ്രഹിച്ചാൽ അന്വയത്തിന്നും ആകാംക്ഷക്കും യോജിച്ച വരേണ്ടുന്ന വിഭക്തിയേതെന്നു തീൎച്ചപ്പെടുത്താം.

വാക്യത്തിൽ നാമങ്ങൾക്കു ക്രിയയോടുള്ള സംബന്ധമാകുന്നു കാരകം.

ക്രിയാപദം കാണിക്കുന്ന വ്യാപാരം ഉണ്ടാവാൻ സഹായിക്കുന്നതെല്ലാം അതിൻെറ കാരകങ്ങൾ ആകും. ഷഷ്ഠി ഒഴികെയുള്ള ആറു വിഭക്തികളും ക്രിയയോട് അന്വയിച്ച് അതിൻെറ ആകാംക്ഷയെപ്പൂരിക്കുന്നതു കൊണ്ടു കൎത്താവു, കൎമ്മം, കരണം, (കാരണം), സമ്പ്രദാനം, അപാദാനം, അധികരണം എന്ന ആറു കാരകങ്ങൾ ഉണ്ടു. ഇന്ന വിഭക്തിക്കു് ഇന്ന കാരകം മാത്രമേയുള്ളു എന്ന നിയമമില്ലായ്കയാൽ ഒരു വിഭക്തി പല കാരകാൎത്ഥങ്ങളിലും വരും. (130.)

ഷഷ്ഠി നാമവിശേഷണമാകയാൽ പ്രായേണ നാമങ്ങളോട് അന്വയിച്ചു കാണും. അതു കൊണ്ടു ഷഷ്ഠി കാരകവിഭക്തിയല്ല.

ഓരോ വിഭക്തിയുടെ അൎത്ഥം വിവരിക്കുമ്പോൾ ഈ കാരകങ്ങളുടെ സ്വഭാവവും അൎത്ഥവും വിവരിച്ചുദാഹരിക്കും.

1. പ്രഥമവിഭക്തി.

313. സംസ്കൃതനാമങ്ങളെ ഭാഷീകരിക്കുമ്പോൾ അവയുടെ പ്രഥമൈകവചനത്തെ എടുത്തു ഭാഷാനുഗുണമായി മാററി ഉപയോഗിക്കും. ഋകാരനകാരങ്ങളിൽ അവസാനിക്കുന്ന പുല്ലിംഗങ്ങളുടെ പ്രഥമ ആകാരാന്തമാകയാൽ ഉച്ചാരണാൎത്ഥമായി സംവൃതം വികല്പമായ്വരും. (120.)

നാമം	പിതൃ	കൎത്തൃ	ഭൎത്തൃ	മാതൃ	സ്വസൃ	രാജൻ
പ്രഥമ	പിതാ	കൎത്താ	ഭൎത്താ	മാതാ	സ്വസാ	രാജാ
ഭാഷ	പിതാവു	കൎത്താവു	ഭൎത്താവു	മാതാവു	സ്വസാവു	രാജാവു

തെക്കിൽ പിതാ, കൎത്താ എന്ന രൂപങ്ങളേയും വികല്പികമായി പ്രയോഗിക്കാം. ഗൌഃ — ഗോ, ഗോവു; ദ്യോ, ദോവു, ജ്യാ-ജ്യാവു ഇങ്ങനെ രണ്ടു രൂപങ്ങളും ഉണ്ടു.

314. ആഖ്യ, ആഖ്യാതപൂരണം, വിശേഷണം, കൎത്തരിപ്രയോഗത്തിലേ കൎത്താവു, കൎമ്മണിപ്രയോഗത്തിലേ കൎമ്മം എന്നിവ പ്രഥമയിൽ വരും.

അയോദ്ധ്യയിലെ രാജാവായ ശ്രീരാമൻ സത്യസന്ധനും സത്യവ്രതനും ആയിരുന്നതു കൊണ്ടു ജനങ്ങളാൽ പൂജിക്കപ്പെടുന്നു.

ശ്രീരാമൻ ആഖ്യയും പൂജിക്കപ്പെടുന്നു എന്ന കൎമ്മണിക്രിയയുടെ കൎമ്മവും ആകുന്നു. രാജാവു എന്നതു വിശേഷണവും സത്യസന്ധനും സത്യവ്രതനും എന്നിവ ആഖ്യാതപൂരണങ്ങളും ആകുന്നു. ഇവയെല്ലാം പ്രഥമയാണല്ലോ.

315. 1. അൎത്ഥപൂൎത്തിക്കു സകൎമ്മകക്രിയകൾ കൎമ്മം ആവശ്യമാകുന്നതു പോലേ ചില അകൎമ്മകക്രിയകളുടെ അൎത്ഥപൂൎത്തിക്കു് ആഖ്യാതപൂരണം ആവശ്യം ആകുന്നു (ബാ. 80).

2. അറുക, ആക, ഇടുക, ഇരിക്ക, ഉൾ, കിടക്ക, കൂടുക, കെടുക, തിരിക, നില്ക്ക, വരിക മുതലായ അകൎമ്മകക്രിയകളുടെ അൎത്ഥം പൂൎത്തിയാക്കാൻ ഉപയോഗിക്കുന്ന നാമങ്ങൾ ആഖ്യാതപൂരണങ്ങൾ ആകും (164).

ഇവയിൽ ആകധാതുവാണു മുഖ്യമായതു. അതിനോടു തീരുക, തോന്നുക, പരിണമിക്ക, ഭവിക്ക, സംഭവിക്ക, മാറുക, വരിക, വളരുക മുതലായ ക്രിയകൾ ചേൎന്നുണ്ടാകുന്ന സമാസക്രിയകൾക്കും ആഖ്യാതപൂരണം വേണം.

ആക— രാമൻ രാവണവിജേതാവാകുന്നു. രോഗം ഭേദമായ്തീരും. വെള്ളം ആവിയായ്ത്തീൎന്നു. അവന്റെ സ്ഥിതി കഷ്ടമായ്ഭവിച്ചു. രാജാവിന്റെ വിജയം സന്തോഷമായ്ക്കലാശിച്ചു (അവസാനിച്ചു, പൎയ്യവസിച്ചു). പാൽ തൈയിരായ്മാറി ഇത്യാദികളിൽ ആകധാതു മററു ക്രിയകളോടു ചേൎന്നു സമാസക്രിയകൾ ജനിക്കുന്നു.

പാപി മംഗലം ചേരാറു. രാവണൻ കൈലാസമമ്മാനമാടി. അവർ അടിയന്തരമിരുന്നു. അൎജ്ജുനൻ തപസ്സിരുന്നു. ഈശ്വരൻ നമുക്കു തുണയുണ്ടു. സൈന്യം കാവലുണ്ടു. ദൈവം സാക്ഷിയുണ്ടു. കൈകേയി പട്ടിണി കിടന്നു. ശത്രുക്കൾ കൂട്ടംകൂടി വന്നു. സ്ത്രീ നാണം കെട്ടു പോയി. ശത്രു ചക്രം തിരിഞ്ഞു. കടക്കാരൻ വട്ടം തിരിഞ്ഞു. നീ തുണ നില്ക്കേണമേ. അവൻ

സ്നേഹിതനു ജാമ്യംനിന്നു. വാഞ്ഛിതം കൈവന്നുകൂടി. യോഗം വരേണം സുരേശത്വം. പാഠം വശമാക്കി. രോഗം ഗുണമായി. ദീനം മോക്ഷമായി.

ഇവയിലെ ആഖ്യാതപൂരണങ്ങളെക്കാണിക്ക. ആവശ്യമുള്ളേടത്തു് അർത്ഥപൂർത്തിക്കു തക്ക പദങ്ങൾ ചേർത്തു് അർത്ഥം പറക. പ്രഥമയോടു ഗതികൾ ചേർന്നുണ്ടാകുന്ന യോഗങ്ങളേയും ആഖ്യാതപൂരണങ്ങൾ ചേർന്നുണ്ടാകുന്ന യോഗങ്ങളേയും ഒത്തു നോക്കുക.

ആഖ്യാതപൂരണങ്ങളോടു് ഈ ക്രിയകൾ ചേർന്നുണ്ടാകുന്ന യോഗങ്ങളെ ക്രിയാസമാസത്തിൽ ചേർക്കാം.

3. ആഖ്യാഖ്യാതങ്ങൾ തമ്മിലുള്ള സംബന്ധം വാക്യം പറയുന്നതാകുന്നു **അഭിധേയത്വം.** ഇതു് ആഖ്യാതധർമ്മമാകുന്നു. ആഖ്യാതം അന്യപദത്തെ ആശ്രയിക്കാതെ സ്വപ്രവൃത്തി നിർവ്വഹിക്കുന്നുവെങ്കിൽ അതു **സ്വാർത്ഥപര്യ്യവസായിയും** അർത്ഥപൂർത്തിക്കു് അന്യപദത്തെ ആശ്രയിക്കുന്നതു് **അസ്വാർത്ഥപര്യ്യവസായിയും** ആകുന്നു. അസ്വാർത്ഥപര്യ്യവസായിയുടെ അർത്ഥപൂർത്തിക്കു് ആവശ്യമായ്വരുന്നതു് **ആഖ്യാതപൂരണം** (164).

ഒരു പദത്തിൻെറ അർത്ഥം അതിൽ തന്നെ ഒതുങ്ങുമ്പോൾ അതു സ്വാർത്ഥപര്യ്യവസായിയും അങ്ങനെ ഒതുങ്ങാത്തതു് അസ്വാർത്ഥപര്യ്യവസായിയും ആകുന്നു.

അപ്പം പഴക്കം മണക്കുന്നു. കത്തി മീൻ നാറുന്നു. ഇവിടെ നാമങ്ങളുടെ സാമാനാധികരണ്യത്താൽ സിദ്ധിച്ച ഐക്യത്താൽ പഴക്കവും മീനും ആഖ്യാതപൂരണങ്ങളായി ക്രിയകളോടു് അന്വയിക്കുന്നു.

316. കർത്തരിപ്രയോഗത്തിൽ കർത്താവിന്നും കർമ്മണിപ്രയോഗത്തിൽ കർമ്മത്തിന്നും പ്രാധാന്യം ഉള്ളതു കൊണ്ടു പ്രധാനപദം പ്രഥമയിൽ വരും. ഇതിൽ നിന്നു കാരകങ്ങൾ വിവക്ഷയെ ആശ്രയിച്ചിരിക്കും എന്ന തത്വം ഗ്രഹിക്കാം. (243.)

'വിഷ്ണു നിങ്ങളെ ചക്രം കൊണ്ടു രക്ഷിക്കട്ടെ' എന്നതിൽ വിഷ്ണുവിന്നും 'വിഷ്ണുവിൻെറ ചക്രം നിങ്ങളെ രക്ഷിക്കട്ടെ' എന്നതിൽ ചക്രത്തിന്നും 'വിഷ്ണുവിൻെറ ചക്രത്താൽ നിങ്ങൾ രക്ഷിക്കപ്പെടട്ടെ' എന്നതിൽ നിങ്ങൾക്കും പ്രാധാന്യം ഉണ്ടു. 'ചക്രപാണിയായ വിഷ്ണുവിനാൽ നിങ്ങൾ സുരക്ഷിതരായിരിപ്പിൻ' എന്നതിൽ ചക്രം സമാസാംഗമായിട്ടു് അപ്രധാനം ആയിപ്പോയി.

(a) ശിവന്റെ ഉൾഖനൃത്യം നിങ്ങളെ രക്ഷിക്കട്ടെ. (b) വിഘ്നരാജാനന ധൂളികൾ ചിരം നിങ്ങളെ താങ്ങിടട്ടെ. (c) ഗിരിശജടകൾ പാലിച്ചിടട്ടെ ഭവാനെ. ഇവയെ ദേവതാവാചിശബ്ദങ്ങൾക്കു പ്രാധാന്യം കിട്ടത്തക്കവണ്ണം മാററുക.

317. 1. ആഖ്യാഖ്യാതങ്ങൾ തമ്മിലുള്ള സംബന്ധം കാണിക്കുന്ന സാമാനാധികരണ്യത്തിന്ന് അഭേദം, സാദൃശ്യം താദാത്മ്യം, വിശേഷത എന്ന നാലർത്ഥങ്ങൾ ചിലർ പറയുന്നു.

അഭേദം (ഐക്യം). രാമൻ ലങ്കാജേതാവാകുന്നു. കൃഷ്ണൻ ദ്വാരകാനാഥനാകുന്നു. പൊന്നു ലോഹം ആകുന്നു. പൊന്നു തീയിൽ ഉരുകുന്നു (15).

സാദൃശ്യം. രാമൻ ഹിമാലയമാകുന്നു. (ഹിമാലയത്തെപ്പോലെ സ്ഥിരനാകയാൽ) ഹിമാലയസദൃശനാകുന്നു. ഇവിടെ ഹിമാലയം ഒരു പർവ്വതമാകയാൽ അതിന്റെ മുഖ്യാർത്ഥം വാക്യത്തിന്നു യോജിക്കുന്നില്ല. ഹിമവാന്റെ ഗുണങ്ങളെ രാമനിൽ ആരോപിച്ചു രണ്ടിന്നും ഐക്യം കല്പിച്ച് അർത്ഥം പറയും (228). ഈ ശബ്ദവൃത്തിയെ **ലക്ഷണ** എന്നും ശബ്ദത്തെ **ലാക്ഷണികമെ**ന്നും **ലാക്ഷണിക**ശബ്ദത്തിന്റെ അർത്ഥത്തെ **ലക്ഷ്യ**മെന്നും പറയും. (27.) വീരൻ യുദ്ധഭൂമിയിൽ സിംഹമാകുന്നു. ഈ ജനദ്രോഹി യമൻ തന്നെ. രാജാവിന്റെ കോപം അഗ്നിയും സന്തോഷം കല്പവൃക്ഷവും ആകുന്നു.

താദാത്മ്യം. മൺകുടത്തിന്റെ ആത്മാവു (ശരീരം) മണ്ണാകയാൽ മണ്ണിന്നും കുടത്തിന്നും തമ്മിലുള്ള സംബന്ധം താദാത്മ്യമാകുന്നു. ഗുണത്തിന്റെ ആശ്രയം ദ്രവ്യം (ഗുണി) ആകയാൽ ദ്രവ്യഗുണങ്ങൾ തമ്മിലുള്ള സംബന്ധവും താദാത്മ്യമാകുന്നു. രാമൻ ഗുണവാൻ.

വിശേഷത (വിശേഷ്യവിശേഷണഭാവം) നീലമായ ഉൽപലം. പഴുത്ത മാങ്ങ, ഉഗ്രൻ ദശാസ്യൻ.

2. ഈ വിധം വിശേഷ്യവിശേഷണങ്ങളിൽ വിശേഷണം എല്ലാപ്പോഴും പ്രഥമയിലും വിശേഷ്യം വിവക്ഷാനുസാരം മററു വിഭക്തികളിലും വരും.

ഉഗ്രൻ ദശാസ്യന്റെ വിക്രമം, അനുജൻ ലക്ഷ്മണന്റെ സാക്ഷ്യം.

3. ആഖ്യക്കും നാമാഖ്യാതത്തിന്നും തമ്മിലുള്ള അഭേദത്തെക്കാണിപ്പാൻ ആകധാതുവിൻ രൂപങ്ങളും തന്നെ, അത്രെ, പോൽ മുതലായ അവ്യയങ്ങളും വരും.

ശ്രീരാമൻ മഹാപുരുഷൻ. ശ്രീരാമൻ സത്യപ്രതിജ്ഞൻ ആകുന്നു; ശ്രീരാമൻ വിഷ്ണു തന്നെ. ശ്രീരാമൻ പ്രജാസേവകൻ അത്രേ. ശ്രീരാമൻ വിഷ്ണുവിന്റെ അവതാരം അത്രേ (11. 2). ഗോപാലൻ താസിൽദാരല്ലേ. നാരായണമേനോൻ ജഡ്ജിയല്ലയോ.

318. പരിച്ഛേദ്യപരിച്ഛേദകത്വത്തെക്കാണിക്കുന്ന വാക്യത്തിൽ പരിമാണവാചകം ലോപിച്ചാൽ ദ്രവ്യവാചകശബ്ദത്തിന്നു പരിമാണാർത്ഥം ഉണ്ടാകും. (271.)

'ആയിരം നെല്ലു പാട്ടം കിട്ടും,' 'അഞ്ചരി വെച്ചു ചോറുണ്ടാക്കി' ഈ വാക്യങ്ങളിൽ വിട്ട പദങ്ങളെ അദ്ധ്യാഹരിച്ചാൽ 'ആയിരം പറ നെല്ലു പാട്ടം കിട്ടും' എന്നും 'അഞ്ചുസേറു് അരി വെച്ചു ചോറുണ്ടാക്കി' എന്നും പറയും.

ജ്ഞാപകം. ആശ്രിതപ്രഥമ* എന്നതു കേവലം അസംഗതവും നിരാധാരവും ആകുന്നു. വാക്യത്തിൽ പദങ്ങൾക്കു് അന്വയവും ആകാംക്ഷയും ഉള്ള കാരണം അവ തമ്മിൽ ആശ്രയിച്ചു തന്നേ ഇരിക്കയുള്ളു. അനാശ്രിതപദങ്ങൾക്കു വാക്യത്തിൽ പ്രവേശമേ ഇല്ല. രാമൻ പോകുന്നു എന്നതിലേ പ്രഥമ ആഖ്യയായി ക്രിയയോടു് അന്വയിക്കുന്നതു കൊണ്ടു് അതു ഒരിക്കലും അനാശ്രിതമല്ല. സ്ഥലം, കാലം, പ്രമാണം, കർമ്മം, പ്രകാരം എന്ന അർത്ഥം കാണിക്കുന്ന നാമങ്ങൾ നപുംസകങ്ങളാകയാൽ ഇവയുടെ പ്രഥമാദ്വിതീയകൾക്കു രൂപസാമ്യം ഉണ്ടു. ഈ അർത്ഥങ്ങൾ സംസ്കൃതത്തിലും ഇംഗ്ലീഷിലും (Adverbial Accusative) കർണ്ണാടകത്തിലും ദ്വിതീയക്കു ഉള്ളതു കൊണ്ടു ഭാഷാനുഗുണമായി അവയെ ദ്വിതീയയിൽ ചേർക്കും. ദിക്കാലവാചിക്രിയയുടെ വ്യാപ്തി കാണിക്കുന്ന നാമങ്ങൾ ദ്വിതീയയാകും. 'എളുപ്പം നടന്നു' മുതലായവയിലെ എളുപ്പം എന്നതിനെ ക്രിയാവിശേഷണമായി വിചാരിക്കും. കർമ്മത്തെ സജാതീയകർമ്മത്തിൽ ചേർത്തിരിക്കുന്നു. (319. 1, 320-321.)

---

*It was thought unnecessary to slay the slain and the para occurring in the second edition of this work was purposely omitted in the third. As an Examiner on the S. S. L. C. Board complained of the ignorance of candidates about the ആശ്രിതപ്രഥമ dependent nominative, the reasons for the rejection of this absurd distinction have been stated above.

2. സംബോധന.

319. 1. പ്രാതിപദികാൎത്ഥത്തിന്നു പുറമേ **അഭിമുഖീകരണം** എന്ന അൎത്ഥാധിക്യം കാണിക്കുന്ന പ്രഥമയാകുന്നു സംബോധന. വേറൊരു കാൎയ്യത്തിൽ വ്യാപരിക്കുന്നവൻ വക്താവിന്റെ നേരേ തിരിഞ്ഞു് അവന്റെ അഭിമതം ചെയ്വാൻ ഒരുങ്ങുന്നതു് അഭിമുഖീകരണം.

സംബോധന വ്യാക്ഷേപകാവ്യയങ്ങളെപ്പോലെ ആകുന്നു എന്നു വിചാരിച്ചു് ഇംഗ്ലീഷുവ്യാകരണത്തിൽ വാക്യവിഭജനത്തിൽ അതിനെ വിട്ടുകളയും. സംസ്കൃതത്തിൽ അതിനെ ക്രിയാവിശേഷണമായെടുക്കും.

'രാമാ വരൂ' എന്ന വാക്യത്തിൽ നാം രാമനോടു സംസാരിക്കുന്നതു കൊണ്ടു രാമാ എന്ന സംബോധനയും വരൂ എന്ന ക്രിയയും മദ്ധ്യമപുരുഷൻ ആകുന്നു. 'രാമാ കൃഷ്ണൻ അതാ വരുന്നു' എന്ന വാക്യത്തിൽ 'നീ കണ്ടാലും' എന്ന പദങ്ങളെ അദ്ധ്യാഹരിച്ചാൽ സംബോധനയും ആഖ്യാതവും മദ്ധ്യമപുരുഷൻ എന്നു സ്പഷ്ടമായിത്തോന്നും.

2. പദ്യത്തിൽ അനേകം സംബോധനകളെത്തുടൎന്നുപയോഗിക്കും. ഗദ്യത്തിൽ അതു പാടില്ല.

“ധന്യേ വല്ലഭേ ഗിരികന്യേ പാൎവ്വതീ ഭദ്രേ നിന്നോളമാൎക്കുമില്ല ഭഗവദ്ഭക്തി നാഥേ.” ധന്യയും വല്ലഭയും ഗിരികന്യയും ഭദ്രയും നാഥയും ആയ പാൎവ്വതീ നിന്നോളം ഭഗവദ്ഭക്തി ആൎക്കുമില്ല എന്നോ മറ്റോ ഗദ്യത്തിൽ പറയും. ഇവിടെ സാമാനാധികരണ്യമുള്ള സംബോധനകൾക്കു് അഭേദാന്വയം സിദ്ധിച്ചു് അവ പ്രധാനപദമായ പാൎവ്വതീശബ്ദത്തെ വിശേഷിക്കുന്നതിൽ നിന്നു സംബോധനയെ പ്രഥമയുടെ രൂപഭേദമായി വിചാരിച്ചിരുന്നു. അതിന്നു സംബോധനത്തിൽ താൽപൎയ്യമാകയാൽ അതു പ്രഥമയിൽ നിന്നു വ്യത്യാസപ്പെടുന്നു. 'രാമാ എന്നെ രക്ഷിക്ക' എന്നതിന്റെ താൽപൎയ്യം 'എന്റെ രക്ഷണത്തെക്കുറിച്ചു രാമനെ അറിയിക്കേണ്ടതാകുന്നു' എന്നാകുന്നു.

'ഹേ രാജൻ സാൎവ്വഭൌമനായിരിക്ക' എന്ന ആശീൎവ്വാദത്തിൽ രാജാവു തന്നെ സാൎവ്വഭൌമനായിരിക്കേണ്ടതു കൊണ്ടു രണ്ടു പദങ്ങൾക്കും സാമാനാധികരണ്യം വേണ്ടതല്ലയോ? സംബോധനം എന്നാൽ സമ്യക്കായ ബോധം എന്നൎത്ഥമാകയാൽ ശ്രോതാവിന്നു രാജത്വാദിഗുണങ്ങൾ ഉണ്ടെന്നു നല്ലവണ്ണം അറിഞ്ഞിട്ടു മാത്രമേ രാജാവിന്നു സാൎവ്വഭൌമത്വത്തിന്നും യോഗ്യത ഉണ്ടെന്നു

നിണ്ണയിച്ച് ആശീവ്വദിക്കയുമല്ല. പ്രമാണാന്തരം കൊണ്ടു രാജഗുണങ്ങളെ അറിഞ്ഞു 'നീ സാവ്വഭൌമനായിരിക്ക' എന്നു സാവ്വഭൌമത്വം വിധിക്കുന്നതു കൊണ്ടു 'നീ' എന്നതു് ഉദ്ദേശ്യവും (ആഖ്യയും) സാവ്വഭൌമൻ വിധേയവും (നാമാഖ്യാതവും) ആകുന്നു. ഈ വിധമായ വിധേയവും സംബോധനാത്ഥമാസ്സുതും.

"ആരേ ഉദ്ദേശിച്ചു പറയുന്നുവോ അവന്നു മുമ്പു നിശ്ചയം വർത്ത സംഗതിയായാലേ വിധേയമാകയുള്ളൂ" (ലീലാതിലകം p. 10).

3. സ്വാഭിപ്രായദ്യോതകവും ഹേതുഗർഭവിശേഷണവുമായി സംബോധനയെ പ്രയോഗിക്കാം.

ലക്ഷ്മീപതേ എന്റെ ദാരിദ്ര്യം നീക്കേണമേ. ചന്ദ്രശേഖരാ, എന്റെ താപത്രയങ്ങളെ നശിപ്പിക്കേണമേ. കടാക്ഷമാത്രം കൊണ്ടു ലോകരേ ധന്യരാക്കുന്ന ലക്ഷ്മി തന്നേ അങ്ങയുടെ ആജ്ഞാകാരിയായിരിക്കയാൽ എന്റെ പ്രാത്ഥനയെ എളുപ്പം സാധിപ്പിക്കാമല്ലോ എന്ന സ്വാഭിപ്രായം അറിയിക്കുന്നു. ശീതളരശ്മികളോടു കൂടിയ ചന്ദ്രൻ ജടയിലുള്ളതു കൊണ്ടു് എന്റെ താപം അനായാസേന നീക്കാമല്ലോ.

3. ദ്വിതീയ.

320. 1. ക്രിയാവ്യാപാരം കത്താവിൽ നിന്നു് ഏതിൽ ചെന്നു ചേരുന്നുവോ ആയതു കമ്മം. കമ്മം കത്തരിപ്രയോഗത്തിൽ ദ്വിതീയയിലും കമ്മണിപ്രയോഗത്തിൽ പ്രഥമയിലും വരും (145).

'ശിഷ്യൻ ഗുരുവിനെ നമസ്കരിച്ചു' എന്നതിൽ ഗുരു നമസ്കാരക്രിയയുടെ കമ്മമായി ദ്വിതീയയിലും 'ശിഷ്യനാൽ ഗുരു നമസ്കരിക്കപ്പെട്ടു' എന്ന കമ്മണിപ്രയോഗത്തിൽ കമ്മമായ ഗുരു പ്രഥമയിലും വന്നിരിക്കുന്നു (244).

ഒരു നോട്ടം നോക്കി; ചാട്ടം ചാടി; അവർ കൂട്ടം കൂടി; ഓട്ടം ഓടി; പോക്കു പോയി; ചിരി ചിരിച്ചു മുതലായ വാക്യങ്ങളിൽ ആഖ്യാതവും കമ്മവും ഒരേ ധാതുവിൽ നിന്നുത്ഭവിച്ച പദങ്ങൾ ആകുന്നതു കൊണ്ടു കമ്മത്തെ **സജാതീയകമ്മം** എന്നു പറയും.

2. സജാതീയകമ്മം അകമ്മകക്രിയകളോട് അന്വയിച്ചു വരും. അതു വ്യാപാരത്തിന്റെ പ്രാധാന്യം കാണിക്കും.

3. സകൎമ്മകധാതുക്കളിൽ നിന്നുണ്ടായ കൃന്നാമങ്ങൾ ധാതുക്കളുടെ കൎമ്മമായ ദ്വിതീയയോട് അന്വയിക്കും.

എന്നെ സ്നേഹമുള്ളോർ (=സ്നേഹിക്കുന്നവർ). നമ്മെ ദ്വേഷമുള്ളോർ. നിന്നെ പകയുള്ളോർ. കുടിയാന്മാരെപ്പരിചയമില്ല. താതനെ സ്നേഹമുള്ളോർകളെ നന്നായ്വശീകരിച്ചീടിനാൻ മൌര്യനും.

4. ഈ അൎത്ഥത്തിൽ പഞ്ചമിയും സപ്തമിയും വരും. എന്നോടു സ്നേഹമുള്ളവർ—എന്നിൽ സ്നേഹമുള്ളവർ—എന്റെ പേരിൽ സ്നേഹമുള്ളവർ.

321. 1. ക്രിയാവ്യാപാരം ദിക്കാലങ്ങളെ വ്യാപിച്ചിരുന്നാൽ ദിക്കാലവാചകനാമങ്ങൾ ക്രിയയുടെ കൎമ്മമായ്വരും.

കൎത്താവിന്റെ പ്രവൃത്തി ഒരു പ്രദേശത്തിലും ഒരു കാലത്തിലും മുഴുവൻ നടന്നുവെങ്കിൽ ആയതു ദിക്കാലങ്ങളെ വ്യാപിച്ചിരിക്കുന്നുവെന്നു പറയും.

(a) ദിക്കു—ഞാൻ ഭൂചക്രം ഒക്കെ ഭ്രമിച്ചു. തൈലം സൎവ്വാംഗം തേക്ക. രണ്ടു കാതം നടന്നു. ബ്രാഹ്മണനു് ആറടി തിരിക. അരവിരൽ ആഴം മുറിഞ്ഞു.

(b) കാലം—ഏഴഹോരാത്രം പൊരുതു. ആറുകൊല്ലം ഇംഗ്ലീഷു പഠിച്ചു. നൂറുകൊല്ലം വാഴ്ക വാണുകൊൾക.

'അവൻ അഞ്ചുകൊല്ലം ഇംഗ്ലീഷു പഠിച്ചു' (He studied English *for* five years), 'സ പഞ്ച വൎഷാൻ ആംഗ്ലഭാഷാം അധീതവാൻ', എന്ന വാക്യത്തിൽ പഠിപ്പ് 'അഞ്ചുകൊല്ലം മുഴുവനും തുടൎന്നുകൊണ്ടിരുന്നു' എന്നും 'അവൻ അഞ്ചുകൊല്ലം കൊണ്ടു് ഇംഗ്ലീഷു പഠിച്ചു' (He studied English *in* five years), 'സ പഞ്ചഭിൎവ്വൎഷൈരാംഗ്ലഭാഷാം അധീതവാൻ' എന്നതിൽ പഠിപ്പ് പൂൎണ്ണമായി അവസാനിപ്പാൻ അഞ്ചുകൊല്ലം വേണ്ടി വന്നു എന്നും അൎത്ഥമാകുന്നു.

2. ആക്ക, ഇടുക, കഴിക്ക, കാൺക, കൂട്ടുക, കൊടുക്ക, കൊൾക, ചെയ്ക, ചേൎക്ക, പ്രാപിക്ക, വരുത്തുക, വെക്ക, മുതലായ ക്രിയകൾ നാമങ്ങളോടു ചേൎന്നുണ്ടാകുന്ന സമാസക്രിയകളുടെ കൎമ്മം ദ്വിതീയയിൽ വരും. ഈ സമാസങ്ങളുടെ പൂൎവ്വപദമായ നാമം ആഖ്യാതപൂരണം ആകും.

രോഗം ഗുണമാക്കി. സീത രാമനെ മാലയിട്ടു. പെണ്ണിനെ വേളി കഴിച്ചു, വിവാഹം കഴിച്ചു. അവരെ സ്വപ്നം കണ്ടു. അശ്വത്തെ പ്രഹരം കൂട്ടി. ഉടൽ കാളിക്കു പൂജ കൊടുത്തു. ദക്ഷിണ ഗുരുവിനു ജീവനും നല്കി. അവരെ അഞ്ജലി കൂപ്പിക്കൊണ്ടുണൎത്തി. മന്ത്രിയെ നീക്കം ചെയ്തു. ഭൂമിയെ പ്രദക്ഷിണം വെച്ചു. അവരെ പഞ്ചത്വം വരുത്തുവാൻ ശ്രമിച്ചു. അവരെ

പഞ്ചതപം ചെയ്താൻ. അതിനെ തിരുമുല്ക്കാഴ്ച വെച്ചു. ഈശ്വരനെ ശരണം പ്രാപിച്ചു.

ഈ ക്രിയകളിൽ ആക്ക, ചെയ്ക, വരുത്തുക, പ്രാപിക്ക എന്നിവക്കു പ്രാധാന്യം കുറ്റം.

അഭിഷേകം, പ്രയാണം, ധ്യാനം, ഭോജനം ചെയ്ക. ഗുണമാക്ക, ദോഷമാക്ക. ദോഷം വരുത്തുക. മോക്ഷം പ്രാപിക്ക.

3. നാമാഖ്യാതമുള്ള നാമവാക്യം ഒരു ക്രിയയുടെ കർമ്മമായാൽ ആ വാക്യത്തിലേ ആഖ്യയെ കർമ്മമാക്കാം. നാമാഖ്യാതം പ്രഥമയിൽ തന്നെ ഇരിക്കും.

രാമനെ യുവരാജാവാക്കി. സീതയെ പട്ടമഹിഷിയാക്കി അഭിഷേകം ചെയ്തു. രാമനെ വിഷ്ണുവെന്നു അവർ വിശ്വസിക്കുന്നു. കൃഷ്ണനെ അവർ ഗുരുവെന്നു ധരിച്ചു.

4. ചില സകർമ്മകക്രിയകളുടെ കർമ്മാർത്ഥം പൂരിക്കുന്ന ആഖ്യാതപൂരണം 'എന്ന' എന്നതിനോടു ചേരും.

രാമനെ വിഷ്ണുവെന്ന് അവർ വിശ്വസിക്കുന്നു. അദ്ധ്യയനം ബ്രാഹ്മണർ തങ്ങളുടെ ധർമ്മമെന്നു ഓർത്തു. രാവണൻ അനുജനെ ശത്രുവെന്നു വിചാരിച്ചു. രജ്ജുവിനെ സർപ്പമെന്നു വിശ്വസിച്ചു. സത്യത്തെ പരമധർമ്മമെന്നു ധരിക്ക. ഗീതയെ മോക്ഷശാസ്ത്രമെന്ന് അറിക. ഇവയെ സങ്കീർണ്ണവാക്യങ്ങളായി മാററുക.

5. സാമാനാധികരണ്യമുള്ള രണ്ടു കർമ്മങ്ങളിൽ ഒന്നിനോടു 'എന്നു' എന്ന നിപാതം ചേർന്നാൽ അതു പ്രഥമയിൽ വരും.

4ലേ ഉദാഹരണങ്ങളെ കൊണ്ടു ഈ വിധിയെ തെളിയിക്കുക.

6. ചില ക്രിയകൾക്കു രണ്ടു കർമ്മങ്ങൾ ഉണ്ടാകും.

എന്നെ ചില ദുർവ്വചനങ്ങൾ ചൊന്നാൻ. എന്നെ ചീത്ത പറഞ്ഞു. കൃഷ്ണൻ അർജ്ജുനനെ ഗീതയെ ഉപദേശിച്ചു. അവർ വിവരങ്ങൾ എല്ലാം രാമനെ അറിയിച്ചു. വസ്തുത അവനെ ഉണർത്തിച്ചു. അക്കഥയെല്ലാം എന്നെ കേൾപ്പിക്കേണം. ദേവിയെ ദേവകളെ ഭരമേല്പിച്ചു. പഞ്ചാക്ഷരം അടിയനെ ബോധിപ്പിക്ക. ശക്തിയെപ്പല നാമം ചൊല്ലുന്നു പലതരം. കൃത്യങ്ങൾ രാജാവിനെ ഗ്രഹിപ്പിച്ചു. എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു. അഭിമതങ്ങളെ വസിഷ്ഠനെ പ്രാർത്ഥിച്ചു.

322. 1. അകൎമ്മകക്രിയകൾ, ജ്ഞാനാൎത്ഥകസകൎമ്മക ക്രിയകൾ, ഉൺ, തിൻ, ചമയ് മുതലായ ചില സകൎമ്മക ക്രിയകൾ എന്നിവയുടെ പ്രയോജ്യകൎത്താവു ദ്വിതീയയിൽ അന്വയിച്ചുവരും.

2. ദ്വാരഭൂതനായ വേറെയൊരു കൎത്താവിന്റേറയും സഹായം കൂടാതെ പ്രവൃത്തിക്കുന്നവൻ **സ്വതന്ത്രകൎത്താവും** കൎത്ത്രന്തരപ്രേരണയാൽ പ്രവൃത്തിക്കുന്നവൻ **പ്രയോജ്യകൎത്താവും** പ്രയോജ്യകൎത്താവിനെ അവന്റെ വ്യാപാരത്തിൽ പ്രവൃത്തിപ്പിക്കുന്നവൻ **പ്രയോജകകൎത്താവും** ആകുന്നു. പ്രയോജ്യകൎത്താവു ദ്വിതീയയിലും ശേഷം രണ്ടും പ്രഥമയിലും വരും. ദ്വിതീയയായിട്ടും പ്രയോജ്യകൎത്താവു പ്രയോജക ക്രിയയുടെ കൎമ്മമല്ല. (149.)

i. അകൎമ്മകക്രിയകൾ.

കേവലപ്രകൃതി.	പ്രയോജകപ്രകൃതി.
ബാണം മൃഗശരീരത്തിൽ പതിക്കുന്നു.	ബാണം മൃഗശരീരത്തിൽ പതിപ്പിക്കുന്നു.
കുട്ടി കളിക്കുന്നു.	കുട്ടിയെ കളിപ്പിക്കുന്നു.
വെള്ളം ഒഴുകുന്നു.	വെള്ളം ഒഴുക്കുന്നു.
കള്ളൻ ഓടുന്നു.	കൺസ്റ്റബിൾ കള്ളനെ ഓടിക്കുന്നു.
ഭൂപൻ നാകം ഗമിച്ചു.	ഭൂപനെ നാകം ഗമിപ്പിച്ചു.

ii. ജ്ഞാനാൎത്ഥകക്രിയകൾ.

രാമൻ ഉത്സവം കാണുന്നു.	രാമനെ കൃഷ്ണൻ ഉത്സവം കാണിക്കുന്നു.
രാമൻ പാട്ടു കേൾക്കുന്നു.	കൃഷ്ണൻ രാമനെ പാട്ടു കേൾപ്പിക്കുന്നു.
ഹരി സത്യം അറിയുന്നു.	ഹരിയെ അനന്തൻ സത്യമറിയിക്കുന്നു.
ശിഷ്യൻ പാഠം പഠിക്കുന്നു.	ശിഷ്യനെ ഗുരു പാഠം പഠിപ്പിക്കുന്നു.

ജ്ഞാനേന്ദ്രിയങ്ങളുടെ ക്രിയകളായ കേൾ, കാൺ ഇത്യാദി ജ്ഞാനക്രിയകൾ.

iii. മറ്റു സകൎമ്മകധാതുക്കൾ.

ദേവർ അമൃതം കുടിച്ചു:	വിഷ്ണു ദേവരെ അമൃതം കുടിപ്പിച്ചു.
ബാലൻ വേഷ്ടം ചമഞ്ഞു.	ബാലനെ വേഷ്ടം ചമയിച്ചു.
ബ്രാഹ്മണർ ശ്രാദ്ധം ഉണ്ണുന്നു.	ബ്രാഹ്മണരെ ശ്രാദ്ധം ഊട്ടുന്നു.

3. ചെയ് മുതലായ സകൎമ്മകക്രിയകളുടെ കൎത്താവു പ്രയോജകപ്രകൃതികളുടെ കൎമ്മമായി കൊണ്ടു എന്ന ഗതിയോട് അന്വയിച്ചുവരും.

ചാത്തു വേല ചെയ്യുന്നു.	ചാത്തുവിനെക്കൊണ്ടു രാമൻ വേല ചെയ്യിക്കുന്നു.
നാണു കത്തു വായിക്കുന്നു.	നാണുവിനെക്കൊണ്ടു രാമൻ കത്തു വായിപ്പിക്കുന്നു.

1. മാധവൻ മാഗധനെ മാരുതിതന്നെക്കൊണ്ടു ബാധ ഭ്രപക്കു തീൎപ്പാൻ കൊല്ലിച്ചു. 2. (കൃഷ്ണൻ) . . . സമരചതുരന്നു വിശ്വരൂപവും കാട്ടി വിശ്വാസം വരുത്തിനാൻ. 3. അൎജ്ജുനൻ ശിഖണ്ഡിയെ യുദ്ധത്തിന്നായി നിൎത്തി. 4. ക്ഷിതിപതിയോടു ശക്രനന്ദനൻ കൃഷ്ണഗതിയുമറിയിച്ചാൻ. 5. മുനിമാരെ വരുത്തിയുരചെയ്യാൻ. 6. ഞാനത്രേ ജന്തുക്കളെ വൎദ്ധിപ്പിച്ചീടുന്നതും. 7. രാമചന്ദ്രനെ ജനിപ്പിച്ചു കൌസല്യ. 8. കണ്ണുകൾ ചുവപ്പിച്ചു ദേഹവും വിറപ്പിച്ചു. 9. (ഭീമനെ) പാമ്പിനെക്കൊണ്ടു കടിപ്പിച്ചാർ.

4. ശബ്ദമണിദൎപ്പണമെന്ന കൎണ്ണാടകവ്യാകരണത്തിൽ കൎമ്മത്തെ എട്ടു വിധമായി വിഭാഗിച്ചിരിക്കുന്നു:—

1. ഇഷ്ടം. വസ്ത്രമുടുത്തു. പൊന്നണിഞ്ഞു. ഭക്ഷണം കഴിച്ചു.

2. അനിഷ്ടം. പാമ്പിനെ കടന്നു. ശിശുവിനെ കൊന്നു. വിഷം തിന്നു. പ്രാണനെക്കളഞ്ഞു.

3. നിവൎത്ത്യം—വീടു പണിതു. വള ഉണ്ടാക്കി. ഗ്രന്ഥം നിൎമ്മിച്ചു.

4. വികാൎയ്യം. മരം ഈരുന്നു. കരിമ്പു പിഴിഞ്ഞു രസമെടുക്കുന്നു.

5. പ്രാപ്യം. സ്വൎഗ്ഗം പ്രാപിച്ചു. മരത്തെ അടുത്തു.

6. വൈഷയികം. സൂൎയ്യനെ നോക്കുന്നു. പാട്ടു കേട്ടു. പുഷ്പം മണത്തു.

7. കാലം. ആറുമാസം താമസിച്ചു. മൂന്നു നാൾ ഇരുന്നു.

8. അധ്വാവു. അരക്കാതം ഓടി, രണ്ടു നാഴിക നടന്നു.

5. ഇവയിൽ നിവൎത്ത്യം, വികാൎയ്യം, പ്രാപ്യം എന്നിവയെ ലീലാതിലകത്തിലും നിൎദ്ദേശിച്ചിട്ടുണ്ടു. വൈഷയികം ജ്ഞാനക്രിയയുടെ കൎമ്മം.

4. തൃതീയ.

323. 1. കൎത്താവിന്നു സ്വവ്യാപാരം ചെയ്വാൻ അത്യന്തം ഉപകരിക്കുന്നതു കരണം. കരണവും കൎമ്മണിപ്രയോഗത്തിന്റെ കൎത്താവും തൃതീയയിൽ വരും.

i. കരണം — വാളാൽ വെട്ടി. ശത്രു അസ്ത്രത്താൽ ഹതനായി.

ii. കൎത്താവു — അഴീതിദേവിയാൽ നട്ടു വളൎത്തപ്പെട്ട വൃക്ഷങ്ങൾ.

2. കരണാൎത്ഥത്തിൽ ദ്വിതീയയോടു കൊണ്ടു് എന്ന ഗതിയെയാകുന്നു ഇപ്പോൾ അധികമായും ഉപയോഗിച്ചു വരുന്നതു.

ഗുരു ശിഷ്യനെ ചൂരൽ കൊണ്ടു് അടിച്ചു. വീരൻ ശത്രുവിനെ അമ്പു കൊണ്ടു് വധിച്ചു. രാമനാൽ രാവണൻ ബ്രഹ്മാസ്ത്രം കൊണ്ടു വധിക്കപ്പെട്ടു.

3. വ്യാപാരത്തിന്റെ ഹേതുവും തൃതീയയിൽ വരും. ക്രിയാനാമങ്ങളുടേയും കൃന്നാമങ്ങളുടേയും തൃതീയ പ്രായേണ ഹേതുവായിരിക്കും.

ഗോപാലൻ പാഠങ്ങൾ പഠിക്കയാൽ ജയിച്ചു. (ജയത്തിന്റെ ഹേതു — കാരണം — പഠിപ്പാകുന്നു) അൎത്ഥത്താൽ വലിപ്പം. ഇവരാൽ ഉപദ്രവമുണ്ടു നാട്ടിൽ. ധാന്യത്താൽ ധനവാൻ.

4. ഈ അൎത്ഥത്തിൽ മൂലം, കാരണം, ഹേതു, നിമിത്തം എന്നീ ഗതികൾ പ്രഥമയോടും കൊണ്ടു എന്നതു ദ്വിതീയയോടും ചേൎന്നു വരും.

രാജാവു് ആജ്ഞാപിക്ക മൂലം അവൻ യുദ്ധത്തിന്നു പോയി. അവൻ തോററതു നിമിത്തം അവനെ രാജ്യത്തിൽ നിന്നു പുറത്താക്കി. അവൻ കട്ടതു കൊണ്ടു ശിക്ഷ അനുഭവിച്ചു.

5. മേയനാമങ്ങളുടെ ദ്വിതീയയോടു ചേരുന്ന കൊണ്ടു് എന്ന ഗതി ഉപാദാനകാരണത്തെക്കാണിക്കും.

പരുത്തി കൊണ്ടു തുണിയുണ്ടാക്കുന്നു. പൊന്നു കൊണ്ടു മോതിരം ഉണ്ടാക്കുന്നു.

6. ഫലസിദ്ധിക്കുള്ള വ്യാപാരം നടന്ന കാലത്തെ 'കൊണ്ടു' കാണിക്കും.

ആറു കൊല്ലം കൊണ്ട് ഇംഗ്ലീഷു പഠിച്ചു. അവർ രണ്ടു ദിവസം കൊണ്ട് ഒരുച്ചാക്കു തിന്നു തീൎത്തു. ഭാഗവതം ഏഴു ദിവസം കൊണ്ടു വായിച്ചു തീൎത്തു. (319.)

7. കൎമ്മണിനിഷ്ഠകൾ, കൃത്യങ്ങൾ, ശക്യാൎത്ഥമുള്ള പദങ്ങൾ എന്നിവയോടു തൃതീയ അന്വയിച്ചുവരും.

നിഷ്ഠ — ബ്രഹ്മാവിനാൽ ലിഖിതം, വിധിയാൽ വിഹിതം, രാജാവിനാൽ ദത്തം.

കൃത്യങ്ങൾ — എന്നാൽ അസാദ്ധ്യം, ജനങ്ങളാൽ അവജ്ഞേയം, നിന്നാൽ ധാൎയ്യം.

ശക്യാൎത്ഥം — എന്നാൽ കഴിയാത്തതു. ദേവരാൽ ശക്യം. ഉദധിസന്തരണം മാരുതിയാൽ സാദ്ധ്യം.

8. നിൎദ്ധാരണത്തിൽ തൃതീയ വരും. ഗുണോൽകൎഷമുള്ള വസ്തുക്കളിൽ നിന്ന് ഒന്നിനെ തിരഞ്ഞെടുക്കുന്നതു നിൎദ്ധാരണം.

'നാലാൽ ഒരുത്തൻ.' 'മേനിയാൽ പകുതി നല്കി' എന്നതിൽ മേനിയെ അവയവങ്ങളോടു കൂടി ഒരു സമൂഹമാക്കി വിചാരിച്ചിരിക്കുന്നു. തുവലാൽ ഒന്നു പറിച്ചു.

ജ്ഞാപകം. സംസ്കൃതതൃതീയയുടെ എല്ലാ അൎത്ഥങ്ങളും കൎണ്ണാടകതൃതീയക്കുള്ളതു കൊണ്ടും ഓടു എന്ന പഞ്ചമിയുടേയും അൎത്ഥങ്ങളെ കാണിക്കുന്നതു കൊണ്ടും രണ്ടു ഭാഷകൾക്കു തമ്മിൽ വലിയ ഭേദം വന്നിരിക്കുന്നു. ഭാഷാതൃതീയയോടു യോജിക്കുന്ന കൎണ്ണാടകപ്രയോഗങ്ങളെ ഉദാഹരിക്കാം. കരണം, ഹേതു, കൎത്താവു എന്നിവ രണ്ടു ഭാഷക്കും തുല്യം. സംയോഗം, വിധി (പ്രകാരം), ഇത്ഥം ഭൂതലക്ഷണം എന്നിവ ഭാഷയിൽ പഞ്ചമിയുടെ പ്രയോഗമാകുന്നു. ഉപാദാനം, സിദ്ധി എന്നിവക്കു ഭാഷയിൽ കൊണ്ടു എന്ന ഗതി വേണം.

5. ചതുൎത്ഥി.

324. ഫലവ്യാപാരങ്ങളോടു കൂടിയ ക്രിയയുടെ കൎത്താവു വ്യാപാരത്തിന്റെ ആശ്രയവും കൎമ്മം ഫലത്തിന്റെ വിഷയവും ആകുന്നു. (145. 2.) ഫലം ഏതിൽ നേരിട്ടു ഫലിക്കുന്നുവോ ആയതു **മുഖ്യകൎമ്മവും** മുഖ്യകൎമ്മം നിമിത്തമായി ക്രിയയിൽ അന്വയിക്കുന്നതു **ഗൌണകൎമ്മവും** ആകുന്നു.

മുഖ്യകൎമ്മത്തെ ദ്വിതീയയും ഗൌണകൎമ്മത്തെ ചതുൎത്ഥിയും കാണിക്കും.

മുഖ്യകൎമ്മം—വൈദ്യൻ കഷായത്തിന്നു മേല്പൊടി ചേൎക്കുന്നു. മോഷ്ടി കുപ്പായത്തിന്നു ഇസ്ത്രിയിടുന്നു. പണിക്കാരൻ ചുമരിന്നു വെള്ള വലിക്കുന്നു. വൈദ്യർ മൂൎത്തിക്കു ധാരയിടുന്നു. എനിക്കു മാൎഗ്ഗമുപദേശിച്ചു. വള്ളത്തെ കരെക്കേററി. വാൾ അരെക്കു ചേൎത്തു കെട്ടുക. കുമാരന്മാൎക്കു നീതിയെ ധരിപ്പാൻ അരക്കരിതു ദശമുഖന്നര ചെയ്യാർ. ഈ ദൃഷ്ടാന്തങ്ങളിലേ ഗൌണകൎമ്മത്തേയും മുഖ്യകൎമ്മത്തേയും വേർ തിരിച്ചു വിഭാഗകാരണം പറക.

325. കൎത്താവു, കൎമ്മം, സംബന്ധം എന്ന അൎത്ഥത്തിലും ചതുൎത്ഥി വരും.

1. നിശ്ശീൎണ്ണകൎത്തൃകക്രിയകളുടേയും വിധായകാനുജ്ഞായകപ്രകാരങ്ങളിലേ ഭാവിയുടേയും കൎത്താവു ചതുൎത്ഥിയിൽ വരും. (145. 4.)

നിശ്ശീൎണ്ണകൎത്തൃകക്രിയകൾ—കുട്ടിക്കു പനിക്കുന്നു. രാമന്നു ദാഹിച്ചു. എനിക്കു പണം കിട്ടി. രാമന്നു സീതയെ ലഭിച്ചു. അവന്നു കാൎയ്യം സാധിച്ചു. നിശ്ശീൎണ്ണക്രിയകൾ വ്യാപാരത്തിന്റെ പ്രാധാന്യവും അവയോട്ട് അന്വയിക്കുന്ന ചതുൎത്ഥി വ്യാപാരസ്വാമ്യവും കാണിക്കും.

വിധായകഭാവി—എനിക്കു പോകണം. കുട്ടിക്കു ഉണ്ണണം.

അനുജ്ഞായകഭാവി—നിനക്കു പോകാം.

2. സ്പഷ്ടമായി ഗ്രഹിക്കാമെന്നു വിചാരിച്ചു വിട്ടുകളഞ്ഞ ഭാവിക്രിയാന്യൂനത്തിന്റെ കൎമ്മം ചതുൎത്ഥിയിൽ വരും.

പൂവിന്നു വന്നു പുക്കു = പൂ കൊണ്ടു വരാൻ വന്നു പുക്കു. 'പൂ' കൊണ്ടു വരാൻ എന്ന ക്രിയാന്യൂനത്തിന്റെ കൎമ്മം. അതിന്റെ ലോപത്തിങ്കൽ കൎമ്മം ചതുൎത്ഥിയിൽ വന്നു. പോൎക്കു സന്നദ്ധൻ. ചൂതിന്നു തുനിഞ്ഞു. ഭിക്ഷക്കു തെണ്ടി നടന്നു. നാട്ടിലേ പുഷ്ടിക്കിഷ്ടി ചെയ്യു. ചാത്തത്തിന്നു ക്ഷണിച്ചു. വെള്ളത്തിന്നു നദിക്കു പോയി. വേളിക്കു മുഹൂൎത്തം നോക്കുന്നു.

ഇവിടെ വിട്ടു പോയ ഭാവിക്രിയാന്യൂനം ചേൎത്തു വാക്യങ്ങളെ മാററി കൎമ്മങ്ങളെക്കാണിക്കുക.

3. രണ്ടു നാമങ്ങൾ തമ്മിലുള്ള സംബന്ധം കാണിക്കുന്ന ചതുൎത്ഥി ഷഷ്ഠിക്കു തുല്യം.

സിംഹം മൃഗങ്ങൾക്കു രാജാവു. ദേവകൾക്കരചൻ. എനിക്കു പുസ്തകമുണ്ടു. രാമന്നു രണ്ടു പുത്രന്മാർ ഉണ്ടു. പാരിന്നു നാഥൻ പരീക്ഷിത്തു. മററുള്ള

ജനങ്ങൾക്കു കററങ്ങൾ പറയും. ഭൂപന്നു കീഴടങ്ങി വളന്നു. ഇവിടെ ചതുൎത്ഥി സ്വാമിയും (ഉടമസ്ഥനും) പ്രഥമ സ്വമ്മും (വസ്തുവും) കാണിക്കുന്നതു കൊണ്ടു ഇവ തമ്മിലുള്ള സംബന്ധം സ്വസ്വാമിഭാവം ആകുന്നു.

4. കൃത്യങ്ങളുടെ കൎത്താവു തൃതീയ, ചതുൎത്ഥി, ഷഷ്ഠി എന്നവയിൽ വരും.

എന്നാൽ ശക്യം, എനിക്കു സാധ്യമല്ല, ചെവിക്കു പേയമായിട്ടു ഭവിക്കും ഭാരതാളതം.

5. രുച്യൎത്ഥകക്രിയകളുടെ കൎത്താവു ചതുൎത്ഥിയിൽ വരും.

ഈ കഥ എനിക്കു രസിച്ചു. ഇതു് അവന്നു രുചിക്കുന്നില്ല. നിന്റെ ശീലം നിന്റെ കലത്തിന്നു പററിയതല്ല.

6. സംഭാവനാൎത്ഥത്തിൽ ചതുൎത്ഥി കൎത്താവിനെക്കാണിക്കും.

ഹരിച്ച ശേഷം ഒന്നു വരികിൽ ആദിത്യൻ; രണ്ടിന്നു ബുധൻ (രണ്ടു വരികിൽ എന്നു് അൎത്ഥം). നൂററിന്നു് അഞ്ചു പലിശ.

326. 1. സംപ്രദാനം, 2. ദിക്കാലസാമീപ്യം, 3. ദിക്കാലവ്യവസ്ഥ, 4. സ്വാമ്യം, 5. താദൎത്ഥ്യം, 6. അനുസരണം, 7. ലക്ഷീകരണം, 8. പ്രതിനിധി, 9. തുല്യത, 10. സാദൃശ്യം, 11. യോഗ്യത, 12. ഹിതത്വം, 13. വില, 14. ഹേതു എന്നീ അൎത്ഥങ്ങളെ ചതുൎത്ഥി പ്രകാശിക്കും.

1. ക്രിയയുടെ കൎമ്മം ഏവനോടു ചേരേണമെന്നു കൎത്താവു് ഇച്ഛിക്കുന്നുവോ ആയവൻ സംപ്രദാനം. അതു ചതുൎത്ഥിയിൽ വരും. ലിംഗവിവക്ഷയില്ല.

അമ്മ കുട്ടിക്കു പാൽ കൊടുത്തു — കൊടുക്കു എന്ന ക്രിയയുടെ കൎമ്മമായ പാൽ കുട്ടിയോടു ചേരുന്നതു കൊണ്ടു കുട്ടി സംപ്രദാനം ആകുന്നു.

അൎപ്പിക്ക (സമൎപ്പിക്ക), ഏകുക, കൊടുക്ക, തരിക, നല്കുക എന്നിവയുടെ കൎമ്മം സംപ്രദാനത്തോടന്വയിക്കും.

2. വ്യാപാരത്തിന്നു ദിക്കാലങ്ങൾ നിമിത്തം ഉണ്ടാകുന്ന സാമീപ്യം കാണിക്കുന്ന ചതുൎത്ഥി ക്രിയയുടെ ഗൌണകൎമ്മം ആകും.

ദിക്ക. — കോട്ടക്കു ചെന്നു. രാജധാനിക്കടുത്തു. പുരക്കു തീപ്പിടിച്ചു. നദിക്കു പടിഞ്ഞാറു പോയി. പുല്ലിടക്കിടേ സ്വരൂപിച്ചു. സഞ്ചി അരക്കു കെട്ടി.

കാലം.— ഉച്ചക്കു വന്നു. വേളിക്കു പാട്ടു. പതിനാലാണ്ടേക്കു ഒരിച്ചുകൊൾക.

3. ദിക്കാലവിഭാഗങ്ങളിൽ ഒന്നിനെ ആധാരവും മറെറാന്നിനെ അവധിയും ആയി നിശ്ചയിക്കുന്നതു വ്യവസ്ഥയാകുന്നു. ഈ വ്യവസ്ഥാൎത്ഥത്തിങ്കൽ ആധാരം ചതുൎത്ഥിയിൽ വരും.

അസ്തഗിരിക്കു കിഴക്കു, കാശിക്കു വടക്കു, കോരപ്പുഴക്കു വടക്കു. അത്താപത്തിന്നു ഓണം, കൎക്കടകത്തിന്നു രണ്ടു മാസം മുമ്പു.

4. **സ്വാമ്യം.**— രാജാവിന്നു രക്ഷാശിക്ഷകളുടെ അധികാരം ഉണ്ടു. രാമന്നു സ്വൎണ്ണങ്ങൾ ഉണ്ടു. ഈ ജന്മിക്കു വളരെ നിലങ്ങളുണ്ടു.

5. **താദൎത്ഥ്യം.**— (ഒരു പ്രയോജനം സാധിപ്പാൻ വേണ്ടി) ഊണിന്നു കാത്തിരിക്കുന്നു. കാൎയ്യത്തിന്നു കഴുതക്കാൽ പിടിക്ക. നാട്ടിലെ പുഷ്ടിക്കിഷ്ടി ചെയ്തു. ചാത്തത്തിന്നു ക്ഷണിച്ചു. ദുരിതമഹാൎണ്ണവതരണത്തിന്നൊരു തരണീഭൂതൻ. വേളിക്കു മോഹിച്ചു. വൃദ്ധിക്കു കാമിച്ചു. കൂലിക്കു പണിയെടുത്തു.

ആയി, ആയ്ക്കൊണ്ടു, വേണ്ടി എന്ന ഗതികൾ താദൎത്ഥ്യം കാണിക്കും.

6. **അനുസരണം.**— (ഒരു ക്രിയക്കു് ഒത്ത ക്രിയ ചെയ്ക.) താളത്തിന്നു തുള്ളുന്നു (താളത്തിന്നു് ഒത്തവണ്ണം). നിലക്കു നിന്നാൽ മലക്കു സമം.

7. **ലക്ഷീകരണം.**— കാശിക്കു പോകുന്നു (കാശിയെ ലക്ഷ്യമാക്കി). തലക്കു മേടുന്നു. കൈക്കു പിടിച്ചു. കല്ലു കാലിന്നു തട്ടുന്നു. മുള്ളു കാല്ക്കു തറച്ചു. ഗുരു ശിഷ്യനെ കൈക്കു പിടിച്ചു.

ക്രിയയുടെ കൎമ്മത്തെ നോക്കി — ലക്ഷ്യമാക്കി — പ്രവൃത്തിച്ചു എന്ന അൎത്ഥത്തിൽ കൎമ്മം ഗൌണമാകുന്നു. അതുപോലെ താദൎത്ഥ്യവും അനുസരണവും കാണിക്കുന്ന ചതുൎത്ഥി ഗൌണകൎമ്മം തന്നെ.

8. **പ്രതിനിധി.**— ഉടക്കു പകരം പുല്ലു. തേനിന്നു പകരം പഞ്ചസാര ചേൎക്കാം. രാമന്നു പകരം ഞാൻ പോരാം (= രാമന്റെ പ്രതിനിധിയായി ഞാൻ പോരാം). വകാരത്തിന്നു പകരം ബകാരം വരും. (വകാരസ്ഥാനത്തു ബകാരം വരും.) ശപിച്ചതിന്നു പകരം അവങ്ങോട്ടും ശപിച്ചു (ശപിച്ചതു കാരണം പ്രതികാരമായി ശപിച്ചവനേയും ശപിച്ചു എന്ന അൎത്ഥമാകയാൽ ശപിച്ചതിന്റെ സ്ഥാനത്തു എന്നൎത്ഥമില്ല). മറകൾ നാലുണ്ടു കതിരകൾക്കിപ്പോൾ (കതിരകളുടെ സ്ഥാനത്തു). എട്ടാമതിന്നൊരു കഥ ചെയ്തു (സ്ഥാനത്തു).

9. **തുല്യത.**—നൂറുലക്ഷത്തിന്ന് ഒരു കോടി. നാനാങ്കം പതിനാറു. ഒരു ഡജനിന്നു പന്ത്രണ്ടെണ്ണം.

10. **സാദൃശ്യം.**—വിഷ്ണുവിന്നു സദൃശൻ രാമൻ. ധനദന്നു സമൻ നൃപൻ. അപ്സരസ്സൊത്ത നാരി. (229.)

ഗുണവചനത്തിന്നു പകരം ഗുണനാമം പ്രയോഗിച്ചാൽ ചതുൎത്ഥിക്കു പകരം ഷഷ്ഠി വരും.

ധൎമ്മപുത്രർ നളന്നു സദൃശൻ — ധൎമ്മപുത്രൎക്കു നളന്റെ സാദൃശ്യമുണ്ടു.

11. **യോഗ്യത.**— കൃഷ്ണൻ ജഗൽഗുരുവെന്ന പേരിന്നൎഹൻ, അവനതിന്നാൽ ആളല്ല. നിണക്കൊത്തതു ചെയ്യു. സീത രാമന്നു യോഗ്യയായ ഭാൎയ്യ.

അനുഗുണം, അനുരൂപം, അധീനം, അൎഹം, ഉപപന്നം, ഉപയുക്തം, ഉചിതം, കുശലം, ക്ഷേമം, നിഷ്പ്രയോജനം, വിഹിതം, തക്കതു, പറ്റിയതു, ശക്യം, ശക്തൻ, സാധ്യം മുതലായവയും ഇവയുടെ പൎയ്യായങ്ങളും വിപരീതപദങ്ങളും ചതുൎത്ഥിയോട്ട് അന്വയിക്കും. ഉദാഹരിക്കുക.

12. **ഹിതത്വം.**— പാൽ ശിശുവിന്നു ഹിതം. രോഗിക്കു കഞ്ഞി പഥ്യം. രോഗത്തിന്നു പറ്റിയ മരുന്നു. പഠിപ്പു കുട്ടിക്കു ഗുണപ്രദം.

13. **വില.**— അഞ്ചുറുപ്പികക്കരി വാങ്ങി (അരിയുടെ വില അഞ്ചുറുപ്പിക). മുളകിന്നു നെല്ലു വാങ്ങി (മുളകു കൊടുത്തു പകരം നെല്ലു വാങ്ങി barter—വിനിമയം).

14. **ഹേതു.**— അതിന്നു (= അതു കാരണം) നിന്നെ കൊല്ലും. വീരർ മരിക്കുന്നതിന്നു (മരിക്കുന്നതു കൊണ്ടു) ശോകിക്കൊല്ല. ആ സംഗതിക്കു (നിമിത്തം) കുഴങ്ങി.

ശബ്ദമണിദൎപ്പണത്തിൽ ചതുൎത്ഥിക്കു വിധിച്ച മുപ്പത്തുരണ്ടൎത്ഥങ്ങളിൽ ഭാഷക്കു ഒത്തവ മേൽ കാണിച്ചിരിക്കുന്നു. ശേഷം അൎത്ഥങ്ങൾ മറ്റു കാരകങ്ങൾക്കും ഗതികൾക്കും ഉള്ളതു കൊണ്ടു വിട്ടിരിക്കുന്നു.

6. പഞ്ചമി.

327. ഒടു, ഓടു എന്ന പഞ്ചമീപ്രത്യയത്തിന്ന് 'ഒന്നിച്ചു കൂടിയ,' 'ചങ്ങാതി' എന്ന അൎത്ഥം. ഇതു സംസ്കൃതത്തിലേ സഹ, സഹിതം എന്നതിന്നു തുല്യമാകയാൽ പൂൎവ്വവൈയാകരണന്മാർ ഇതിനെ സാഹിത്യവിഭക്തി എന്നു സംജ്ഞ ചെയ്തു. ആൽ, ഓടു എന്ന പ്രത്യയങ്ങളുടെ അൎത്ഥങ്ങൾ സംസ്കൃതതൃതീയക്ക് ഉള്ളതു കൊണ്ട് സാഹിത്യത്തെ തൃതീയയുടെ ഒരു പ്രകാരമായി വിചാരിച്ചു. ഇപ്പോൾ ഇതിനെ ഒരു സ്വതന്ത്രവിഭക്തിയായി വിചാരിച്ചിരിക്കുന്നു.

1. കത്താക്കന്മാരിൽ ഭേദം വിവക്ഷിച്ചാൽ പ്രധാന കത്താവു പ്രഥമയിലും അപ്രധാനകത്താവു പഞ്ചമിയിലും വരും.

അനുജനോടും ഭാൎയ്യയോടും കൂടി രാമൻ കാട്ടിൽ പോയി. ഇവിടെ പോക എന്ന പ്രവൃത്തി രാമനും അനുജനും ഭാൎയ്യയും ചെയ്യുവെങ്കിലും രാമന്നു പ്രാധാന്യം ഉള്ളതു കൊണ്ടു രാമപദം പ്രഥമയിലും ശേഷമുള്ളവ പഞ്ചമിയിലും വന്നിരിക്കുന്നു. സീതക്കും ലക്ഷ്മണന്നും പ്രാധാന്യം കിട്ടാൻ വാക്യം മാററി യെഴുതുക.

2. അന്യന്നു പ്രാധാന്യം കിട്ടാനായി സ്വസ്വാതന്ത്ര്യം ഉപേക്ഷിച്ച കത്താവിനെ ഗുണീഭൂതകത്താവെന്നു പറയും.

രാജാവു സേവകന്മാരോടു കൂടി യാത്രയായി. എന്നതിൽ ഗുണീഭൂതകത്താവാർ?

'ഭാൎയ്യയോടു കൂടി രാമൻ കാട്ടിൽ പോയി'. എന്നതിലെ ക്രിയാവിശേഷണത്തെ കതൃവിശേഷണമാക്കിയാൽ ഭാൎയ്യയോടു കൂടിയ രാമൻ എന്നു മാറും. ഈ നാമവിശേഷണത്തിന്നു പകരം ബഹുവ്രീഹിയേയും തൃതീയാതൽപുരുഷനേയും ഉപയോഗിക്കാം. (i) 'സഭാൎയ്യനായ രാമൻ കാട്ടിൽ പോയി'. (ii) ഭാൎയ്യാസഹിതനായ രാമൻ കാട്ടിൽ പോയി.' ഈ മാററങ്ങളാൽ പ്രാധാന്യവും മാറുന്നതു സൂക്ഷിക്കുക. 'സഭത്തൃകയായ സീത വനത്തിൽ പോയി' എന്നും 'ഭത്തൃസഹിതയായ സീത വനത്തിൽ പോയി' എന്നും പറഞ്ഞാൽ സീതക്കു പ്രാധാന്യം കിട്ടും. സമാസാംഗമായ കത്താവു് അപ്രധാനനാകയാൽ അതും ഗുണീഭൂതമാകുന്നു.

328. 1. ക്രിയയാൽ ഉണ്ടാകുന്ന സാമീപ്യം അല്ലെങ്കിൽ സംയോഗം ഏതിന്നുണ്ടാകുന്നുവോ അതു സംയോഗി. അതു പഞ്ചമിയിൽ വരും.

വാളോടു മുട്ടും. ഗജത്തോടടുത്തു. കുതിരകളെ രഥത്തോടു കെട്ടി. മെയ്യോടു മെയ്യും ഉരുമ്മും. രാജ്യം കമ്പഞ്ഞിയോടു ചേന്നു. നിന്നോടെ വികൃതികൾ നമ്മോടു കൂടാ. ഗംഗ യമുനയോടു ചേരുന്നു. ദൂതിയെ തൂണോടു കെട്ടി.

2. വ്യാപാരം ഫലം എന്നിവയാൽ ഉണ്ടാകുന്ന സംയോഗി കമ്മമായാൽ അതു താഴെ കാണുന്ന ക്രിയകളുടെ കമ്മമായി പഞ്ചമിയിൽ വരും.

അപേക്ഷിക്ക, അയപ്പിക്ക, അത്ഥിക്ക (അഭ്യത്ഥിക്ക, പ്രാത്ഥിക്ക), അറിയിക്ക, ആജ്ഞാപിക്ക, ആദേശിക്ക, ആലോചിക്ക, ഇരക്ക, ഉച്ചരിക്ക, ഉപദേ

ഷിക്ക, ഉണൎത്തുക, ഉരക്ക, ഏകുക, ഓതുക, കഥിക്ക, കല്പിക്ക, കൂറുക, കേൾപ്പിക്ക, കേൾക്ക (= ചോദിക്ക), ഗദിക്ക, ഗ്രഹിപ്പിക്ക, ചൊല്ലുക, ചോദിക്ക, ധരിപ്പിക്ക, നിയോഗിക്ക, പറക, പഠിപ്പിക്ക, ബോധിപ്പിക്ക, ബോധംവരുത്തുക, മന്ത്രിക്ക, മിണ്ടുക, യാചിക്ക, വചിക്ക, വദിക്ക, ശ്രാവിപ്പിക്ക.

ചന്ദ്രശേഖരനോടെല്ലാം ഉണൎത്തിച്ചീടാം. അൻപൊടു നമ്മോടു യാചിച്ചാൽ പത്തമ്പതു കണകൾ തരുന്നുണ്ടിഹ ഞാൻ. രുഗ്മിണിദേവിയോടും ചെന്നറിയിച്ചു. നാരായണനോടെൻ മോഹം ബോധിപ്പിക്കേണം. വാനരവീരരോടറിയിച്ചാൻ ശ്രീരാമൻ. തിരുവടി അവരോടു ചോദ്യം ചെയ്തു.

3. മേൽ പറഞ്ഞ ക്രിയകളുടെ കൃന്നാമങ്ങളോടു ചെയ്ക മുതലായ ധാതുക്കൾ ചേൎന്നുണ്ടാകുന്ന ക്രിയാസമാസങ്ങളുടേയും കൎമ്മം പഞ്ചമിയിൽ വരും.

അവനോടു ചോദ്യം ചെയ്തു. അവനോട് അപേക്ഷ ചെയ്തു.

4. രണ്ടു വസ്തുക്കളുടെ സാമ്യാസാമ്യം നോക്കുന്നതു് അവയെ അടുത്തടുത്തു വെച്ചിട്ടാകയാൽ പഞ്ചമി കാണിക്കുന്ന സംയോഗം തുല്യതയും ആയിരിക്കും.

അവനോടു സദൃശൻ ഇവൻ. നിന്നോടൊപ്പവർ ആർ? നളനോടു തുല്യൻ ധൈൎയ്യത്തിൽ.

5. തുല്യതയാൽ ഉണ്ടാകുന്നതു് ഐക്യം ആകയാൽ സംയോഗിക്കും ആധ്യക്കും അഭേദം ഉണ്ടായി രണ്ടും പ്രഥമയിൽ വരും. (ബാ. 159. 6.)

ശിവൻ ശക്തിയോടു ചേരുന്നു.	അമ്മ കുട്ടിയോടു കൂടി വന്നു.
ശിവൻ ശക്തിയുമായിച്ചേരുന്നു.	അമ്മ കുട്ടിയുമായ്വന്നു.

ഇവിടെ ഉം എന്ന നിപാതം രണ്ടു വാക്യങ്ങളുടെ സമുച്ചയത്തെ ദ്യോതിപ്പിക്കുന്നു.

1. ശിവൻ ശക്തിയായി (പരിണമിച്ചു) ചേരുന്നു. 2. ശക്തി ശിവനായി (പരിണമിച്ചു) ചേരുന്നു.	=	ശിവൻ ശക്തിയുമായിച്ചേരുന്നു.

329. 1. വിയോഗം, വിരോധം മുതലായ അൎത്ഥമുള്ള ക്രിയകളുടെ ഫലം ചേരുന്ന നാമം പഞ്ചമിയിൽ വരും.

വിയോഗം. ബന്ധനത്തോടു വേർവിടുത്തി. നിന്നോടു പിരിഞ്ഞു ഞാൻ. രാഘവനോടു വിയോഗം.

വിരോധം. അവരോടു യുദ്ധം ചെയ്തു. രാജാവോടു മറുത്തു. ശത്രുവിനോടു വിരോധം ചെയ്തു. ശത്രുക്കളോടു ജയിച്ചു നന്നായി.

2. വാങ്ങുക എന്ന അൎത്ഥമുള്ള ക്രിയകളുടെ കൎമ്മത്തിന്റെ സ്വാമി പഞ്ചമിയിൽ വരും.

രാജാവിനോടു മന്ത്രി അനുജ്ഞ വാങ്ങി. എന്നോടു പണം മേടിച്ചു. ചാത്തു രാമനോട്ട് അഞ്ചുറുപ്പിക വായ്പ വാങ്ങി.

330. സാദൃശ്യം, ഉപലക്ഷണം, പ്രകാരം എന്ന അൎത്ഥത്തിലും പഞ്ചമിയെ പ്രയോഗിക്കും.

സാദൃശ്യം. നളനോടു തുല്യൻ, നിന്നോട്ട് ഒപ്പവർ ആർ?

ഉപലക്ഷണം. ചിറകോടു കൂടിയതു പക്ഷി, തപസ്സോടു കൂടിയവൻ താപസൻ.

പ്രകാരം. ധൈൎയ്യത്തോടു പറ, വേഗത്തോട്ട് എത്തി, നലമോടു ചെന്നാൽ മകനോടു.

7. ഷഷ്ഠി.

331. ഷഷ്ഠി ക്രിയകളോട്ട് അന്വയിക്കാത്തതു കൊണ്ട് അതു കാരകവിഭക്തിയല്ല. ഒന്നിച്ചു, ഒരുമിച്ചു, കൂടേ, കൂട, അടുക്കേ, അരികേ മുതലായ ഗതികളോടു ചേരുന്നുണ്ടെങ്കിലും ഇവ ക്രിയകളല്ല.

ഷഷ്ഠി നാമവിശേഷണമാകുന്നുവെങ്കിലും അതിന്നു ഇതരവിശേഷണങ്ങളെപ്പോലെ രൂപഭേദമില്ല. വിശേഷണം ധൎമ്മിക്കും ധൎമ്മത്തിന്നും തമ്മിലുള്ള ഭേദാഭേദങ്ങളെപ്പറയുന്നതിൽ പൎയ്യവസിക്കുന്നുവെങ്കിലും ഷഷ്ഠി സൎവ്വവിധസംബന്ധങ്ങളേയും സ്ഥാപിക്കുന്നു. ഷഷ്ഠിക്കു നൂറൎത്ഥമുണ്ടെന്നു മഹാഭാഷ്യം പറയുന്നതിന്റെ താല്പൎയ്യം ഷഷ്ഠി ദ്യോതിപ്പിക്കുന്ന സംബന്ധങ്ങളെ പരിഗണിച്ചു കൂടാ എന്നു തോന്നുന്നു. ഈ അൎത്ഥങ്ങളെയെല്ലാം ഉദാഹരിച്ചു മഹാഭാഷ്യത്തിൽ കാണുന്നില്ല.

1. ഷഷ്ഠി വിശേഷണമാകയാൽ അതിന്റെ അൎത്ഥം കാണിപ്പാൻ സംസ്കൃതത്തിൽ തദ്ധിതങ്ങളേയും പ്രയോഗിക്കും.

ശാസ്ത്രത്തിന്റെ ക്രമം — ശാസ്ത്രീയമായ ക്രമം — ശാസ്ത്രക്രമം. വിഷ്ണുവിന്റെ അസ്ത്രം — വൈഷ്ണവമായ അസ്ത്രം — വൈഷ്ണവാസ്ത്രം. യമുനയുടെ തീരം — യാമുനതീരം. ഗംഗോദകം — ഗാംഗോദകം. സിംഹത്തിന്റെ ഭൃതി —

സൈംഹിയായ ധൃതി. വൃക്ഷത്തിന്റേതു — വാൎക്ഷം. തൃണത്തിന്റേതു — താൎണ്ണം. ഭാരവിന്റേതു ഭാരവം.

2. രണ്ടു നാമങ്ങൾ തമ്മിലുള്ള സംബന്ധം ഷഷ്ഠി കാണിക്കും. സംബന്ധങ്ങളിൽ (a) ജന്യജനകഭാവം, (b) അംഗാംഗിഭാവം, (c) ഗുണിഗുണഭാവം, (d) സ്വസ്വാമിഭാവം, (e) വിഷയിവിഷയഭാവം, (f) കുലസംബന്ധം, (g) ഗുരുശിഷ്യഭാവം, (h) ജാതിസംബന്ധം, (i) വികാരസംബന്ധം. എന്നിവ മുഖ്യമായവയാകുന്നു.

a. ജന്യജനകഭാവം.—'ദശരഥന്റെ പുത്രൻ രാമൻ' ഇതിൽ ദശരഥൻ ജനകനും രാമൻ ജന്യനും ആകുന്നു. 'രാമന്റെ അച്ഛൻ ദശരഥൻ.' 'സീതയുടെ അമ്മ ഭൂദേവി.' 'ഭൂദേവിയുടെ പുത്രി സീത.'

b. അംഗാംഗിഭാവം.— ശരീരത്തിന്റെ (അംഗിയുടെ) അവയവം (അംഗം). കാലിന്റെ വിരൽ. മരത്തിന്റെ ഫലം. പശുവിന്റെ പാൽ. പോത്തിന്റെ കൊമ്പു. ക്രഷ്ണന്റെ ചിത്തം. സാധുവിന്റെ മനസ്സ്.

c. ഗുണിഗുണഭാവം.— രാമന്റെ (ഗുണിയുടെ) ശൌൎയ്യം (ഗുണം). കൃഷ്ണന്റെ സാമൎത്ഥ്യം. ഈശ്വരന്റെ മാഹാത്മ്യം. ജലത്തിന്റെ ശൈത്യം. വായുവിന്റെ ഉഷ്ണം. പാട്ടിന്റെ മാധുൎയ്യം. ജനങ്ങളുടെ മോഹം. കത്തിയുടെ മൂൎച്ച.

d. സ്വസ്വാമിഭാവം.— രാജാവിന്റെ (സ്വാമിയുടെ) ധനം (സ്വം). രാമന്റെ സാരഥി. കൃഷ്ണന്റെ രഥം. വിഷ്ണുവിന്റെ ചക്രം. സൈനികന്റെ ആയുധം. കുട്ടിയുടെ പുസ്തകം. ഭാൎയ്യയുടെ വസ്ത്രം. പാണ്ഡവരുടെ രാജ്യം.

e. വിഷയിവിഷയഭാവം.— ഉദ്യപ്തികയുടെ വാക്കു. ധനത്തിന്റെ വാദം.

f. കുലസംബന്ധം.— രാമന്റെ അളിയൻ, ലക്ഷ്മണന്റെ ഭാൎയ്യ.

g. ഗുരുശിഷ്യഭാവം.— വസിഷ്ഠരുടെ ശിഷ്യൻ.

h. ജാതിസംബന്ധം.— ആനകളുടെ കൂട്ടം. മനുഷ്യരുടെ സമൂഹം. സൈനികന്മാരുടെ വ്യൂഹം.

കൂടിയ മനുഷ്യൎക്കും കൂട്ടത്തിന്നും ഭേദമില്ലായ്കയാൽ ഈ ഷഷ്ഠി അഭേദഷഷ്ഠിയാകുന്നു.

രാഹുവിന്റെ ശിരസ്സ്. വിഷ്ണുവിന്റെ ബിംബം, ബുദ്ധന്റെ വിഗ്രഹം.

i. **വികാരസംബന്ധം.** — പൊന്നിന്റെ വള, വെള്ളിയുടെ കിണ്ണം, ഓട്ടിൻ പാത്രം, മരത്തിന്റെ വേലി.

ശബ്ദമണിദർപ്പണത്തിൽ ഉദാഹരിച്ച ഷഷ്ഠിയുടെ പതിനൊന്നു പ്രയോഗങ്ങളിൽ ലക്ഷണസംബന്ധം, സന്നിധാനസംബന്ധം, സംസ്പൃശ്സംബന്ധം, സംബന്ധസംബന്ധം, ശേഷസംബന്ധം, സ്ഥലസംബന്ധം എന്നിവയെ ഇവിടെ ഉദാഹരിച്ചിട്ടില്ല. ലക്ഷണസംബന്ധം – തൊപ്പിയുടെ മനുഷ്യൻ — എന്ന കർണ്ണാടകപ്രയോഗം ഭാഷയിൽ നടപ്പില്ല. തൊപ്പിയുള്ള, തൊപ്പി ധരിച്ച, തൊപ്പിയോടു കൂടിയ എന്നാണു ഭാഷാപ്രയോഗം. സാമീപ്യത്തെയാണു സന്നിധാനസംബന്ധം എന്നു പറയുന്നതു. ചിറയുടെ ഓവു, ഊരിന്റെ മുമ്പു. ഇതിനെ അംഗാംഗിഭാവത്തിൽ ചേർക്കാം. കളത്തിന്റെ തളിർ എന്നു കർണ്ണാടകപ്രയോഗം സംസ്പൃശ്സംബന്ധത്തിന്നുദാഹരണം. ഭാഷയിൽ കളത്തിലേ തളിർ എന്നു പറയുന്നതു കൊണ്ടു ഭാഷാഷഷ്ഠിക്കു സംസ്പൃശാർത്ഥമില്ല. അനേക ഷഷ്ഠ്യന്തങ്ങൾക്കു തമ്മിലുള്ള സംബന്ധം ആകുന്നു സംബന്ധസംബന്ധം. ബ്രഹ്മാവിന്റെ പൌത്രന്റെ പുത്രൻ. ഇതിനേയും സ്വീകരിക്കേണമെന്നില്ല. ഈ രണ്ടു നാമങ്ങളെ മാത്രം എടുത്തു സംബന്ധം നിർണ്ണയിക്കേണ്ടതാകയാൽ ആയതിനെ മുൻപറഞ്ഞവയിൽ അടക്കാം. അളവിന്റെ ബാക്കി — അളന്നു ശേഷിച്ചതു് എന്ന അർത്ഥത്തിൽ വരുന്ന ഷഷ്ഠിയുടെ പ്രയോഗമാകുന്നു ശേഷസംബന്ധം. യുക്തം പോലെ സ്വീകാര്യം. സ്ഥലസംബന്ധം ഭാഷയിൽ സമൃദ്ധിക്കാണുള്ളതു — കർണ്ണാടകം — അടവിയ വാസ = ഭാഷ — അടവിയിലേ വാസം. കാശീയ വാസ — കാശിയിലേ വാസം.

332. 1. ക്രിയാനാമങ്ങളോടു ചേൎന്നു വരുന്ന ഷഷ്ഠി ആ ക്രിയയുടെ കൎത്താവായാൽ അതിനെ കൎത്തൃഷഷ്ഠിയെന്നും കൎമ്മമായാൽ കൎമ്മഷഷ്ഠിയെന്നും പറയും (201).

കൎത്തൃഷഷ്ഠി. — രാമന്റെ വരവു. കൃഷ്ണന്റെ യാത്ര. ബ്രാഹ്മണരുടെ ഭോജനം. രാജാവിന്റെ കല്പന.

കൎമ്മഷഷ്ഠി. — രാവണന്റെ വധം. പാണ്ഡവന്മാരുടെ നഗരപ്രവേശം. രാമന്റെ അഭിഷേകം, സീതയുടെ വിവാഹം. രാവണന്റെ മാൎഗ്ഗണം.

2. കൎത്താവും കൎമ്മവും അല്ലാത്ത ഷഷ്ഠിയെല്ലാം വിശേഷണഷഷ്ഠിയാകുന്നു. വിശേഷ്യവിശേഷണങ്ങൾക്കു തമ്മിലുള്ള സംബന്ധം അനേകപ്രകാരമാകുന്നതു കൊണ്ടു ഷഷ്ഠ്യൎത്ഥത്തെ വിഭാഗിക്കേണ്ടി വരുന്നു.

8. സപ്തമി.

333. 1. ക്രിയാവ്യാപാരത്തിൻെറ ആധാരമായ അധികരണം സപ്തമിയിൽ വരും.

നാം കേരളത്തിൽ വസിക്കുന്നു. അവർ പാഠശാലയിൽ പഠിക്കുന്നു. ശൂരന്മാർ പോർക്കളത്തിൽ യുദ്ധം ചെയ്യുന്നു.

2. ഔപശ്ലേഷികം, അഭിവ്യാപകം, വൈഷയികം എന്ന് അധികരണം മൂന്നു വിധം.

വ്യാപാരം അധികരണത്തിൻെറ ഒരു ഭാഗത്തിൽ നടക്കുന്നുവെങ്കിൽ അതു് ഔപശ്ലേഷികം. കപ്പലിൽ കയറി. ഗിരിശിഖരത്തിൽ എത്തി. കിടക്കയിൽ കിടന്നു. തോണിയിൽ ഇരുന്നു. നിലത്തിൽ വീണു. കഴുത്തിൽ മാല ഇട്ടു. പായിലിരുന്നു. പുഴയിൽ വീണു.

വ്യാപാരം അധികരണത്തിലെല്ലാം വ്യാപിച്ചാൽ അതു് അഭിവ്യാപകം ആകും. വെള്ളത്തിൽ പഞ്ചസാര കലക്കി. ശരീരത്തിൽ ചോരയുണ്ടു. സൂര്യപ്രകാശം ജഗത്തിൽ വ്യാപിച്ചിരിക്കുന്നു. എള്ളിൽ എണ്ണ. പാലിൽ വെണ്ണ. പാത്രത്തിൽ വെള്ളം നിറച്ചു.

വിഷയം, സംബന്ധം എന്നത്ഥമുള്ള അധികരണം **വൈഷയികം.** മോക്ഷത്തിൽ ആഗ്രഹം (മോക്ഷവിഷയമായ ആഗ്രഹം), ധനത്തിൽ ആശ. ഈശ്വരങ്കൽ ഭക്തി. ബ്രഹ്മചര്യത്തിൽ ഏകനിഷ്ഠ. പഠിപ്പിൽ ഉത്സാഹം. പുത്രനിൽ വാത്സല്യം.

മനോവികാരങ്ങൾ ഫലിക്കുന്ന അധികരണത്തെ വൈഷയികമെന്നു പറയും. രാമനിൽ പ്രീതി. ഈ അത്ഥത്തിൽ പഞ്ചമിയും വരും. രാമനോടു് ഇഷ്ടം, സ്നേഹം, കോപം ഇത്യാദി. രാമൻെറ പേരിൽ സ്നേഹം എന്നും രാമനെക്കുറിച്ചുള്ള സ്നേഹം എന്നും രാമനെ സ്നേഹം എന്നും പറയും.

3. താരതമ്യം, കാലം, പ്രകാരം, നിദ്ധാരണം, എന്നീ അത്ഥത്തിൽ സപ്തമി വരും.

താരതമ്യം.— ഗൃഹത്തിലിരിക്കയിൽ മരിക്ക നല്ലു. ലക്ഷത്തിൽ പരം പുരുഷന്മാർ. കവികളിൽ വെച്ചു കാളിദാസൻ ശ്രേഷ്ഠൻ.

കാലം.— യാഗത്തിങ്കൽ പാടി. (= യാഗം കഴിക്കുന്ന സമയം).

പ്രകാരം.— തെളിവിൽ പാടി. ഉച്ചത്തിൽ പറഞ്ഞു, സാവധാനത്തിൽ പ്രസംഗിച്ചു.

നിദ്ധാരണം.— നാലുപേരിലും മുമ്പൻ രാമൻ. വമ്പരിൽ മുമ്പൻ. ഗുഹ്യങ്ങളിൽ വെച്ചു് അതിഗുഹ്യം.

334. 1. ഗതികൾ ചേരുന്ന വിഭക്തികളെ പ്രത്യേകവിഭക്തികളായി വിചാരിക്കാത്തതു കൊണ്ടു സപ്തമിയോടു 'നിന്നു' ചേർന്നുണ്ടായ യോഗത്തെ പഞ്ചമീവിഭക്തിയായിയെടുക്കേണമെന്നില്ല. എന്നാൽ സംസ്കൃതപഞ്ചമിയുടെ ചില അർത്ഥങ്ങൾ ഈ യോഗത്തിന്നുള്ളതു കൊണ്ടു പൂർവ്വവൈയാകരണന്മാർ ഇതിനെ ഒരു വിഭക്തിയായി സ്വീകരിച്ചുവെന്നേയുള്ളു.

2. അന്യഭാഷയിൽ പാണ്ഡിത്യം സിദ്ധിപ്പാൻ ഇച്ഛിക്കുന്നവനു സ്വഭാഷാവ്യാകരണത്തിന്റെ ആവശ്യം നേരിടുന്നു. കേരളീയർ സംസ്കൃതം പഠിപ്പാൻ ചെയ്യു വ്യവസ്ഥ അതിശ്ലാഘനീയമാകുന്നു. പദച്ഛേദം, അന്വയം, അന്വയാർത്ഥം, പരിഭാഷ, ഭാവാർത്ഥം എന്ന ക്രമത്തിൽ അവർ സംസ്കൃതം പഠിപ്പിക്കും. ഈ വിധമായ ഒരു പാഠനക്രമം ഇംഗ്ലീഷു പഠിക്കുന്നവർ അവലംബിച്ചാൽ എത്ര ഗുണപ്രദമാകും (23).

3. അന്വയാർത്ഥം പറയുമ്പോൾ അവർ പ്രത്യയാർത്ഥങ്ങളെ മാത്രം പറയും. ഇതിന്നനുസരിച്ചു പഞ്ചമിയുടെ അർത്ഥം പറയുമ്പോൾ ഭാഷയിലേ സപ്തമിയോടു നിന്നു ചേർത്തു് അർത്ഥം പറയുന്നതു കൊണ്ടു് അവർ നിന്നു എന്ന ഗതിയോടു കൂടിയ സപ്തമിയെ പഞ്ചമി എന്നു സംജ്ഞ ചെയ്തു. അവർ സംസ്കൃതവ്യാകരണത്തിന്നു് അനുകൂലമായി ഭാഷാവ്യാകരണത്തെ ഉപപാദിച്ചു. ഇപ്പോൾ ഇംഗ്ലീഷുഭാഷക്കു പ്രാധാന്യം ഏറിയതു കൊണ്ടു ഭാഷാവ്യാകരണത്തെ ഇംഗ്ലീഷു വ്യാകരണത്തിന്നു് അനുരൂപമായ സാധർമ്മ്യവൈധർമ്മ്യങ്ങളെ കാണിപ്പാൻ വേണ്ടി ഉപപാദിക്കേണ്ടി വന്നിരിക്കുന്നു. എന്നാൽ രണ്ടു ഭാഷകളേയും താരതമ്യപ്പെടുത്തി സാമ്യാസാമ്യങ്ങളെ ഗ്രഹിച്ചു ഭാഷാതത്വങ്ങളെ വിവേചിച്ചറിവാനുള്ള മാർഗ്ഗങ്ങളെ നിർഭാഗ്യവശാൽ സ്കൂളുകളിൽ ആദരിക്കാത്തതു കൊണ്ടു വിദ്യാർത്ഥികൾക്കു രണ്ടു ഭാഷകളിലും തുല്യമായ വൈദഗ്ദ്ധ്യം സിദ്ധിക്കുന്നില്ല. രണ്ടു ഭാഷകളുടേയും വ്യാകരണങ്ങളെ ഉപേക്ഷിച്ചു കളഞ്ഞു് അവർ വളരെ കഷ്ടനഷ്ടങ്ങൾ സഹിക്കുന്നു.

യാഗഭൂമിയിൽ നിന്നു ജനിച്ച സീത. പാദതലത്തിൽ നിന്നുണ്ടായി ശൂദ്രജാതി.

4. കൽ എന്ന സപ്തമീപ്രത്യയത്തോടും 'നിന്നു' ചേരും.

മോഹങ്ങൾ മാനസത്തിങ്കൽ നിന്നു കളക. ചന്ദ്രങ്കൽ നിന്നു ആതപം ജ്വലിച്ചതോ?

5. മററു ഗതികളുടെ പിന്നിൽ 'നിന്നു' വരും.